# പഞ്ചായത്ത് രാജ്

പുസ്തകം 49 ◆ ലക്കം 6
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
സെപ്റ്റംബർ 2009

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ

## 50:50

## എല്ലാവർക്കും വീട്
## എല്ലാവർക്കും തൊഴിൽ
## ജനകീയ ക്യാമ്പയിൻ








# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 എല്ലാവർക്കും വീട്
എല്ലാവർക്കും തൊഴിൽ
ജനകീയ ക്യാമ്പയിൻ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 പഞ്ചായത്ത് നിയമഭേദഗതി
അധികാര വികേന്ദ്രീകരണത്തിലും
ഒരുപടി മുന്നോട്ട്
പാലോളി മുഹമ്മദ്കുട്ടി

10 ഇനി സ്ത്രീകൾ പാതി സീറ്റിനുടമകൾ
ഡോ.ടി.എൻ.സീമ



12 വനിത സംവരണം
സ്ത്രീ-പുരുഷ തുല്യത
ബീന സണ്ണി

14 സ്ത്രീ സംവരണം
സാമൂഹ്യമാറ്റത്തിന്
ലതികാ സുഭാഷ്

16 തദ്ദേശഭരണ സംവിധാനത്തിൽ 50:50
ഏലിയാമ്മ വിജയൻ




19 കായിക ഗ്രാമപഞ്ചായത്തായി
അന്നമനട
അഡ്വ.എം.കെ.ഹക്ക്





20 ക്ഷീരശ്രീ
കെ. വിനോദ്കുമാർ

22 വിദ്യാലയ പ്രവർത്തനങ്ങളിൽ
പഞ്ചായത്തുകളുടെ ഇടപെടൽ



24 നോവൽ ഇൻഫ്ളുവൻസ-
പന്നിപ്പനി
ഡോ.ജോസ്മോൻ ജോർജ്

27 ദേശീയ തൊഴിലുറപ്പു പദ്ധതി
അടുത്ത ചുവടുകൾ
ഡോ.പി.പി. ബാലൻ

30 ഗ്രാമങ്ങളും പ്രാദേശിക
ചരിത്രരചനയും
പി.കെ.രാജഗോപാൽ അഷ്ടമുടി

32 ഫ്രണ്ട് ഓഫീസ് സംവിധാനം
ജില്ലാതല പ്രഖ്യാപനങ്ങൾ
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

34 അധികാര വികേന്ദ്രീകരണ
ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

35 മാഞ്ഞുപോകുന്ന കാഴ്ചയെക്കുറിച്ച്
പത്തിയൂർ ശ്രീകുമാർ

36 ജനകീയ കുടിവെള്ള പദ്ധതി
ജി.പത്മകുമാർ

39 കാട്ടാമ്പള്ളി കൂട്ടായ്മ
എ.വി. പ്രകാശൻ നടുവിൽ



40 കുടുംബശ്രീയുടെ ഹരിതശ്രീ
ജെസി നാരായണൻ

42 വാർത്തകൾ വിശേഷങ്ങൾ



# കത്തുകൾ

### തെറ്റിദ്ധാരണ മാറണം

ആഗസ്റ്റ് ലക്കം പഞ്ചായത്ത്‌രാജ് മാസികയിൽ ശ്വാനസംരക്ഷണ ചട്ടങ്ങൾ സംബന്ധിച്ച് എൻ. സുരാജിന്റെ ലേഖനം പല സംശയങ്ങളും ദുരീകരിക്കുന്നതായിരുന്നു. തെരുവ് നായ്ക്കളെ നശിപ്പിക്കുവാനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരമെന്ന് തെറ്റിദ്ധരിച്ച പൊതുജനങ്ങളാണ് ഏറെയും. അതനുസരിച്ചുള്ള പ്രതികരണങ്ങളും പ്രതിഷേധങ്ങളും ഉണ്ടാകാറുണ്ട്. ഈ സാഹചര്യത്തിൽ ശ്വാനസംരക്ഷണം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള വിവരണം തികച്ചും ഉചിതമായി. എല്ലാ ജനപ്രതിനിധികളും ഇതു മനസ്സിലാക്കുകയും ജനങ്ങളിലെത്തിക്കുകയും ചെയ്യുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കുറ്റം പറയുന്നത് ഒരു പരിധിവരെയെങ്കിലും അവസാനിക്കുമെന്ന് പ്രതീക്ഷിക്കാം.

*ബിനു.വി, പാലക്കുഴി വീട്*
*കൂത്താട്ടുകുളം*

### ഗ്രാമക്കാഴ്ചകൾ കൗതുകമുണർത്തി

തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ എന്ന പരമ്പര നല്ലൊരു യാത്രാവിവരണമായിരുന്നു. എന്നാൽ തമിഴ്നാട്ടിലെ മറ്റ് ജില്ലകളെയും, ടൂറിസ്റ്റ് സെന്ററുകളെയും കുറിച്ച് കൂടുതൽ വിവരം നൽകാമായിരുന്നു. എങ്കിലും പരിചയപ്പെടുത്തിയ ജില്ലകളിലെയും ഗ്രാമങ്ങളിലെയും വിശേഷങ്ങൾ തമിഴ്നാട് കാണാത്ത എന്നെപോലുള്ളവർക്ക് വളരെ കൗതുകമുണർത്തുന്നതായിരുന്നു. ബസ് റൂട്ടുകളടക്കമുള്ള വഴി പരിചയപ്പെടുത്തിയത് ഉപകാരപ്രദമായി. സുനാമിയെപ്പറ്റിയുള്ള വിവരണം മറന്നുകൊണ്ടിരുന്ന ഭീകരതയെ ഉണർത്തുന്നതിനിടയാക്കി. മറ്റൊരു സംസ്ഥാനത്തെ പരിചയപ്പെടുത്തുന്ന രീതിയിലുള്ള ഇത്തരം ലേഖനങ്ങൾ ഉൾക്കൊള്ളിച്ച പഞ്ചായത്ത്‌രാജ് പത്രാധിപകർക്ക് പൂച്ചെണ്ടുകൾ.

*ബാബു, ജീസ് ഭവൻ*
*കവണാറ്റിൻകര, കോട്ടയം*

### അക്കൗണ്ടന്റ്: ഭീതി മാറി

പഞ്ചായത്ത് രാജ് മാസികയുടെ ആഗസ്റ്റ് ലക്കത്തിൽ ഉദയഭാനു കണ്ടേത്ത് രചിച്ച ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റ്: ചുമതലകളും ഉത്തരവാദിത്തങ്ങളും എന്ന ലേഖനം പ്രസിദ്ധീകരിച്ചത് സമയോചിതമായി. ഭാരിച്ച ജോലി ഏറ്റെടുക്കേണ്ടി വരുന്ന തസ്തികയാണ് അക്കൗണ്ടന്റ് എന്ന ഭീതി മാറികിട്ടാൻ ലേഖനം പര്യാപ്തമായി. കൃത്യമായും സമയബന്ധിതമായും കണക്കുകൾ എഴുതി തയ്യാറാക്കി കുടിശ്ശിക വരുത്താതെയിരുന്നാൽ പഞ്ചായത്തുകളിൽ പൂർണ്ണമായ മാനസിക സംതൃപ്തി ലഭ്യമാകുന്ന പോസ്റ്റാണ് അക്കൗണ്ടന്റ്. അക്കൗണ്ടന്റിന്റെ ഉത്തരവാദിത്തം സംബന്ധിച്ച പൂർണ്ണമായ ധാരണ അക്കൗണ്ടന്റുമാർക്കൊപ്പം പഞ്ചായത്ത് സമിതിക്കും മറ്റ് ഉദ്യോഗസ്ഥർക്കും ഉണ്ടാവേണ്ടതുണ്ട്. എങ്കിൽ മാത്രമേ ബജറ്റിനു വിധേയമായ ചെലവ് നിർവഹിക്കുന്ന കാര്യത്തിലൊക്കെ അക്കൗണ്ടന്റുമാർക്ക് ചുമതലാ നിർവഹണം നടത്തുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തുകളിൽ താമസിയാതെ പുതിയ അക്കൗണ്ടിംഗ് രീതി നടപ്പാക്കുന്നതായും ലേഖനത്തിൽ എഴുതിയിരുന്നു. ഇതിനെക്കുറിച്ചുള്ള പഠനസഹായിയായ ഒരു ലേഖനപരമ്പര പഞ്ചായത്ത്‌രാജ് മാസികയിൽ പ്രതീക്ഷിക്കുന്നു.

*ജ്യോതി. സി, മണിമംഗലം, കായംകുളം*

### ഉൾക്കാഴ്ച നൽകി

കഴിഞ്ഞ കുറച്ചുകാലങ്ങളായി പഞ്ചായത്ത് രാജ് മാസിക മികവു പുലർത്തുന്നുവെന്ന കാര്യം അറിയിക്കുന്നു. വികസനത്തിന് തയ്യാറാകുന്ന ജമ്മു കാശ്മീർ ഗ്രാമങ്ങളെക്കുറിച്ച് ഡോ. പി. പി. ബാലൻ എഴുതിയ ലേഖനം ഇന്ത്യയുടെ വടക്കേ അറ്റത്ത് നടക്കുന്ന താഴെത്തട്ടിലെ ജനാധിപത്യപ്രവർത്തനങ്ങളെ കുറിച്ച് ഉൾക്കാഴ്ച നൽകി. 'അധികാര വികേന്ദ്രീകരണ ചർച്ചാവേദിയിൽ നിന്ന്' എന്ന പംക്തിയും ധാരാളം അറിവുകൾ നൽകുന്നുവെന്നും അറിയിക്കുന്നു. പഞ്ചായത്ത്‌രാജിന്റെ ശില്പികൾക്ക് എല്ലാ ആശംസകളും.

*മുഹമ്മദ് എം., സീമാ മൻസിൽ*
*കൂട്ടിലങ്ങാടി, മലപ്പുറം*

## രാജ്ഭവനിൽ ജൈവപച്ചക്കറികൃഷി വിളവെടുപ്പ് നടത്തി



*രാജ്ഭവൻ വളപ്പിൽ നടത്തിയ ജൈവപച്ചക്കറി കൃഷിയുടെ ഔപചാരികമായ വിളവെടുപ്പ് ഗവർണർ ആർ.എസ്. ഗവായി നിർവ്വഹിക്കുന്നു.*

രാജ്ഭവൻ വളപ്പിൽ അഞ്ച് ഏക്കറോളം സ്ഥലത്ത് നടത്തിയ ജൈവപച്ചക്കറി കൃഷിയുടെ ഔപചാരികമായ വിളവെടുപ്പ് നടന്നു. ഗവർണർ ആർ.എസ്. ഗവായി, ഗവർണറുടെ പത്നി ഡോ. കമാൽതായ് ഗവായി, മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ പാലോളി മുഹമ്മദ്കുട്ടി, എം.വിജയകുമാർ, മുല്ലക്കര രത്നാകരൻ, മേയർ സി. ജയൻബാബു, ചീഫ് സെക്രട്ടറി നീലാ ഗംഗാധരൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു. 2009 ഫെബ്രുവരിയിൽ ആരംഭിച്ചതാണീ പച്ചക്കറികൃഷി. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കിയത്. കവടിയാർ വാർഡിൽ നിന്നും തെരഞ്ഞെടുത്ത പത്ത് കുടുംബശ്രീ പ്രവർത്തകരുൾപ്പെടുന്ന രാജശ്രീ യൂണിറ്റിനാണ് കൃഷിയുടെ ചുമതല. ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറിയുടെ 25 ശതമാനം രാജ്ഭവനിലെ ഉപയോഗത്തിനെടുക്കുകയും ബാക്കി കുടുംബശ്രീ യൂണിറ്റുകളിലൂടെ വിൽക്കുകയും ചെയ്യും. വാഴ, കപ്പ, ചീര, പടവലം, ചേന, പയർ, വഴുതനങ്ങ, മുളക് തുടങ്ങി പതിനഞ്ചോളം ഇനങ്ങളാണ് കൃഷിചെയ്യുന്നത്.


**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

സെപ്റ്റംബർ 2009
പുസ്തകം 49
ലക്കം 6
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്

**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


*എഡിറ്ററുടെ പേജ്*

# നിയമഭേദഗതികൾ: പഞ്ചായത്തുകളുടെ ശാക്തീകരണത്തിന്

**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം വീണ്ടും ഭേദഗതി ചെയ്തിരിക്കുകയാണ്. 1999ൽ അധികാരവികേന്ദ്രീകരണ കമ്മിറ്റിയുടെയും (സെൻകമ്മിറ്റി) ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെയും തെരഞ്ഞെടുപ്പ് കമ്മീഷന്റെയും ശുപാർശകളുടെ അടിസ്ഥാനത്തിൽ ആകെയുള്ള 285 വകുപ്പുകളിൽ നൂറ്റിയഞ്ചോളം വകുപ്പുകൾ സമഗ്രമായി ഭേദഗതി ചെയ്തിരുന്നു. 2000, 2001, 2005 എന്നീ വർഷങ്ങളിലും ഈ നിയമം ഭേദഗതി ചെയ്തിരുന്നുവെങ്കിലും 1999 നുശേഷം വിപുലമായ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ അധികാരങ്ങൾ നിർവഹിക്കുന്നതിനും വേണ്ട ശക്തമായ നിയമ പിൻബലം ലഭിച്ചിരിക്കുന്നത് 2009 ലെ ഭേദഗതികളിലൂടെയാണ്.

നിയമത്തിലെ 20 വകുപ്പുകളാണ് പുതിയതായി ഭേദഗതി ചെയ്തിരിക്കുന്നത്. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ അംഗസംഖ്യാ വർദ്ധനവ്, ത്രിതല പഞ്ചായത്തുകളിലെ അംഗസംഖ്യയുടെ അമ്പതു ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യൽ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളുടെ അമ്പതു ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യൽ, ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസുകളിലും നിക്ഷേപിക്കുന്നവർക്ക് ശിക്ഷ, ഗ്രാമപഞ്ചായത്തുകളിലെ കെട്ടിടനികുതി നിർദ്ദേശങ്ങൾ, നികുതി, ഉപനികുതി എന്നിവ ഒഴിവാക്കുന്നതിനുള്ള അധികാരം, സർചാർജ്ജ് ചുമത്തൽ, നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ നിയന്ത്രണം, വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നവരെ അയോഗ്യരാക്കൽ, തെരഞ്ഞെടുപ്പ് പ്രചരണ കാലാവധി ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകൾക്ക് സമാനമായി ഇരുപത് ദിവസത്തിൽ നിന്നും പതിനാല് ദിവസമായി കുറയ്ക്കുക തുടങ്ങിയവയാണ് പുതിയ ഭേദഗതികൾ.

ഭേദഗതികളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്ത്രീസംവരണം അമ്പത് ശതമാനമായി ഉയർത്തുന്ന വ്യവസ്ഥ രാഷ്ട്രീയ സാമൂഹിക രംഗത്ത് പുരോഗമനപരമായ മാറ്റങ്ങൾക്ക് ഇടയാക്കുമെന്ന് മാത്രമല്ല തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീക്ക് തുല്യപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും. അംഗങ്ങളുടെ ആകെ എണ്ണം ഭിന്നസംഖ്യയായി വരുന്നയിടങ്ങളിൽ സ്ത്രീകളുടെ എണ്ണം തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തിയിരിക്കുന്നത് തത്വത്തിൽ വനിത ജനപ്രതിനിധികളുടെ എണ്ണം 2010 ലെ തെരഞ്ഞെടുപ്പോടെ അമ്പത് ശതമാനത്തിലേറെയായി ഉയർത്തും. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിലുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കു പുറമേ പുതുതായി വ്യവസ്ഥ ചെയ്യുന്ന 'ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി' നിലവിൽ വരുന്നതോടെ പൊതുജനാരോഗ്യം, ശുചീകരണം, വിദ്യാഭ്യാസം, സംസ്ക്കാരം, വിനോദം തുടങ്ങിയ മേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാധിക്കും. തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിനാണ് മറ്റൊരു പ്രധാന വ്യവസ്ഥ. നികുതി നിർണ്ണയ സമ്പ്രദായത്തിൽ നിലനില്ക്കുന്ന അഴിമതി വലിയൊരളവുവരെ തടയുന്നതിനും നികുതി നിർണ്ണയത്തിന് സംസ്ഥാനത്തൊട്ടാകെ ഒരു ഏകീകൃത സ്വഭാവം കൈവരിക്കുന്നതിനും ഇത് വഴിയൊരുക്കും. യഥാസമയം ഒടുക്കാത്ത നികുതിക്ക് പ്രതിമാസം രണ്ട് ശതമാനം എന്ന നിരക്കിൽ ഉണ്ടായിരുന്ന പിഴ ഒരു ശതമാനമായി കുറവ് ചെയ്തത് നികുതിദായകന് ആശ്വാസമേകും. ജലാശയത്തിലും ജലസ്രോതസുകളിലും ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിച്ച് മലിനമാക്കുന്നവർക്ക് ശിക്ഷ വ്യവസ്ഥ ചെയ്യുന്ന വകുപ്പ് പുതുതായി ഉൾക്കൊള്ളിച്ചത് അവയെ പ്രകൃതിദത്തമായി സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നിയമപരമായി ബാദ്ധ്യസ്ഥമാക്കും.

73,74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് നിർമ്മിച്ച സംസ്ഥാന നിയമങ്ങളിൽ വെച്ച് ഏറ്റവും ദൃഢവും സുശക്തവമായ നിയമമാണ് കേരള പഞ്ചായത്ത് രാജ് നിയമമെന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാകാൻ സാദ്ധ്യതയില്ല. മറ്റ് സംസ്ഥാന നിയമങ്ങളിൽ പ്രാദേശിക സർക്കാരുകളുടെമേൽ സംസ്ഥാന സർക്കാരിനും അതിന്റെ ഉദ്യോഗസ്ഥർക്കുമുള്ള നിയന്ത്രണാധികാരം ഏറിയും കുറഞ്ഞും ഇരിക്കുന്നു . ഇതിൽ നിന്നെല്ലാം വിഭിന്നമായി ഭരണഘടന അനുശാസിക്കുന്ന അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ പ്രകടമായ ദൃഷ്ടാന്തമാണ് 2009 ലെ ഭേദഗതികൾ.



## പതിനൊന്നാംപദ്ധതി ജനകീയാസൂത്രണം

# എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിൻ

അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന് രണ്ട് വർഷംകൊണ്ട് പൂർത്തിയാക്കുന്ന 'എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിൻ പരിപാടിക്ക് തുടക്കമായി. സെപ്റ്റംബർ 16–ാം തീയതി തിരുവനന്തപുരം വി.ജെ. ടി. ഹാളിൽ നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പരിപാടി ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ പ്രഥമ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമായും, എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുന്ന സംസ്ഥാനമായും കേരളത്തെ മാറ്റുന്ന പദ്ധതിക്കാണ് തുടക്കം കുറിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കവെ പറഞ്ഞു. എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി ഒരു തുണ്ട് ഭൂമി, കേറിക്കിടക്കുവാൻ വീട്, വൈദ്യുതി, വെള്ളം, തൊഴിൽ തുടങ്ങിയവ 2011 ഓടെ സംയോജിത പ്രവർത്തനത്തിലൂടെ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനുള്ള ഗുണഭോക്താക്കളെ കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുക്കുന്നതിനും, മറ്റ് സഹായങ്ങൾ നൽകുന്നതിനുമുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്,അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 2 ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകിയിട്ടുണ്ട്. ഇനി 2 ലക്ഷം കുടുംബങ്ങൾക്ക് വീടും ഒരു ലക്ഷം കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകേണ്ടതുണ്ട്. 75000 രൂപ ജനറൽ വിഭാഗത്തിനും 1 ലക്ഷം രൂപ പട്ടികജാതി വിഭാഗങ്ങൾക്കും 1.25 ലക്ഷം രൂപ പട്ടികവർഗ്ഗവിഭാഗങ്ങൾക്കും ഭവനനിർമ്മാണത്തിനായി നൽകും. ഭൂമി വാങ്ങുന്നതിന് 37500 രൂപ മുതൽ ഒരു ലക്ഷംരൂപവരെ ധനസഹായം നൽകും. ജനകീയാസൂത്രണം ആരംഭിച്ച കാലഘട്ടത്തിലെ പോലെ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള വിഭവങ്ങൾ സമാഹരിച്ച് ഏകോപിപ്പിച്ചായിരിക്കും പദ്ധതി നടപ്പാക്കുന്നത്. പദ്ധതിക്കാവശ്യമായി വരുന്ന തുകയുടെ ഒരു ഭാഗം സംഭാവനയായി സ്വരൂപിക്കും. "ഇ.എം.എസ്. ഭവനനിധി" എന്ന പേരിൽ ഒരു അക്കൗണ്ട് സർക്കാർ ആരംഭിക്കും. ഇതിലേയ്ക്ക് വ്യക്തികളും, സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും ഉദാരമായി സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊപ്പം ബഹുജന പ്രസ്ഥാനങ്ങളെയും സന്നദ്ധസംഘടനകളെയും അണിനിരത്തി ദേശീയ തൊഴിലുറപ്പ് പദ്ധതി ഊർജ്ജിതമായി നടപ്പാക്കും. കുടുംബശ്രീയുടെ ഇടപെടൽ കാർഷികമേഖലയിൽ സജീവമാക്കുമെന്നും മുഖ്യമന്ത്രി കൂട്ടിചേർത്തു.

ജനകീയാസൂത്രണം വീണ്ടും ബഹുജന ക്യാമ്പയിനായി രൂപപ്പെടുകയാണെന്നും കക്ഷിഭേദമന്യേ ജനങ്ങളെയാകെ കണ്ണിചേർക്കാനുതകുന്ന പ്രവർത്തന പരിപാടികളാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളതെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി, ദേശീയ തൊഴിലുറപ്പു പദ്ധതി, കുടുംബശ്രീ എന്നീ മൂന്ന് പ്രധാന മേഖലകളിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ഇ.എം.എസ് പാർപ്പിട പദ്ധതിയിലൂടെ വീടില്ലാത്ത എല്ലാവർക്കും










*എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. മന്ത്രിമാരായ പാലോളി മുഹമ്മദ്കുട്ടി, കടന്നപ്പള്ളി രാമചന്ദ്രൻ, എൻ.കെ. പ്രേമചന്ദ്രൻ, എം.എൽ.എമാരായ വി.ശിവൻകുട്ടി, രവീന്ദ്രനാഥ്, എ.കെ. ശശീന്ദ്രൻ, മേയർ സി.ജയൻബാബു, ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് പി.കെ. കൃഷ്ണദാസ്, പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം.വിജയാനന്ദ്, കില ഡയറക്ടർ എൻ.രമാകാന്തൻ തുടങ്ങിയവർ സമീപം.*

വാസയോഗ്യമായ വീട് നൽകുന്നതിനുള്ള സമഗ്രമായ ഒരു പ്രവർത്തന പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. രണ്ടു ലക്ഷത്തിലേറെ വീടുകൾ ഇതിനകം നിർമ്മിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഭവനരഹിതർക്കെല്ലാം വീട് നൽകുന്നതിനുള്ള ഊർജിത പ്രവർത്തനമാണ് ഇപ്പോൾ ആരംഭിക്കുന്നത്. ഗ്രാമീണ മേഖലയിൽ അവിദഗ്ദ്ധ തൊഴിൽ ചെയ്യാൻ തയ്യാറാകുന്ന മുഴുവൻ ആളുകൾക്കും തൊഴിലും വരുമാനവും പ്രദാനം ചെയ്യുന്ന സംരംഭമായി തൊഴിലുറപ്പ് പദ്ധതി വളർന്നുകഴിഞ്ഞിരിക്കുന്നു. സൂക്ഷ്മ സംരംഭങ്ങളുടെ വിജയകരമായ നടത്തിപ്പിലൂടെയും അതിന്റെ വ്യാപനത്തിലൂടെയും സ്ത്രീകളുടെ സാമ്പത്തിക- സാമൂഹിക ശാക്തീകരണം ഉറപ്പാക്കുന്ന കർമ്മ പരിപാടികളാണ് കുടുംബശ്രീയിലൂടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ഈ പ്രവർത്തനങ്ങളെയാകെ സംയോജിപ്പിച്ചു കൊണ്ട് കൂടുതൽ ഫലപ്രദമായി മുന്നോട്ടു പോകേണ്ടതുണ്ട്. ജനങ്ങൾക്ക് തൊഴിലും വരുമാനവും സുരക്ഷയും പ്രദാനം ചെയ്യാൻ കഴിയുന്ന ശക്തമായ പ്രാദേശിക സർക്കാരുകളെയാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ഈ പ ശ്ചാത്തലത്തിലാണ് "എല്ലാവർക്കും വീട് എല്ലാവർക്കും തൊഴിൽ ജനകീയ ക്യാമ്പയിന്" സർക്കാർ രൂപം നൽകിയിരിക്കുന്നത്. ദരിദ്രജനവിഭാഗങ്ങളുടെ ജീവിത പ്രയാസങ്ങൾ പരിഹരിക്കാനുതകുന്ന ജനസമ്പർക്ക പരിപാടിയായിട്ടാണ് ഇത് നടപ്പിലാക്കേണ്ടത്, മന്ത്രി പറഞ്ഞു.

സാമ്പത്തിക മാന്ദ്യത്തിന്റെ ആശങ്കകളുടെ സാഹചര്യത്തിൽ സാധാരണ ജനങ്ങൾക്ക് ആവേശം പകർന്ന് അവരെ കർമ്മപഥത്തിലെത്തിക്കുന്നതിനുള്ള ഒരു പുതിയ തുടക്കമെന്ന നിലയിൽ ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് പ്രതീക്ഷയും ഊർജ്ജവും പ്രദാനം ചെയ്യാൻ ക്യാമ്പയിൻ ലക്ഷ്യം വെയ്ക്കുന്നു. എല്ലാ വിഭാഗം ജനങ്ങളുടേയും പങ്കാളിത്തത്തോടു കൂടിയ വിപുലമായ ജനകീയ പരിപാടിയായി ഇത് മാറുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് വീടും ഭൂമിയും ഇല്ലാതെ അവശേഷിക്കുന്ന മൂന്ന് ലക്ഷം പേർക്ക് അവ ലഭ്യമാക്കുന്നതിന് 2500 കോടി രൂപയുടെ നിക്ഷേപം ആവശ്യമാണെന്ന് യോഗത്തിൽ റിപ്പോർട്ടവതരിപ്പിച്ച തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് പറഞ്ഞു. ഇതിനായി അടുത്ത 10 വർഷംകൊണ്ട് തിരിച്ചടയ്ക്കുന്ന തരത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വായ്പയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

മുൻകാല പദ്ധതിയിൽ നിന്നും വ്യത്യസ്തമായി ഭവനരഹിതരായ എല്ലാ അർഹരായവരേയും ഇ.എം.എസ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി സമ്പൂർണ്ണമാക്കും. ഭവനനിർമ്മാണത്തിനാവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിന് ജില്ലാതലത്തിൽ സാങ്കേതിക സമിതികൾ രൂപീകരിക്കും. തീരെ പാവപ്പെട്ടവരെ ഭവനനിർമ്മാണത്തിന് സഹായിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സന്നദ്ധ സേന രൂപീകരിക്കും.

തൊഴിലുറപ്പു പദ്ധതിയിൽ ജോലി ചെയ്ത 7 ലക്ഷം പേരിൽ 86 ശതമാനവും സ്ത്രീകളായിരുന്നു. കഴിഞ്ഞ വർഷം ശരാശരി 22 ദിവസമാണ് തൊഴിൽ നൽകുവാൻ കഴിഞ്ഞത്. ഈ വർഷം അത് 100 ശതമാനമാക്കുവാൻ ലക്ഷ്യമിടണം. കഴിഞ്ഞ വർഷം തൊഴിലുറപ്പു പദ്ധതിക്ക് ചെലവഴിച്ചത് 220 കോടി രൂപയാണ്. അത് 1000 കോടിയായി ഉയർത്തണം കേരളത്തിലെ അമ്പത് ശതമാനം കുടുംബങ്ങൾ കുടുംബശ്രീയിൽ അംഗങ്ങളാണ്. കുടുംബശ്രീ മുഖേന സൂക്ഷ്മ സംരംഭങ്ങൾക്ക് പലിശ രഹിത വായ്പ നൽകി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആരും സഹായിക്കാനില്ലാത്തവർക്ക് എല്ലാ സഹായവും എത്തിച്ചു കൊടുക്കുന്ന 'ആശ്രയ പദ്ധതി' പോരായ്മകൾ പരിഹരിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നടപ്പാക്കും, അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ മന്ത്രിമാരായ എൻ.കെ. പ്രേമചന്ദ്രൻ, കടന്നപ്പള്ളി രാമചന്ദ്രൻ, എം.എൽ.എമാരായ വി. ശിവൻക്കുട്ടി, എ.കെ. ശശീന്ദ്രൻ, പ്രൊഫ. രവീന്ദ്രനാഥ്, മേയർ സി. ജയൻബാബു, ഭാരതീയ ജനതാപാർട്ടി സംസ്ഥാന പ്രസിഡന്റ് പി.കെ. കൃഷ്ണദാസ്, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ഡോ. പ്രഭാത് പട് നായിക്, കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ തുടങ്ങിയവരും പങ്കെടുത്തു. ■

(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)



# പഞ്ചായത്ത് നിയമഭേദഗതി അധികാരവികേന്ദ്രീകരണത്തിലും ഒരുപടി മുന്നോട്ട്

**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

കേരളത്തിന്റെ സാമൂഹ്യ പരിസരത്തിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് കാരണമാകുന്നതാണ് 2009ലെ നിയമ ഭേദഗതി. ചരിത്രഗതിയെ നിർണ്ണയിക്കുന്ന ഒരു സന്ദർഭമാണിത്.

കേരളത്തിലെ അധികാര വികേന്ദ്രീകരണ സംരംഭങ്ങളിൽ നിർണ്ണായകമായ വഴിത്തിരിവുകൾക്ക് കാരണമാകുന്ന നിയമഭേദഗതികളാണ് കഴിഞ്ഞ ദിവസം കേരള നിയമസഭ പാസ്സാക്കിയത്. ജനകീയാസൂത്രണത്തെ തുടർന്നുള്ള നാളുകളിൽ സ്ത്രീ ശാക്തീകരണത്തിൽ ഗണ്യമായ മുന്നേറ്റം കേരളത്തിലുണ്ടായിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃസ്ഥാനങ്ങളിലേയ്ക്കെത്തിയ വനിതകൾ ഭരണരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ സ്ത്രീകളെ ഭരണരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനു ലക്ഷ്യമിട്ടുകൊണ്ട് സ്ത്രീ സംവരണം 50 ശതമാനമാക്കുന്നത്. കുടുംബശ്രീ സംവിധാനത്തിലൂടെയും വനിതാ പ്രസ്ഥാനത്തിലൂടെയും നിരവധി സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് വന്നിട്ടുള്ള കേരളത്തിൽ ഈ തീരുമാനം സ്വാഭാവികം മാത്രമാണ്. പ്രാദേശിക സ്ഥാപനങ്ങളുടെ ഭരണ സംവിധാനത്തിലും ഭരണ വികേന്ദ്രീകരണത്തിലും അതീവ പ്രാധാന്യമുള്ളതാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ സംബന്ധിച്ച് കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ.

ഭരണസമിതികളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെല്ലാം ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമാണ്. ആ നിലയ്ക്ക് ഭരണസംവിധാനത്തിന്റെ ഭാഗവുമാണ്. ഭരണപക്ഷവും പ്രതിപക്ഷവും ഇല്ല എന്നതാണ് വാസ്തവം. ഇത്തരത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചിട്ടപ്പെടുത്തിയത് സെൻ കമ്മിറ്റി ശുപാർശയെ തുടർന്നാണ്. ഗ്രാമപഞ്ചായത്തുകളിൽ (ബ്ലോക്ക് പഞ്ചായത്തുകളിലും) മൂന്നു സ്റ്റാന്റിംഗ് കമ്മിറ്റികളാണിതിനുള്ളത്. ധനകാര്യം, വികസനം, ക്ഷേമകാര്യം എന്നിവയ്ക്കുള്ള സ്റ്റാന്റിംഗ് കമ്മിറ്റികൾ. പഞ്ചായത്തുകളിൽ ഇത്തരത്തിൽ ചുമതല വിഭജിച്ചുകൊണ്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റി സംവിധാനം കേരളത്തിന്റെ പ്രത്യേകതയാണെന്നും അറിയേണ്ടതുണ്ട്.

ഇതിൽ ഏറെ പ്രവർത്തനഭാരമുള്ളതാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി. ഇത് വിഭജിക്കണമെന്ന നിർദ്ദേശം പഞ്ചായത്തിലെ അംഗസംഖ്യയുമായി ബന്ധപ്പെട്ടാണ് നടപ്പാക്കാൻ വൈകിയത്. സ്റ്റാന്റിംഗ് കമ്മിറ്റികൾ 4 ആകുമ്പോൾ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 3 അംഗങ്ങളെങ്കിലും എന്ന നിലയിൽ പ്രസിഡന്റിനെ കൂടാതെ 12 അംഗങ്ങളെങ്കിലും ഒരു പഞ്ചായത്തിൽ വേണം. അതുകൊണ്ടാണ് വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങൾക്ക് പ്രത്യേക സ്റ്റാന്റിംഗ് കമ്മിറ്റി വേണമെന്നു തീരുമാനിച്ചതോടൊപ്പം പഞ്ചായത്തു കമ്മിറ്റിയിലെ കുറഞ്ഞ അംഗസംഖ്യ 13 ആക്കി ഉയർത്തിയത്.

പ്രവർത്തനഭാരം കണക്കിലെടുത്ത് തന്നെയാണ് മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ആരോഗ്യവിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയായും വിദ്യാഭ്യാസ കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റിയായും വിഭജിച്ചത്.

പഞ്ചായത്തിന്റെയും നഗരസഭകളുടെയും ഭരണസമിതികൾക്കകത്ത് ചിട്ടയായ ചുമതലാ വിഭജനവും അതനുസരിച്ചുള്ള ഏകോപിതമായ പ്രവർത്തനവുമാണ് വികേന്ദ്രീകൃത ഭരണ സംവിധാനത്തിൽ പ്രതീക്ഷിക്കുന്നത്. ഭരണസമിതിയിലെ മുഴുവൻ അംഗങ്ങളും ഉത്തരവാദിത്വം ഏറ്റെടുത്തു പ്രവർത്തിച്ചാൽ ചിട്ടയായ ആസൂത്രണവും പദ്ധതി നിർവ്വഹണവും എളുപ്പമാകും. അധികാരം ജനങ്ങളിലെത്തിക്കാൻ ഇത് കൂടുതൽ സഹായകമാകും. ഭരണസമിതിയും ഭരണസംവിധാനവും (ബ്യൂറോക്രസി) ഒത്തൊരുമിച്ചു പോകുന്നതിന് ഈ സംവിധാനം സഹായകമാകും. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളെ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതിനും ചിട്ടയായ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം സഹായകമാകും.

ഒരു പക്ഷെ ഏറ്റവും പ്രധാനമായ നിയമഭേദഗതി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടതാണ്. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്ക് വളരെ കുറഞ്ഞ ശിക്ഷ മാത്രമേ ഇന്നു നിലവിലുള്ളൂ. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ ശിക്ഷിക്കാൻ വകുപ്പുകളുമില്ല. ഇവയ്ക്കനുസരിച്ചാണ് നിയമഭേദഗതി. ജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ജാമ്യമില്ലാത്ത കുറ്റമാക്കാനും പിഴയും തടവും ചേർന്ന ശിക്ഷ വിധിക്കാനുമുള്ള വകുപ്പുകൾ നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചവറോ മാലിന്യങ്ങളോ ഇത്തരത്തിൽ നിക്ഷേപിക്കുന്നതിനു വേണ്ടി കടത്താൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള വകുപ്പുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്

കവർസ്റ്റോറി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അധികാരവൽക്കരിക്കുന്നതിലും സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തുന്നതിലും ഇടതുമുന്നണി സർക്കാരുകൾ ആണ് എന്നും മുന്നണിയിൽ നിന്നിട്ടുള്ളത്. സ്ത്രീകൾക്ക് സംവരണം ആദ്യമായി ഏർപ്പെടുത്തിയത് കേരളത്തിലെ ജില്ലാ കൗൺസിലുകളിലാണ്. 73, 74 ഭരണഘടനാ ഭേദഗതികളോടെ ഇത് രാജ്യമാകെ ബാധകമായി. ഇപ്പോൾ സ്ത്രീകൾക്കുള്ള സംവരണം കേരളത്തിൽ അൻപതു ശതമാനമാക്കുകയാണ്. പഞ്ചായത്തുകളിൽ സ്ത്രീ സംവരണം 50 ശതമാനമാക്കാൻ ഭരണഘടന ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നറിയുന്നു. എങ്ങിനെ പോയാലും അതനുസരിച്ചുള്ള നിയമ രൂപീകരണം അടുത്ത വർഷം നടക്കുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പുകൾക്കു മുൻപുണ്ടാകില്ല. നഗരസഭകളിലെ സംവരണം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടു പോലുമില്ല. ഈ സാഹചര്യങ്ങളിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും 50 ശതമാനം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തു കൊണ്ടുള്ള നിയമ ഭേദഗതി കൊണ്ടുവരുന്ന ധീരമായ നടപടി എൽ.ഡി.എഫ് സർക്കാർ കൈക്കൊള്ളുന്നത്. 2010ലെ തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പുകൾ മുതൽ ഇത് പ്രാവർത്തികമാക്കാൻ വേണ്ടിയാണ് ഈ പ്രത്യേക സെഷനിൽ തന്നെ നിയമഭേദഗതി കൊണ്ടുവരുന്നത്.

പഞ്ചായത്തുകളിൽ സ്ത്രീ സംവരണം 50 ശതമാനമാക്കാൻ ഭരണഘടന ഭേദഗതി ചെയ്യാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെന്നറിയുന്നു. എങ്ങിനെ പോയാലും അതനുസരിച്ചുള്ള നിയമ രൂപീകരണം അടുത്ത വർഷം നടക്കുന്ന തദ്ദേശഭരണ തെരഞ്ഞെടുപ്പുകൾക്കു മുൻപുണ്ടാകില്ല. നഗരസഭകളിലെ സംവരണം കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടു പോലുമില്ല. ഈ സാഹചര്യങ്ങളിലാണ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിലും 50 ശതമാനം സീറ്റ് സ്ത്രീകൾക്ക് സംവരണം ചെയ്തു കൊണ്ടുള്ള നിയമ ഭേദഗതി കൊണ്ടുവരുന്ന ധീരമായ നടപടി എൽ.ഡി.എഫ് സർക്കാർ കൈക്കൊള്ളുന്നത്.

ത്രിതലപഞ്ചായത്തുകളിലെ അംഗത്വം, മുനിസിപ്പൽ, കോർപ്പറേഷൻ കൗൺസിൽ സ്ഥാനങ്ങൾ, പഞ്ചായത്തുകളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനങ്ങൾ, മുനിസിപ്പൽ ചെയർമാൻ, വൈസ് ചെയർമാൻ, മേയർ, ഡെപ്യൂട്ടി മേയർ സ്ഥാനങ്ങൾ ത്രിതല പഞ്ചായത്തുകളിലെയും നഗരസഭകളിലെയും സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ ചെയർമാൻ സ്ഥാനങ്ങൾ എന്നിവയിലെല്ലാം 50 ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യുകയാണ്. ജില്ലാ ആസൂത്രണ സമിതികളിലേയ്ക്കുള്ള സ്ഥാനങ്ങളുടെ സംസ്ഥാന വികസന സമിതിയിലേയ്ക്ക് നാമനിർദേശം ചെയ്യപ്പെടുന്ന സ്ഥാനങ്ങളുടെ 50 ശതമാനവും സ്ത്രീകൾക്ക് സംവരണം ചെയ്യുകയാണ്.

ജില്ലാ ആസൂത്രണസമിതികളിലെ 12 സ്ഥാനങ്ങളിൽ ഒന്നും സംസ്ഥാന വികസന സമിതിയിലെ സ്ഥാനങ്ങളിൽ ഒന്നും പട്ടികവിഭാഗത്തിന് ആദ്യമായി സംവരണം ചെയ്തിരിക്കുകയാണ്.

ഒരു പക്ഷെ ഏറ്റവും പ്രധാനമായ നിയമഭേദഗതി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടതാണ്. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്ക് വളരെ കുറഞ്ഞ ശിക്ഷ മാത്രമേ ഇന്നു നിലവിലുള്ളൂ. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവരെ ശിക്ഷിക്കാൻ വകുപ്പുകളുമില്ല. ഇവയ്ക്കനുസരിച്ചാണ് നിയമഭേദഗതി. ജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ജാമ്യമില്ലാത്ത കുറ്റമാക്കാനും പിഴയും തടവും ചേർന്ന ശിക്ഷ വിധിക്കാനുമുള്ള വകുപ്പുകൾ നിയമഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചവറോ മാലിന്യങ്ങളോ ഇത്തരത്തിൽ നിക്ഷേപിക്കുന്നതിനു വേണ്ടി കടത്താൻ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള വകുപ്പുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹ്യ പരിസരത്തിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് കാരണമാകുന്നതാണ് ഈ നിയമ ഭേദഗതി. ചരിത്രഗതിയെ നിർണ്ണയിക്കുന്ന ഒരു സന്ദർഭമാണിത്. ■



# ഇനി സ്ത്രീകൾ പാതി സീറ്റിനുടമകൾ

കവർസ്റ്റോറി

**ഡോ. ടി. എൻ. സീമ**

കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് 50 ശതമാനം സീറ്റ് സംവരണം ചെയ്യണമെന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ശുപാർശ നിയമ ഭേദഗതിയായി മാറിയിരിക്കുന്നു. ചരിത്ര പ്രാധാന്യമുള്ള രാഷ്ട്രീയ തീരുമാനം എന്നാണ് ഇതിനെ വിശേഷിപ്പിക്കേണ്ടത്. രണ്ടു തരത്തിലാണ് ഇതിന് പ്രാധാന്യമുള്ളത്. ഒന്ന്, 1992ൽ പാർലമെന്റ് അംഗീകരിച്ച 73,74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി ഇന്നു രാജ്യത്ത് നിലവിലിരിക്കുന്ന തദ്ദേശഭരണരംഗത്തെ മൂന്നിലൊന്നു സ്ത്രീ സംവരണത്തിന്റെ അടുത്ത ഘട്ടം കുറിക്കുന്നുയെന്ന ചരിത്ര പ്രാധാന്യം ഈ തീരുമാനത്തിനുണ്ട്. ഇന്ത്യയിലാദ്യമായി വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങളിൽ സ്ത്രീ സംവരണം ഉറപ്പാക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനം. ഒപ്പം പാർലമെന്റിലും അസംബ്ലിയിലും മൂന്നിലൊന്ന് വനിതാ സംവരണം ഉറപ്പാക്കുന്ന വനിതാ സംവരണ ബില്ലിന്റെ പ്രസക്തിയെ ഇതു വർദ്ധിപ്പിച്ചിരിക്കുന്നു. രണ്ട്, സ്ത്രീ സമൂഹത്തിന്റെ പ്രതീക്ഷകളും അഭിലാഷങ്ങളും കഴിവുകളും തിരിച്ചറിഞ്ഞുകൊണ്ട് ലിംഗപദവി തുല്യതയിലേയ്ക്കുള്ള സാമൂഹ്യമാറ്റത്തിന് ചാലക ശക്തിയാകുന്ന ഇടതുപക്ഷ രാഷ്ട്രീയ ഇച്ഛാശക്തിയുടെ കരുത്തും പ്രസക്തിയുമാണ് ഈ തീരുമാനം വിളിച്ചറിയിക്കുന്നത്.

1957-ൽ ബൽവന്ത്റായി മെഹ്ത്ത കമ്മിറ്റിയാണ്, പഞ്ചായത്തിരാജ് സംവിധാനത്തിൽ പുരുഷന്മാർ തെരഞ്ഞെടുക്കപ്പെട്ട് ജനപ്രതിനിധികളാകുമ്പോൾ, ഒന്നോ രണ്ടോ സ്ത്രീകളെ നാമനിർദ്ദേശം ചെയ്ത് പഞ്ചായത്ത് സമിതിയിൽ ഉൾപ്പെടുത്തണമെന്ന ശുപാർശ ആദ്യം ചെയ്തത്. എന്നാൽ വളരെ കുറച്ചു സംസ്ഥാനങ്ങൾ മാത്രമേ ഈ മാർഗ്ഗം പിന്തുടരാൻ തയ്യാറായുള്ളൂ. അതുകൊണ്ട് 1959-ൽ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വരുമ്പോൾ ഇത്തരത്തിൽ നോമിനേറ്റ് ചെയ്യപ്പെട്ട സ്ത്രീകളുടെ എണ്ണം വളരെ കുറവായിരുന്നു. 73, 74 ഭരണഘടനാ ഭേദഗതി അംഗീകരിക്കപ്പെടുന്നതുവരെ രാജ്യത്ത് പല സംസ്ഥാനങ്ങളിലും പ്രാദേശിക ഭരണരംഗത്തെ സ്ത്രീ സാന്നിദ്ധ്യം നാമനിർദ്ദേശത്തിന്റെ ആനുകൂല്യത്തിലാണ് സൃഷ്ടിക്കപ്പെട്ടത്.

73, 74 ഭരണഘടനാ ഭേദഗതിയോടെ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക ഭരണത്തിൽ മൂന്നിലൊന്ന് സ്ഥാനത്തേയ്ക്ക് സ്ത്രീകൾ തെരഞ്ഞെടുക്കപ്പെട്ടുവെന്നത് ഭരണത്തിലും പൊതുസമൂഹത്തിലും - വിശേഷിച്ച് സ്ത്രീകൾക്കിടയിൽ - നാടകീയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. കർണാടകം, പശ്ചിമ ബംഗാൾ, കേരളം എന്നീ സംസ്ഥാനങ്ങളിൽ 2005-ലെ തെരഞ്ഞെടുപ്പോടെ 40 ശതമാനത്തിലധികമായി സ്ത്രീ പങ്കാളിത്തം പ്രാദേശിക ഭരണത്തിൽ വളർന്നിട്ടുണ്ട്. ബീഹാർ, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വനിതാസംവരണം 50 ശതമാനമാക്കി നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. പ്രാദേശിക ഭരണരംഗത്തെ സ്ത്രീ സാന്നിദ്ധ്യവും സ്ത്രീ നേതൃത്വവും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സുഗമമായി സ്വീകരിക്കപ്പെടുകയും പ്രോൽസാഹിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. നൂറ്റാണ്ടുകളുടെ പുരുഷാധിപത്യമൂല്യബോധം നിയന്ത്രിക്കുന്ന അധികാരഘടന നിലനിൽക്കുന്ന മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും ജാതി-ലിംഗ-വർഗാടിസ്ഥാനത്തിലാണ് ജനപ്രതിനിധികളുടെ അധികാരവും പദവിയും നിർണയിക്കപ്പെടുന്നത്. വനിതയായ ദളിത് പഞ്ചായത്ത് പ്രസിഡന്റ് പഞ്ചായത്ത് പ്രസിഡന്റിന്റെ മുറിയുടെ പുറത്ത് തറയിലും സവർണനായ വൈസ് പ്രസിഡന്റ് പ്രസിഡന്റിന്റെ കസേരയിലും ഇരുന്ന് ഭരണം നടത്തുന്ന അനുഭവം കർണാടകത്തിൽ നിന്നും (ഇന്ത്യയിൽ ഏറ്റവും ഉയർന്ന സ്ത്രീ പങ്കാളിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള സംസ്ഥാനം!) തമിഴ്നാട്ടിൽ നിന്നുമുള്ള വനിത പ്രസിഡന്റുമാർ 2007-ൽ മഹിളാ അസോസിയേഷൻ സംഘടിപ്പിച്ച സ്ത്രീകളും പഞ്ചായത്തീരാജും എന്ന ദേശീയ സെമിനാറിൽ പ്രസ്താവിച്ചിരുന്നു. തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിയാക്കിയതും തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് പണം ചെലവഴിച്ചതും ഭൂവുടമ, അപ്പോൾ പിന്നെ ഭരിക്കാനുള്ള അവകാശവും അയാൾക്കാണ് എന്നാണ് യുപിയിൽ നിന്നുള്ള കർഷകത്തൊഴിലാളിയായ ഒരു പ്രസിഡന്റ് പറഞ്ഞ അനുഭവം. പെണ്ണുങ്ങൾക്ക് ഭരിക്കാൻ കഴിവില്ല. അതുകൊണ്ട് ഭർത്താക്കന്മാർ വേണം ബ്ലോക്കുമീറ്റിംഗിൽ പങ്കെടുക്കാൻ എന്ന് നിർബന്ധിക്കുന്ന ഉദ്യോഗസ്ഥ മനോഭാവത്തെക്കുറിച്ചാണ് രാജസ്ഥാനിൽ നിന്നുള്ള വനിതാ ജനപ്രതിനിധികൾ പറഞ്ഞത്. ഈ അനുഭവങ്ങൾ ജാതി-ലിംഗ-വർഗമേധാവിത്വം എങ്ങ നെ ജനാധിപത്യ അവകാശങ്ങളെയും ഭരണഘടനാ മൂല്യങ്ങളെപ്പോലും ഭൂരിപക്ഷത്തിന് ഇന്ത്യയിൽ നിഷേധിക്കുന്നുവെന്നതിന്റെ ഒന്നാന്തരം തെളിവുകളാണ്.

എന്നാൽ ഈ ജനവിരുദ്ധ-സ്ത്രീ വിരുദ്ധ മേധാവിത്വസംസ്കാരത്തെ ചോദ്യം ചെയ്തുകൊണ്ടും ജാതി-ലിംഗ-വർഗ അധികാരഘടനയെ തകർത്തുകൊണ്ടും മാത്രമേ ഇന്ത്യയിൽ ജനാധിപത്യ അവകാശങ്ങൾ നേടാനാകൂ എന്നതാണ് കഴിഞ്ഞ ഒന്നര ദശകത്തിലെ പ്രാദേശിക ഭരണരംഗത്തെ അനുഭവം. പക്ഷേ സ്ത്രീകളുടേയും ദളിതരുടേയും ദരിദ്രരുടേയും ജനാധിപത്യ അവകാശപ്പോരാട്ടങ്ങളുടെ വേദിയാക്കി ഇന്ത്യയെ മാറ്റാൻ വിവിധ സംസ്ഥാനങ്ങളിലെ അധികാരവികേന്ദ്രീകരണ പ്രക്രിയ ഇനിയും ശക്തമാക്കേണ്ടതുണ്ട്. ഇതിനുള്ള ഒറ്റമൂലിയല്ല വനിതാ സംവരണമെന്നും ഭൂപരിഷ്കരണവും വിദ്യാഭ്യാസവും ഭൗതിക സാഹചര്യങ്ങളുടെ വികസനവും ഉറപ്പാക്കാതെ അധികാരഘടനയിൽ മാറ്റം വരുത്താനാവില്ലെന്നുമുള്ള പാഠം കോൺഗ്രസ് ഇനിയും പഠിക്കാൻ തയ്യാറായിട്ടില്ല. തദ്ദേശഭരണ രംഗത്ത് 50 ശതമാനം സംവരണം സ്ത്രീകൾക്ക് നൽകാൻ യുപിഎ സർക്കാർ നേരത്തെ തീരുമാനിച്ചതാണ് എന്ന കോൺഗ്രസിന്റെ അവകാശവാദത്തിന്റെ പൊള്ളത്തരം ഇതാണ്.

കേരളത്തിൽ ഇടതുപക്ഷ ജനാധ്യപത്യമുന്നണി വനിതാസംവരണത്തിന്റെ കാര്യത്തിൽ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് യാദൃച്ഛികമല്ല. ജാതി-ലിംഗ-വർഗ്ഗ മേധാവിത്വ സാമൂഹ്യ സാമ്പത്തിക ഘടനയെ ചോദ്യം ചെയ്ത് ജനാധിപത്യ അവകാശങ്ങൾ ഭൂരിപക്ഷത്തിന് നേടിക്കൊടുക്കാൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഏഴു പതിറ്റാണ്ടോളമായി കേരള സമൂഹത്തിൽ നടത്തുന്ന രാഷ്ട്രീയ ഇടപെടലുകളുടെ തുടർച്ചയാണിത്. 1957-ൽ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ അധികാരത്തിൽ വന്ന ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ സമൂഹത്തിൽ അടിസ്ഥാന മാറ്റങ്ങൾക്ക് കാരണമായ നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചുവെന്നത് ചരിത്രത്തിന്റെ ഭാഗമാണ്. അതിലൊന്നാണ് അധികാര വികേന്ദ്രീകരണം. ഭൂരിപക്ഷത്തിന് ജനാധിപത്യ അവകാശങ്ങൾ നേടിക്കൊടുക്കാനുള്ള പോരാട്ടത്തിൽ അധികാര വികേന്ദ്രീകരണത്തെ എങ്ങനെ പ്രയോജനപ്പെടുത്താനാകുമെന്ന് അരനൂറ്റാണ്ടിനുമുമ്പ് ഇ എം എസ് ചൂണ്ടികാട്ടി. ഇതിന്റെ ഭാഗമായി 1958ൽ ഇം എം എസ് മന്ത്രിസഭ രൂപം കൊടുത്ത പഞ്ചായത്ത് നിയമം നിയമ സഭയിൽ അവതരിപ്പിക്കപ്പെട്ടു. ഇന്ത്യയിലാദ്യമായി, സ്ത്രീകൾക്ക് തെരഞ്ഞെ







> പ്രാദേശിക ഭരണരംഗത്തെ സ്ത്രീ സാന്നിദ്ധ്യവും സ്ത്രീ നേതൃത്വവും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സുഗമമായി സ്വീകരിക്കപ്പെടുകയും പ്രോൽ സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. നൂറ്റാണ്ടുകളുടെ പുരുഷാധിപത്യമൂല്യബോധം നിയന്ത്രിക്കുന്ന അധികാര ഘടന നിലനിൽക്കുന്ന മിക്ക ഇന്ത്യൻ സംസ്ഥാനങ്ങളിലും ജാതി-ലിംഗ-വർഗാടി സ്ഥാനത്തിലാണ് ജനപ്രതിനിധികളുടെ അധികാരവും പദവിയും നിർണയിക്കപ്പെടുന്നത്.

ടുപ്പിൽ പങ്കെടുത്ത് ജനപ്രതിനിധിയാകുന്നതിനുള്ള സംവരണം ആ നിയമത്തിലാണ് ഉൾപ്പെടുത്തപ്പെട്ടത്. ആ നിയമത്തിൽ ഒരു സീറ്റ് പഞ്ചായത്ത് സമിതിയിൽ സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടു. ബൽവന്ത്റായി മെഹ്ത്ത കമ്മിറ്റിയുടെ ശുപാർശയിലെ നാമനിർദ്ദേശം ചെയ്യപ്പെടലും ഇ എം എസ് സർക്കാരിന്റെ പഞ്ചായത്ത് നിയമത്തിലെ തെരഞ്ഞെടുക്കപ്പെടാനുള്ള സംവരണവും കാഴ്ചപ്പാടിൽ വലിയ അന്തരമുള്ളതാണ്. ആദ്യത്തേത് ഔദാര്യം. രണ്ടാമത്തേത് പൊതുരാഷ്ട്രീയ പ്രക്രിയയിൽ ഇടപ്പെട്ടുകിട്ടുന്ന സമൂഹത്തിന്റെ അംഗീകാരവുമാണ്. എന്നാൽ 1959ൽ ഇ എം എസ് സർക്കാരിനെ കേന്ദ്ര സർക്കാർ പിരിച്ചുവിട്ടതോടെ ഈ പഞ്ചായത്ത് നിയമം അട്ടിമറി ക്കപ്പെട്ടു. 1960–61ൽ കോൺഗ്രസ് സർക്കാർ കൊണ്ടുവന്ന പഞ്ചായത്ത് നിയമത്തിൽ വീണ്ടും കേന്ദ്രത്തിന്റെ ചുവടുപിടിച്ച് ഒരു പഞ്ചായത്തിൽ ഒരു സ്ത്രീയെ നോമിനേറ്റ് ചെയ്യുന്ന രീതിയാണ് ഉൾപ്പെടുത്തിയത്. 1958–ൽ ഇ എം എസ് സർക്കാർ ജില്ലാ കൗൺസിൽ നിയമം കൊണ്ടുവന്നെങ്കിലും അത് നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. പിന്നീട് 1990ൽ ഇടതുപക്ഷ സർക്കാർ ജില്ലാ കൗൺസിൽ നിയമം പാസാക്കിയപ്പോൾ ഇന്ത്യയിൽ പ്രാദേശിക ഭരണരംഗത്ത് സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റ് സംവരണം ചെയ്യുന്ന ആദ്യ സംസ്ഥാനമായി കേരളം മാറി.

73,74 ഭരണഘടനാ ഭേദഗതികൾ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായതു തന്നെയാണ്. കേരളത്തിൽ ഇതിന്റെ ഭാഗമായിട്ടാണ് 1995 സെപ്തംബറിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മൂന്നിലൊന്നു സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കപ്പെട്ടത്. എന്നാൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഗുണപരമായ വലിയ വളർച്ചയാണ് തദ്ദേശഭരണ രംഗത്തെ വനിതാ നേതൃത്വത്തിന് കേരളത്തിൽ നേടാനായിട്ടുള്ളത്. 1995ൽ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട വനിതാ ജനപ്രതിനിധികളിൽ 85 ശതമാനവും തെരഞ്ഞെടുപ്പിലൂടെ ആദ്യമായി പൊതുരംഗത്തേയ്ക്ക് കടന്നുവന്നവരായിരുന്നു. പ്രസംഗിക്കാനറിയില്ല, ചട്ടങ്ങളറിയില്ല, ഉദ്യോഗസ്ഥരുമായി ഇടപഴകി ശീലമില്ല, പൊതു സമൂഹത്തിന് തന്നെ പുതിയ സ്ത്രീ ഭരണ നേതൃത്വത്തിൽ വേണ്ടത്ര വിശ്വാസമില്ല.... ഇങ്ങനെ നീളുന്ന പരാതികളുടെയും വിമർശനങ്ങളുടെയും സ്വയം വിലയിരുത്തലുകളുടെയും ഘട്ടമായിരുന്നു ആദ്യ ഒന്നു രണ്ടു വർഷങ്ങൾ. എന്നാൽ ഈ പരിമിതികളും ദൗർബല്യങ്ങളും വനിത ജനപ്രതിനിധികൾ ക്രമമായി മറികടക്കുന്നതും പൊതുസമൂഹം അവരെ അംഗീകരിക്കുന്നതുമായ അനുഭവമാണ് പിന്നീട് നാം കാണുന്നത്.

ഈ മാറ്റം കേവലം വനിതാ സംവരണം നൽകുന്ന സ്ത്രീ സാന്നിദ്ധ്യം കൊണ്ടു മാത്രം സംഭവിച്ചതല്ല. കേരളത്തിൽ 1996–ൽ ഇടതുപക്ഷ സർക്കാർ ആരംഭിച്ച ജനകീയാസൂത്രണ പ്രസ്ഥാനം സമൂഹത്തെയാകെ പ്രാദേശിക വികസനാസൂത്രണ പ്രക്രിയയിൽ പങ്കാളിയാക്കുന്ന പ്രക്രിയയായിരുന്നു. ഇന്ത്യയിൽ ഇടതുപക്ഷം ഭരിക്കുന്ന പശ്ചിമബംഗാളും ത്രിപുരയും കേരളവുമൊഴിച്ച് മറ്റ് ഭൂരിപക്ഷ സംസ്ഥാനങ്ങളും അധികാര വികേന്ദ്രീകരണം കടലാസിലൊതുക്കിയപ്പോൾ അധികാരം ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനുള്ള ഭരണഘടനാ ഉത്തരവാദിത്വവും രാഷ്ട്രീയ ഉത്തരവാദിത്വവും ഏറ്റെടുക്കുകയാണ് സിപിഎമ്മിന്റെ നേതൃത്വത്തിലുള്ള സർക്കാരുകൾ ചെയ്തത്. ഇത് ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം അവരുടെ കഴിവുകളെയും അറിവുകളെയും അനുഭവങ്ങളെയും വിപുലപ്പെടുത്തുന്ന ഒരു പഠനപ്രക്രിയ കൂടിയാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരമുള്ള, കേരളത്തിലെ വനിത ജനപ്രതിനിധികളുടെ വളർച്ചയിൽ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയും അതിന്റെ ഭാഗമായി നടന്ന പരിശീലന പരിപാടികളും നിർണായക പങ്കു വഹിച്ചിട്ടുണ്ട്. സ്ത്രീകൾക്കായി പ്രാദേശിക പദ്ധതികളിൽ 10 ശതമാനം ഫണ്ട് മാറ്റിവയ്ക്കുന്ന വനിതാ ഘടക പദ്ധതിയും അതിന്റെ നിർവഹണത്തിനായി രൂപംകൊണ്ട സ്ത്രീ കൂട്ടായ്മകളും വനിത ജനപ്രതിനിധികൾക്ക് പിന്തുണയായി. രണ്ടു ലക്ഷത്തോളം അയൽക്കൂട്ടങ്ങളിലായി 37 ലക്ഷം സ്ത്രീകൾ അണിനിരന്നിട്ടുള്ള കുടുംബശ്രീയും. 1996ലെ ഇടതുപക്ഷ സർക്കാരിന്റെ, സ്ത്രീ വികസനരംഗത്തെ ശ്രദ്ധേയമായ ഇടപെടലിന്റെ സൃഷ്ടിയാണ്.

സമൂഹത്തിന്റെ പുരോഗതിക്കും സ്ത്രീ മുന്നേറ്റത്തിനും ഒരിക്കൽകൂടി കേരളം മാതൃക തീർക്കുകയാണ്. ഈ മാതൃകയിൽ 50 ശതമാനം സംവരണം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും തദ്ദേശഭരണരംഗത്ത് നടപ്പാക്കണം. വീടിന്റെ തടവിൽ നിന്ന് തിരിച്ചറിവിന്റെ സാമൂഹ്യ രാഷ്ട്രീയ ബോധത്തിലേക്ക് സ്ത്രീ സമൂഹം വളരുന്നതിന്റെ ചരിത്രഘട്ടങ്ങൾക്ക് തിരികൊളുത്തുന്ന, സമൂഹത്തിന്റെ പുരോഗതിക്ക് ചാലകശക്തിയാകുന്ന കമ്യൂണിസ്റ്റ് രാഷ്ട്രീയത്തിന്റെ പ്രസക്തിയാണ് കേരളം അടിവരയിടുന്ന പാഠം. ഈ പാഠം മുഴുവൻ ഇന്ത്യയ്ക്കുമുള്ളതാണ്. ■

*ലേഖിക ജനാധിപത്യ മഹിളാ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റാണ്*



# വനിത സംവരണം സ്ത്രീ–പുരുഷ തുല്യത

കവർസ്റ്റോറി

**ബീന സണ്ണി**

ഒരു സോഷ്യലിസ്റ്റ് സംസ്കാരമുള്ള സമൂഹത്തിൽ സ്ത്രീ പുരുഷ ഭേദത്തിന് പ്രസക്തിയില്ല. ഫ്യൂഡൽ സമൂഹത്തിന്റെ സ്വാഭാവിക രോഗമാണ് സ്ത്രീക്കെതിരായ കടുത്ത വിവേചനവും അസഹനീയ മർദ്ദനങ്ങളും. മുതലാളിത്തത്തിൽപ്പോലും സ്ത്രീപുരുഷ തുല്യത പാലിക്കുന്ന രീതി, തന്ത്രപരമായി അംഗീകരിക്കപ്പെടുമ്പോഴും സത്തയിൽ വിവേചനം നിലനില്ക്കും. ജനാധിപത്യ-സോഷ്യലിസ്റ്റ് സംസ്ക്കാരത്തിന്റെ വികാസം പൂർത്തീകരിക്കുമ്പോഴാണ്, യഥാർത്ഥ സ്ത്രീ–പുരുഷ തുല്യത മാനിക്കപ്പെടുകയും പ്രയോഗവത്ക്കരിക്കപ്പെടുകയും ചെയ്യുക.

ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ എല്ലാ പൗരന്മാർക്കും 1. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ നീതിയും, 2. ചിന്തിക്കാനും ആശയപ്രകടനം നടത്താനും വിശ്വസിക്കാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യവും 3. പദവിയിലും അവസരത്തിലുമുള്ള സമത്വവും നടപ്പാക്കുമെന്ന് ഉറപ്പാക്കുന്നുണ്ട്. ഇതിൽ സ്ത്രീപുരുഷ വിവേചനത്തിന്റെ ലാഞ്ചന പോലുമില്ല തന്നെ.

മാത്രമല്ല ഭരണകൂടം നിയമത്തിന്റെ മുമ്പിലെ തുല്യതയും, നിയമസംരക്ഷണത്തിലെ തുല്യതയും എല്ലാ പൗരന്മാർക്കും വകുപ്പ് 14 പ്രകാരം ഉറപ്പാക്കിയിരിക്കുന്നു.

വകുപ്പ് 15 പ്രകാരം മതം, വംശം, ലിംഗം, ജാതി, ജനനസ്ഥലം എന്നിവയുടെ പേരിലുള്ള വിവേചനത്തെ നിരോധിച്ചിരിക്കുന്നു. വകുപ്പ് 16 പൊതുതൊഴിൽ അവസരങ്ങളിൽ എല്ലാ പൗരന്മാർക്കും അവസരസമത്വം ഉറപ്പുനൽകുന്നു. 19–ാം വകുപ്പിൽ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും–പ്രസംഗ– ആശയപ്രകടന സ്വാതന്ത്ര്യം, സമാധാനപരമായി സംഘടിക്കാനുള്ള സ്വാതന്ത്ര്യം, ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം, എവിടെയും വീട് വെച്ച് താമസിക്കാനുള്ള സ്വാതന്ത്ര്യം സ്വത്ത് വാങ്ങാനും കൈവശം വയ്ക്കാനും വില്ക്കാനുമുള്ള സ്വാതന്ത്ര്യം, ഏതു തൊഴിലും വ്യവസായവും കച്ചവടവും നടത്താനുള്ള സ്വാതന്ത്ര്യവും –സ്ത്രീ–പുരുഷ ഭേദമെന്യേ എല്ലാ പൗരന്മാർക്കും ഉറപ്പ് നൽകുന്നു.

ആത്യന്തികമായി ജീവിക്കാനുള്ള മനുഷ്യന്റെ വ്യക്തിഗത സ്വാതന്ത്ര്യവും ജീവസംരക്ഷണവും വകുപ്പ് 21 എല്ലാ പൗരന്മാർക്കും ഉറപ്പ് നൽകിയിരിക്കുന്നു. ഇന്ത്യൻ ഭരണഘടന പൂർണ്ണമായി സ്ത്രീ പുരുഷ വിവേചനം ഒഴിവാക്കുകയും സ്ത്രീ സംരക്ഷണം ഉറപ്പാക്കുകയും ചെയ്തിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിൽ, തൊഴിൽ മേഖലയിലും ഭരണ മേഖലയിലും നിയമ സംവിധാനത്തിലും സ്ത്രീകൾക്ക് തുല്യാവകാശം ഫലപ്രദമായി നടപ്പാക്കേണ്ട സമയം അതിക്രമിച്ചുപോയി. 1987 ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ് ജില്ലാ കൗൺസിൽ നിലവിൽ വരുന്നതും ഗ്രാമപഞ്ചായത്തിൽ നിർബന്ധമായും രണ്ട് സ്ത്രീകളെങ്കിലും ഉണ്ടാകണമെന്ന തീരുമാനം നടപ്പിലാക്കാൻ സാധിച്ചതും. സാമൂഹ്യപ്രവർത്തനരംഗത്ത് കഴിവ് തെളിയിച്ച സ്ത്രീകൾക്ക് പൊതുരംഗത്ത് വരുന്നതിന് ഇത് ഒരു അവസരമായി. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി 33% സംവരണം നടപ്പിലാക്കിയപ്പോൾ അത് സ്ത്രീകൾ പ്രാദേശിക ഭരണ സംവിധാനത്തിൽ പങ്കാളികളാകുന്നതിന് ഒരു പരിധിവരെ സഹായിച്ചു. എന്നാൽ ഭരണഘടന സുവ്യക്തമായ പല വകുപ്പുകളിലും അനുശാസിച്ചിട്ടും സ്ത്രീപുരുഷ തുല്യത ഭരണത്തിൽപ്പോലും പ്രായോഗികമാക്കാൻ ഭരണകൂടങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ 50% സംവരണം നടപ്പിലാക്കാനുള്ള ശ്രമം എന്തുകൊണ്ടും അഭിനന്ദനീയമാണ്. അതോടെ ജനപ്രതിനിധി സഭകളിൽ സ്ത്രീ പുരുഷ പ്രാതിനിധ്യം ഭരണഘടനാനുസൃതമാകും എന്നുറപ്പാണ്.

നിയമനിർമ്മാണ സഭകളിലെ ഈ തുല്യാവസരം, സ്ത്രീകൾ കഴിവുറ്റവരാണെങ്കിൽ, ദേശീയ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അധികം താമസിയാതെ സ്ത്രീ പുരുഷ തുല്യത പ്രായോഗികമാക്കാനാവും. സ്ത്രീ വിവേചനം നിലനില്ക്കുന്ന എല്ലാ നിയമങ്ങളും തുടച്ചുമാറ്റണം. അതുവഴി നിയമന തലത്തിൽ സ്ത്രീ പുരുഷ തുല്യത നടപ്പാക്കണം. സർക്കാർ തലത്തിൽ മാത്രമല്ല സ്വകാര്യ മേഖലയിലും തുല്യാവകാശം പ്രായോഗികമാക്കാൻ കഴിയണം.

സ്ത്രീ സുരക്ഷിതത്വം, സ്ത്രീകൾക്കെതിരായ അതിക്രമനിരോധം, സ്വാതന്ത്ര്യം, സാമൂഹികാംഗീകാരം, എല്ലാം യാഥാർത്ഥ്യമാക്കാൻ കഴിയും. അതുവഴി ഇന്ത്യയെ ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യ- മതനിരപേക്ഷ–സോഷ്യലിസ്റ്റ് രാഷ്ട്രം എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ എളുപ്പം കഴിയും.

ജനകീയാസൂത്രണം കാര്യക്ഷമമാക്കുകയും സ്ത്രീസംവരണം 50% എന്ന ലക്ഷ്യം കൈവരിക്കുകയും ചെയ്യുന്നതോടെ സ്ത്രീകൾക്ക് അവരുടെ കഴിവ് തെളിയിക്കാൻ ഉചിതമായ ഒരവസരം കൂടി കൈവരികയാണ്. അതിന് യഥാസമയം തീരുമാനമെടുക്കൽ പ്രക്രിയയിൽ മുഖ്യധാരാപങ്ക് സ്ത്രീകൾക്ക് വഹിക്കുന്നതിന് സാധിക്കും. ഫ്യൂഡൽ സാമൂഹികഘടനയുടെ സ്വാധീനം ദീർഘകാലം സാംസ്ക്കാരികരംഗത്ത് നിലനില്ക്കും. അതുകൊണ്ട് തന്നെ സ്ത്രീ പ്രതിനിധികൾ എല്ലാവർക്കും, ഒരു ന്യൂനപക്ഷമൊഴികെ ഉയർന്ന നിലവാരം പുലർത്താനാവണമെന്നില്ല. പുരുഷാധിപത്യ സ്വാധീനം തുടരാനത് കാരണമാകും. നിയമം മാത്രം മെച്ചപ്പെട്ടാൽ പോര; അത് നടപ്പാക്കുന്നവരിൽ ആത്മാർത്ഥത, ഉന്നതബോധം, സ്ഥിരോത്സാഹം, പ്രവർത്തനക്ഷമത, അഴിമതി രഹിത സംസ്ക്കാരം എന്നിവ ശക്തമായി നിലനില്ക്കണം. ഈ ഗുണങ്ങളുടെ അഭാവം ഭരണമേന്മയെ ബാധിക്കുമെന്നുറപ്പാണ്.

വനിതാ ഘടക പദ്ധതിയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ഇന്നും കഴിയുന്നില്ല. വനിതാ റോഡ്, വനിതാ വീട് എന്നിവയിൽനിന്നും വ്യത്യസ്തമായി ശാസ്ത്രീയമായി പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം നൽ കിയാൽ മാത്രമേ മേൽവിവരിച്ച ലക്ഷ്യം നേടാൻ കഴിയുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ ഒരു സമഗ്ര സർവ്വേ നടത്തി അവരുടെ കഴിവുകൾ വിലയിരുത്തി, പോരായ്മകൾ നികത്താനുള്ള സൈദ്ധാന്തിക-പ്രായോഗിക പഠന-പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചാൽ ഈ പരിമിതി മറികടക്കാൻ കുറഞ്ഞ മാസങ്ങൾ മതിയാകും. എല്ലാ ഭരണതലത്തിലും ഓരോ വിദഗ്ദ്ധോപദേശക സമിതികൾ നിയമിക്കുന്നത് ഉന്നത ഗുണനിലവാരം ഭരണത്തിൽ നിലനിർത്താനും സഹായകമാകും.

തീരുമാനമെടുക്കൽ പ്രക്രിയയിൽ സ്ത്രീ രംഗത്ത് വരണം. നിലവിൽ സംവരണം എന്നത് "ഔദാര്യ കാഴ്ചപ്പാടിൽ" തളച്ചിടുന്നത് പലപ്പോഴും രാഷ്ട്രീയമോ, കുടുംബപരമോ ആയ അമിത സ്വാധീനം സ്ത്രീയെ വീണ്ടും തീരുമാനങ്ങളിൽ അദൃശ്യയാക്കുന്നു. വികസന പ്രവർത്തനങ്ങൾ–പദ്ധതികൾ കരാർ അടിസ്ഥാനത്തിലാകുമ്പോൾ തീരുമാനങ്ങളും പുരുഷകേന്ദ്രീകൃതമാകുന്നു. പദവി നൽകൽ മാത്രമല്ല സാമൂഹിക വ്യവസ്ഥിതികളിൽ അടിച്ചമർത്തപ്പെട്ട ഒരു വിഭാഗത്തിന്റെ ഉയർത്തെഴുന്നേല്പിന് ആവശ്യമായ ആത്മവിശ്വാസവും സഹായക സംവിധാനവും അനിവാര്യമാണ്. ■

*ലേഖിക കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ വൈസ്പ്രസിഡന്റാണ്*



പഞ്ചായത്ത് രാജ്



# സ്ത്രീ സംവരണം സാമൂഹ്യമാറ്റത്തിന്

കവർസ്റ്റോറി

**ലതികാ സുഭാഷ്**

ഇന്ത്യൻ പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 1/3 സംവരണം നൽകുന്നതിനായി കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് 2008 മേയിൽ തുടക്കമിട്ടു കഴിഞ്ഞു. അന്നത്തെ നിയമമന്ത്രി ഭരദ്വാജ് രാജ്യസഭയിൽ വനിതാ സംവരണ ബില്ല് അവതരിപ്പിച്ചതു തന്നെ, എതിർപ്പുകളെ അവഗണിച്ചാണ്. സമാജ്‌വാദി പാർട്ടി അംഗങ്ങളും, മറ്റും നടത്തിയ ബഹളങ്ങൾ കയ്യാങ്കളിയിലെത്തി. ബില്ല് വലിച്ചു കീറി, മന്ത്രിയെ കയ്യേറ്റം ചെയ്യുന്ന അംഗങ്ങളെ നമുക്ക് ദൃശ്യമാധ്യമങ്ങളിൽ കാണേണ്ടി വന്നു. എന്തായാലും ബഹളത്തിനിടെ, ഭരണഘടനയുടെ 108-ാം ഭേദഗതി ബില്ലായി വനിതാ സംവരണ ബില്ല് അവതരിപ്പിക്കുക തന്നെ ചെയ്തു. അത് പാർലമെന്റിന്റെ സ്ഥിരം സമിതിയുടെ പരിശോധനയ്ക്ക് വിടുകയും ചെയ്തു.

ഒരു വ്യാഴവട്ടക്കാലമായി ഈ ബില്ല് അവതരിപ്പിക്കാനാവാതെ പോയത്, ഇത്തരം ചില രാഷ്ട്രീയ കക്ഷികളുടേയും, പാർലമെന്റിലെ പുരുഷ മേധാവികളുടേയും പ്രത്യക്ഷമോ പരോക്ഷമോ ആയ എതിർപ്പുകൾ കാരണമാണ്. വനിതകൾക്ക് 33% പോരാ, 50% സംവരണം പാർലമെന്റിലും നിയമസഭകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വേണമെന്നും, അതിൽ കൂടുതൽ സീറ്റുകൾ മാറ്റിവയ്ക്കണമെന്നുമാണ് സമാജ്‌വാദി പാർട്ടിയും ബി.എസ്.പിയും മറ്റും ആവശ്യപ്പെട്ടിട്ടുള്ളത്.

വനിതാ സംവരണ ബില്ല് , ഈ ലോക്‌സഭാ കാലാവധിക്കുള്ളിൽ പാസ്സാക്കുമെന്നും, പഞ്ചായത്ത്-നഗരസഭാ തെരഞ്ഞെടുപ്പുകളിൽ യുവതീ-യുവാക്കൾക്കും വനിതകൾക്കും നിശ്ചിത ശതമാനം സീറ്റുകൾ നീക്കിവയ്ക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുമെന്നും 2009-ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പ്രകടന പത്രിക വ്യക്തമാക്കിയിരുന്നു. ഇന്ത്യയുടെ പ്രഥമ വനിത പ്രസിഡന്റ് പ്രതിഭാ പാട്ടിലിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ യു.പി.എയുടെ നൂറു ദിവസത്തെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗസംഖ്യയുടെ 50% വനിതകൾക്ക് സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. പ്രസ്തുത നടപടികളുമായി മുന്നോട്ടു പോകുന്നതിന്റെ ഭാഗമായി, ബന്ധപ്പെട്ട മന്ത്രിസഭാ യോഗങ്ങളിലും തീരുമാനങ്ങളായി. അടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ സ്ത്രീകൾക്ക് 50% സീറ്റുകൾ സംവരണം ചെയ്യുമെന്ന് ഉറപ്പായി. രാഷ്ട്രപതി സ്ഥാനത്തേയ്ക്ക് പ്രതിഭാ പാട്ടിലിനെയും പിന്നീട് സ്പീക്കർ സ്ഥാനത്തേയ്ക്ക് ദളിത് വനിതയായ മീരാ കുമാറിനെയും കൊണ്ടുവരികവഴി, സ്ത്രീപക്ഷ ചിന്തകൾ യാഥാർത്ഥ്യമാക്കുവാൻ കോൺഗ്രസ്സിനു കഴിഞ്ഞെന്നു പറയാം.

കേരളത്തിലെ ഭരണകക്ഷിയായ എൽ.ഡി.എഫ് കൂടി, 50% വനിതാ സംവരണത്തെക്കുറിച്ച് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. പഞ്ചായത്ത് പ്രസിഡിന്റുമാർക്കും സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർക്കും 50% സംവരണം നൽകണമെന്ന തീരുമാനമാണ് അവർ ഗവൺമെന്റിനു കൈമാറിയത്. കോൺഗ്രസ്സിന്റെ നയപരിപാടികൾ കടംകൊണ്ടതാണെന്ന പ്രതിപക്ഷത്തിന്റെ ആക്ഷേപങ്ങൾക്കിടയിൽ ഏറ്റവും അടുത്ത ദിവസങ്ങളിൽ തന്നെ , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വനിതാ സംവരണം 50 ആക്കുന്നതിനുള്ള ബില്ല് കേരള നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. സബ്ജക്റ്റ് കമ്മറ്റിയുടെ പരിഗണനയ്ക്കയച്ച ഈ ബില്ല് യാഥാർത്ഥ്യമായി.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പേ തന്നെ ഗ്രാമങ്ങളിൽ പഞ്ചായത്തുകളും നഗരങ്ങളിൽ മുനിസിപ്പാലിറ്റികളും സ്ഥാപിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം കൈമാറ്റം ചെയ്യാൻ ബ്രിട്ടിഷ് ഗവൺമെന്റ് തീരുമാനിച്ചപ്പോൾ, ആ നടപടിയെ അഭിനന്ദിക്കാൻ അന്നു തയ്യാറായ ഏക രാഷ്ട്രീയ പ്രസ്ഥാനം കോൺഗ്രസ്സ് ആണ്. കേന്ദ്രീകൃതമായ ബ്രിട്ടിഷ് ഭരണ സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരുത്തുവാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാർ അന്നു തയ്യാറാകാതിരുന്നതിനെ കോൺഗ്രസ്സ് എതിർക്കുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിയോടെ, വികേന്ദ്രീകൃതമായ ജനാധിപത്യം രാഷ്ട്രത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നായി അംഗീകരിക്കപ്പെടുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി പുത്തൻ നിയമങ്ങളുണ്ടാക്കുകയും ചെയ്തു. 1957 മുതൽ ഇങ്ങോട്ട് നിരവധി കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടു. 1959 ഒക്ടോബർ 2-ാം തീയതി രാജസ്ഥാനിലെ നാഗൂരിൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പഞ്ചായത്ത് രാജ് ഉദ്ഘാടനം ചെയ്തു. ബൽവന്ത്റായ് മേത്ത റിപ്പോർട്ട്, അശോക് മേത്ത, ദാന്ത് വാല, ഹനുമന്ദറാവു, സുഖാമയ് ചക്രവർത്തി തുടങ്ങിയ ഒട്ടേറെ പ്രഗൽഭരുടെ റിപ്പോർട്ടുകളാണ് ഇതിനുവേണ്ടി തയ്യാറാക്കിയത്. ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം സ്ത്രീകൾക്ക് മൂന്നിലൊന്നിൽ കുറയാതെയും, പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായും സീറ്റുകൾ സംവരണം ചെയ്യണമെന്ന നിർദ്ദേശമുണ്ടായി. ഗ്രാമസ്വരാജ് എന്ന ഗാന്ധിയൻ സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനായി രാജീവ്ഗാന്ധിയുടെ പരിശ്രമത്താൽ 1995 മുതൽ നിലവിൽ വന്ന പഞ്ചായത്തീരാജ് നഗരപാലികാ സംവിധാനം ഇന്ത്യൻ ജനാധിപത്യത്തിന്റെ സുവർണ്ണ കാലഘട്ടത്തിനു നാന്ദി കുറിച്ചു.

കേരളത്തിലെ 999 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ലാ പഞ്ചായത്തുകളിലും, 53 മുനിസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനുകളിലും വനിതാ സംവരണത്തിലും പട്ടികജാതി വനിതാ സംവരണത്തിലുമായി, ഏഴായിരത്തിലധികം വനിതകൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അടുക്കളയിൽ നിന്നും തൊഴിൽശാലകളിൽ നിന്നും കൊയ്ത്തുപാടത്തു നിന്നും ആഫീസ് മുറികളിൽ നിന്നുമൊക്കെ ഇറങ്ങിവന്നവർ അധികാരക്കസേരകളിൽ കയറിയിരുന്നത് സുപ്രധാന സംഭവമായി മാറി.

ഇന്ന് ജീവിച്ചിരിക്കുന്ന ഏറ്റവും പഴയ തലമുറ ഒരു പക്ഷേ, ഈ ഭരണ സംവിധാനത്തെക്കുറിച്ച് ആദ്യം കേട്ടപ്പോൾ നെറ്റി ചുളിച്ചിട്ടുണ്ടാവും. കാരണം മാറു മറയ്ക്കാൻ പോലും സ്വാതന്ത്ര്യമില്ലാതിരുന്ന ഒരു വിഭാഗം സ്ത്രീകളെ കണ്ടു വളർന്നതാണവരുടെ തലമുറ. വയ്ക്കാനും വിളമ്പാനും മക്കളെ പ്രസവിക്കാനും വീടു വൃത്തിയാക്കാനും കുടുംബാംഗങ്ങളെ പരിചരിക്കാനും മാത്രം മനുഷ്യരൂപം ധരിച്ചവരാണ് സ്ത്രീകളെന്നു വിശ്വസിക്കുന്നവർക്ക് പെട്ടെന്നൊന്നും ഇത്തരം ഒരു മാറ്റത്തെ ഉൾക്കൊള്ളാൻ കഴിയില്ലല്ലോ.

ജനസംഖ്യയുടെ പകുതിയിലധികം വരുന്ന സ്ത്രീകളുടെ ഇത്തരത്തിലുള്ള പ്രാതിനിധ്യം കൊണ്ട്, ഒട്ടേറെ മാറ്റങ്ങളാണ് നമ്മുടെ സമൂഹത്തിൽ ഉണ്ടായത്. സ്വീകരണമുറിയിലെ തിരശ്ശീലയ്ക്കു പിന്നിലും അടുക്കള ജോലികൾക്കിടയിലും തളച്ചിട്ടിരുന്ന സ്ത്രീജന്മങ്ങൾ പോലും വ്യത്യസ്ത തലങ്ങളിലായി ഭരണ പങ്കാളിത്തം ഏറ്റെടുക്കുന്നതും ഗ്രാമസഭകളിലെ ചർച്ചകളിൽ സജീവമാകുന്നതും കുടുംബശ്രീ പോലുള്ള സംവിധാനങ്ങളിൽ പ്രവർത്തന വിജയം ഘോഷിക്കുന്നതുമെല്ലാം നാം കണ്ടു കഴിഞ്ഞു.

ഒന്നരപ്പതിറ്റാണ്ടത്തെ ഭരണ പാടവവുമായി ഇന്ത്യൻ സ്ത്രീകൾ വിജയഗാഥകൾ രചിക്കുമ്പോഴിതാ ഭരണഘടനാ ഭേദഗതിയിലൂടെ ലഭിച്ച സംവരണത്തിന് അമ്പതു ശതമാനത്തിലേയ്ക്ക് കയറ്റം നൽകാൻ തീരുമാനമെടുത്തിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50% സ്ത്രീകൾക്കും, ജനസംഖ്യാനുപാതികമായി നിശ്ചിത ശതമാനം പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്കുമായി സംവരണം ചെയ്യപ്പെട്ടാൽ, ജനറൽ വിഭാഗത്തിലുള്ള, പുരുഷന്മാരുടെ അവസരം നന്നേ കുറയുമെന്നും ഈ നീക്കം അവരെ നിരുത്സാഹപ്പെടുത്താനിടയുണ്ടെന്നും ഒരു കൂട്ടർ അഭിപ്രായപ്പെടുന്നു. രാഷ്ട്രീയപ്പാർട്ടികളും സന്നദ്ധ സംഘടനകളും 50 ശതമാനം സ്ത്രീസംവരണത്തെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യാൻ തുടങ്ങിക്കഴിഞ്ഞു.


ഒന്നര ദശകത്തിലെത്തി നിൽക്കുന്ന അനുഭവം വച്ചു നോക്കുമ്പോൾ കേരളത്തിലെ സ്ത്രീസംവരണം ഒട്ടേറെ സാമൂഹ്യ മാറ്റങ്ങൾക്ക് നാന്ദികുറിച്ചെന്ന് പറയാനാവും. രംഗത്തിറങ്ങിയവരെല്ലാം അവിടെ തന്നെ തുടരുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വ്യക്തിപരമോ കുടുംബപരമോ ആയ അസൗകര്യങ്ങളും അസ്വസ്ഥതകളും കാരണം തിരിച്ചുകയറിയവരും ഉണ്ട്. ഭർത്താവിന്റെയോ സഹോദരന്റെയോ സഹപ്രവർത്തകരായ പുരുഷൻമാരുടെയോ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കേണ്ടിവന്നതിലുണ്ടായ വിഷമങ്ങളും തിക്കുമുട്ടലുകളും ഉള്ളിലൊതുക്കി ഒരുവിധത്തിൽ കാലാവധി പൂർത്തിയാക്കി അപ്രത്യക്ഷരായവരും ഉണ്ടായേക്കാം. എന്നാൽ, അനുഭവത്തിൽ നിന്നും പുത്തൻ പാഠങ്ങൾ പഠിച്ച്, ഈ സംവിധാനത്തെ നന്നായി പ്രയോജനപ്പെടുത്തിയ വനിതകൾ തന്നെയാണ് എണ്ണത്തിൽ മുന്നിലെന്നത് കേരളീയർക്ക് അഭിമാനം പകരുന്നു

ഈ വിജയം നേടിയ ഓരോ വനിതയും നേരിടേണ്ടിവന്ന പ്രശ്നങ്ങൾ അപ്രസക്തമല്ലതാനും. നമ്മുടെ നാട്ടിലെ എഴുതപ്പെടാത്ത പരമ്പരാഗത സാമൂഹിക നിയമങ്ങളെയും സമൂഹത്തിലിന്നും നിലനിൽക്കുന്ന പുരുഷമേധാവിത്വത്തെയും ഗാർഹികമായ അധിക ജോലികളെയും പ്രായോഗികമായ അറിവില്ലായ്മയെയുമൊക്കെ അതിജീവിച്ചു കൊണ്ടാണ് ഇക്കാലമത്രയും അവൾ പ്രവർത്തിച്ചു പോന്നത്. ജനപ്രതിനിധി എന്ന ഉത്തരവാദിത്തം ഭംഗിയായി നിറവേറ്റുന്നതിന് തന്റെ മറ്റ് കർമ്മമേഖലകളിലും അവൾക്ക് അധിക ജോലി ചെയ്യേണ്ടിവന്നിട്ടുണ്ടാവാം. എങ്കിലും ഇന്ന് കേരളത്തിലെ പഞ്ചായത്തുകളിലും നഗരസഭകളിലും അംഗങ്ങളോ സാരഥികളോ ആയിരിക്കുന്ന വനിതകളിൽ നല്ലൊരു ശതമാനം പേരും കഴിവുതെളിയിച്ചു എന്ന് നമുക്ക് ആശ്വസിക്കാം.

വ്യത്യസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണ് സ്ത്രീകളും അധികാര സ്ഥാനങ്ങളിലെത്തിയതെങ്കിലും പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കാനും അച്ചടക്കമുള്ള പാർട്ടിപ്രവർത്തകരായി നിലകൊള്ളാനും ബഹുഭൂരിപക്ഷം പേർക്കും കഴിഞ്ഞില്ല എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെ നഗരസഭകളിലും ത്രിതല പഞ്ചായത്തുകളിലും സാരഥ്യം വഹിക്കവേ അച്ചടക്കലംഘനവും കൂറുമാറ്റവുമൊക്കെയായി സ്ഥാപനങ്ങളിൽ ഭരണ സ്തംഭനം സൃഷ്ടിച്ചവരിൽ സ്ത്രീകളുടെ അനുപാതം കൂടുതലാണെന്ന് കണക്കുകൾ പറയുന്നു.

ഇതിന് പരിഹാരം കാണണമെങ്കിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവയുടെ മുഖ്യധാരയിലേയ്ക്ക് കൂടുതൽ സ്ത്രീകളെ കൊണ്ടുവരേണ്ടിയിരിക്കുന്നു. തെരഞ്ഞെടുപ്പുകാലങ്ങളിൽ മത്സരിക്കാനായി സ്ത്രീകളെ നിർബന്ധിച്ചിറക്കേണ്ടി വരുന്ന അവസ്ഥ ഇല്ലാതാകണം. പ്രാദേശിക ഗവൺമെന്റുകളുടെ അധികാര സ്ഥാനങ്ങളിൽ 50 ശതമാനം സംവരണം നൽകുന്നതുപോലെ തന്നെ രാഷ്ട്രീയപ്പാർട്ടികളുടെ നേതൃത്വത്തിലും അംഗത്വത്തിലും സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. പതിനാലു വർഷത്തെ സംവരണചരിത്രം പരിശോധിച്ചാൽ വളരെ വിരളമായേ സ്ത്രീകൾ പാർട്ടി സ്ഥാനങ്ങളിൽ എത്തപ്പെട്ടിട്ടുള്ളു എന്നുകാണാം. കോൺഗ്രസ് അടക്കമുള്ള ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പാർട്ടി സ്ഥാനങ്ങളിൽ നിശ്ചിത ശതമാനം സ്ത്രീകളെ നിർബന്ധമായും കൊണ്ടു വരാൻ തീരുമാനമെടുത്തത് ശുഭസൂചനയാണ്. ■

*ലേഖിക*
*കോട്ടയം ജില്ലാപഞ്ചായത്ത് മുൻപ്രസിഡന്റാണ്*




ഏലിയാമ്മ വിജയൻ

# തദ്ദേശഭരണ സംവിധാനത്തിൽ 50:50

സെപ്റ്റംബർ 8 മുതൽ 17 വരെ നടന്ന കേരള അസംബ്ലിയുടെ പ്രത്യേക സെഷനിൽ പാസ്സാക്കിയ ഒരു സുപ്രധാന നിയമ ഭേദഗതിയാണ്, തദ്ദേശഭരണ സ്ഥാപനങ്ങളിൽ പകുതി സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്യുന്ന ഭേദഗതി. ഇനി പഞ്ചായത്ത്തല സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ തലപ്പത്തും പകുതിയോളം സ്ത്രീകളായിരിക്കും.

പുതിയ കേന്ദ്രസർക്കാർ അധികാരത്തിൽ വന്നപ്പോൾ, നൂറുദിവസത്തിനകം ചെയ്തുതീർക്കേണ്ട കർമ്മപരിപാടികളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു തദ്ദേശഭരണ സ്ഥാപനങ്ങളിൽ 50% സീറ്റ് സ്ത്രീകൾക്കായി മാറ്റിവയ്ക്കും എന്നത്. ആ വാഗ്ദാനം പൂർത്തിയാക്കാനുള്ള നടപടികളായിക്കഴിഞ്ഞു. സംസ്ഥാന കേന്ദ്ര നിയമ നിർമ്മാണ സഭകളിൽ 33% സ്ത്രീ സംവരണം എന്നത് മുഖ്യവാഗ്ദാനമാണെങ്കിലും, അതിനില്ലാത്ത ഒരു സ്വീകാര്യത, പ്രാദേശിക ഭരണം സ്ത്രീകളെ ഏല്പിക്കുന്നതിൽ ഉണ്ട് എന്നത് യാദൃശ്ചികമല്ല. പ്രാദേശിക തലത്തിൽ നിന്നും സംസ്ഥാന-കേന്ദ്ര ഭരണാധികാരത്തിലേയ്ക്ക് ഏറെ ദൂരമുണ്ടാകില്ല എന്നും ആശ്വസിക്കാം.

ബീഹാർ സർക്കാരാണ് ആദ്യമായി (2005) പ്രാദേശിക ഭരണത്തിൽ സ്ത്രീകൾക്ക് 50% സംവരണം നല്കിയത്. തുടർന്ന് ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളും ഈ വഴി പിന്തുടർന്ന് അടുത്ത തെരഞ്ഞെടുപ്പിൽ 50% സീറ്റ് സ്ത്രീകൾക്ക് ലഭിക്കത്തക്ക വിധത്തിൽ നിയമഭേദഗതി നടത്തികഴിഞ്ഞു. ബീഹാർ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഇപ്പോൾ 55% വനിതകൾ പ്രാദേശിക ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നു.

ശരിയായ ജനാധിപത്യത്തിലും, ആനുപാതിക പ്രാതിനിധ്യത്തിലും വിശ്വസിക്കുന്ന ഏവർക്കും, ജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകൾക്ക് ഭരണരംഗത്ത് ലഭിക്കുന്ന ഈ സംവരണം സന്തോഷം ഉളവാക്കും എന്നതിൽ സംശയമില്ല. സ്വാതന്ത്ര്യ സമരകാലഘട്ടത്തിന് ശേഷം കുടുംബത്തിലേയ്ക്ക് മാത്രം ഒതുങ്ങാൻ വിധിക്കപ്പെട്ട സ്ത്രീകൾ പൊതു-രാഷ്ട്രീയ രംഗത്തേയ്ക്ക് പ്രവേശിക്കുന്നു എന്നത് എന്തുകൊണ്ടും പ്രാധാന്യമർഹിക്കുന്നു. സംവരണം എന്നത് സ്ത്രീകളുടെ അവകാശത്തിന്റെ മാത്രം പ്രശ്നമല്ല. പൗരത്വം (citizenship), പ്രാതിനിധ്യ പങ്കാളിത്തം, ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെ ആത്മനിഷ്ഠമായ ഘടകങ്ങൾ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു.

## ചരിത്ര പശ്ചാത്തലം

ജനപ്രതിനിധി സഭകളിൽ സ്ത്രീകളുടെ സംവരണം എന്ന വിഷയത്തെക്കുറിച്ച് ഇന്ത്യയിൽ ഒട്ടേറെ ചർച്ചകൾ നടന്നിട്ടുണ്ട്. ഭരണഘടന ചർച്ചയിൽ ഈ വിഷയം ഉയർന്നുവന്നിരുന്നെങ്കിലും അന്നത്തെ വനിത നേതാക്കൾ തന്നെ, അതിന്റെ ആവശ്യമില്ല എന്ന് പറഞ്ഞ് ഈ നിർദ്ദേശത്തെ നിരാകരിക്കുകയാണ് ഉണ്ടായത്. ജനാധിപത്യത്തിൽ എല്ലാവർക്കും ന്യായമായ പ്രാതിനിധ്യം ലഭിക്കും എന്നവർ വിശ്വസിച്ചു. തുല്യരെന്ന നിലയിൽ മത്സരിക്കാനുള്ള സ്ത്രീകളുടെ ശക്തിയെ വിലകുറച്ചു കാണിക്കുകയാണ് സംവരണത്തിലൂടെ ചെയ്യുന്നതെന്നും അവർ കരുതി. 25 വർഷത്തിന് ശേഷം, 1974-ൽ ഇന്ത്യൻ സർക്കാർ രൂപീകരിച്ച "സ്ത്രീപദവി" പഠന കമ്മിറ്റി (Committee on the status of women in India) വീണ്ടും ഈ വിഷയം പരിശോധിച്ചു. അവരുടെ കാഴ്ചപ്പാടിൽ ഭൂരിപക്ഷം വരുന്ന ഗ്രാമീണ സ്ത്രീകളുടെ പ്രശ്നങ്ങൾ, അദൃശ്യമായി തുടരുന്നുവെന്നും അത്തരം പ്രശ്നങ്ങൾ ഒരിടത്തും ഉന്നയിക്കപ്പെടുന്നില്ല എന്നും, അതുകൊണ്ട് എല്ലാ സംസ്ഥാനങ്ങളിലും സ്ത്രീകൾ മാത്രം ഭരിക്കുന്ന പഞ്ചായത്തുകൾ (All Women Panchayats) രൂപീകരിക്കണമെന്നും നിർദ്ദേശിച്ചു. കർണ്ണാടക, മഹാരാഷ്ട്ര, ഹരിയാന തുടങ്ങി പല സംസ്ഥാനങ്ങളിലും ഇത്തരം പഞ്ചായത്തുകൾ രൂപീകരിക്കുകയും ആ സംവിധാനം ഇന്നും തുടരുകയും ചെയ്യുന്നു. ഇതിന് മുമ്പ് തന്നെ, പല സംസ്ഥാനങ്ങളിലേയും പഞ്ചായത്ത് രാജ് നിയമത്തിൽ, രണ്ട് സീറ്റുകൾ സ്ത്രീകൾക്ക് സംവരണം







ചെയ്തിരുന്നു. തെരഞ്ഞെടുക്കപ്പെട്ടവരിൽ സ്ത്രീകളില്ലെങ്കിൽ, നോമിനേഷൻ വഴിയും ഇവ നികത്താമായിരുന്നു.

സംസ്ഥാന-കേന്ദ്ര നിയമ നിർമ്മാണ സഭകളിലെ സ്ത്രീസംവരണത്തെക്കുറിച്ച് ഇന്ന് നമുക്ക് സുപരിചിതമായ വാദഗതികൾ തന്നെയാണ് ചർച്ച ചെയ്യപ്പെട്ടുവന്നത്. 1975 അന്താരാഷ്ട്രതലത്തിൽ വനിത വർഷമായി ആചരിക്കാൻ ഐക്യരാഷ്ട്രസഭ ആഹ്വാനം ചെയ്തു. 1995 ൽ ബീജിംഗിൽ നടന്നതുൾപ്പെടെ ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ നാലു ലോക വനിത സമ്മേളനങ്ങൾ നടന്നു. ഇവയെല്ലാം വഴി സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ, തീരുമാനമെടുക്കൽ പ്രക്രിയകളിലെ അവരുടെ പങ്കാളിത്തം തുടങ്ങിയവ ചർച്ച ചെയ്യപ്പെടുകയും മിക്ക ലോകരാഷ്ട്രങ്ങളും അനുകൂലമായ നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്തു. വനിത നയംപോലുള്ള നയപരമായ തീരുമാനങ്ങൾ, സംവരണം പോലുള്ള ഭരണഘടന ഭേദഗതികൾ, വനിത കമ്മീഷൻ പോലുള്ള സ്ഥാപന സംവിധാനങ്ങൾ, ജന്റർ ബഡ്ജറ്റിംഗ് തുടങ്ങിയവയെല്ലാം ഇത്തരത്തിൽ സ്ത്രീപ്രസ്ഥാനങ്ങളുടെയും സാർവ്വദേശീയ സമ്മർദ്ദങ്ങളുടെയും ഫലമായി രൂപപ്പെട്ടതാണ്.

## എന്തിനാണ് സ്ത്രീ സംവരണം?

a. നൂറ്റാണ്ടുകളായി സ്ത്രീകളനുഭവിച്ച നീതിനിഷേധത്തിന് പരിഹാരമായി അനുകൂല നടപടികളിലൂടെ (Positive discrimination) സ്ത്രീകളെ മുഖ്യധാരയിലെത്തിച്ചാൽ മാത്രമേ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതിയും, വികസനവും രാജ്യപുരോഗതിയും സാധ്യമാകൂ.

b. രാഷ്ട്രീയപാർട്ടികൾ പൊതുവേ പുരുഷന്മാരാൽ നിയന്ത്രിക്കപ്പെടുന്നവയാണ്. സ്ത്രീകളെ സ്ഥാനാർത്ഥികളാക്കാനും, അവരുമായി അധികാരം പങ്കിടാനും അവർ മടിക്കുന്നു. അതുകൊണ്ട് സംവരണം ആവശ്യമാണ്.

c. കൂടുതൽ സ്ത്രീകൾ ഭരണത്തിൽ പങ്കാളികളാകുന്നതുവഴി വികസന സംവാദങ്ങളുടെയും നയങ്ങളുടെയും ദിശ തന്നെമാറും.

സംവരണത്തെക്കുറിച്ചുള്ള സംവാദത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുന്നത് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സ്ത്രീകൾക്കായുള്ള ദേശീയവികസന പരിപ്രേക്ഷ്യ (National Perspective Plan for Women 2000) ത്തിലൂടെയാണ്. ഈ പരിപ്രേക്ഷ്യ രേഖയിൽ, ത്രിതല പഞ്ചായത്തുകളിൽ സ്ത്രീകൾക്ക് 30% സീറ്റ് സംവരണം ചെയ്യണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. കർണ്ണാടക, ഗുജറാത്ത് തുടങ്ങിയ ചില സംസ്ഥാനങ്ങൾ ഈ കാലത്ത് തന്നെ 20-25% സംവരണം ഏർപ്പെടുത്തി. 1993 ലാണ് 73,74-ാം ഭരണഘടന ഭേദഗതികളിലൂടെ ഇന്ത്യയൊട്ടാകെ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ത്രീസംവരണം നടപ്പാക്കിയത്. 1996 ലെ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് സംസ്ഥാന, കേന്ദ്രനിയമ നിർമ്മാണ സഭകളിലേയ്ക്ക് സംവരണം എന്ന ആവശ്യവുമായി സ്ത്രീസംഘടനകൾ മുന്നോട്ടിറങ്ങുന്നത്. മുഖ്യ പാർട്ടികളെല്ലാം ഈ ഡിമാന്റിനെ അംഗീകരിക്കുന്നു എന്ന് പറയുമ്പോഴും ബില്ലിന്റെ ചർച്ച നടക്കുന്ന വേളയിലും 10 ശതമാനത്തിൽ താഴെ സീറ്റ് മാത്രമേ സ്ത്രീകൾക്ക് നൽകാൻ പാർട്ടികൾ തയ്യാറാകുന്നുള്ളൂ എന്നതാണ് ഇതിന്റെ വൈരുദ്ധ്യം. നിയമം ഉണ്ടായാലേ ഞങ്ങൾ സ്ത്രീകളെ തുല്യരായി കണക്കാക്കൂ എന്ന ഒരു വാശി! 1996-ൽ 81- ാം ഭേദഗതിയായി അംഗീകരിച്ച സംവരണ ബില്ലിന്റെ ഗതി 2009 ലും എന്താണ് എന്ന് നമുക്കറിയാം.



സംവരണം ആവശ്യമില്ല എന്ന് സ്ത്രീ നേതാക്കൾ വാദിച്ചിരുന്ന കാലത്ത് നിന്നും ഇന്ന് സംവരണം ഇല്ലാതെ സ്ത്രീകൾക്ക് ഭരണപങ്കാളിത്തം ലഭിക്കില്ല എന്ന് അതേ സ്ത്രീനേതാക്കൾ തന്നെ വാദിക്കുന്ന കഴിഞ്ഞ 5-6 ദശകങ്ങളിൽ എന്തു മാറ്റമാണ് ഉണ്ടായത്? സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ 'ദേശീയത, ദേശീയ ഉദ്ഗ്രഥനം, തുല്യനീതി, പൗരത്വം' തുടങ്ങിയവയെപ്പറ്റി ഒക്കെ ഉണ്ടായിരുന്ന പല സ്വപ്നങ്ങളും തകരാൻ തുടങ്ങി. 1970 കളുടെ പകുതിയിൽ തന്നെ ഉണ്ടായ രാഷ്ട്രീയവും സാമ്പത്തികവുമായ പ്രതിസന്ധികൾ വികസന ആസൂത്രണത്തെ ബാധിച്ചു. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ അസ്വസ്ഥതകളും ചെറുത്തുനില്പുകളും ആരംഭിച്ചു. 80 കളിൽ 'ദേശീയതയെ' ചോദ്യം ചെയ്ത് പ്രാദേശിക പ്രസ്ഥാനങ്ങൾ ഉദയമെടുത്തു. പിന്നോക്കവിഭാഗങ്ങളും സ്ത്രീകളും സംഘടിക്കാൻ തുടങ്ങി. അഴിമതിക്കും വിലക്കയറ്റത്തിനും എതിരെയുള്ള പോരാട്ടങ്ങളിൽ സ്ത്രീകൾ മുൻപന്തിയിലായിരുന്നു. അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട സാഹചര്യങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. 80 കളിൽ പല സ്ത്രീപക്ഷ വിഷയങ്ങളും-സ്ത്രീധനം, ബലാത്സംഗം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, നിർബന്ധിത ജനസംഖ്യ നിയന്ത്രണ നയങ്ങൾ -ഉന്നയിച്ച് പ്രവർത്തിക്കുന്ന ശക്തമായ സ്ത്രീ സംഘടനകളും പ്രസ്ഥാനങ്ങളും ഇന്ത്യയിൽ എവിടെയും ഉയർന്നുവരാൻ തുടങ്ങി. സ്ത്രീകളുടെ സവിശേഷ പ്രശ്നങ്ങൾക്ക് ദൃശ്യത ഉണ്ടായി തുടങ്ങി. എന്നാൽ നിയമ നിർമ്മാണ, നയരൂപികരണ സമിതികളിൽ സ്ത്രീകളുടെ അസാന്നിദ്ധ്യം ശ്രദ്ധേയവുമായിരുന്നു. സംവരണം വേണ്ട എന്ന് വാദിച്ചവർ തന്നെ, സാമൂഹിക രാഷ്ട്രീയരംഗങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ വിലയിരുത്തുകയും 'പൗരത്വം' (citizenship) എന്നത് നേട്ടങ്ങൾക്കുള്ള മറയാണെന്ന് പരിതപിക്കുകയും വ്യത്യസ്തതകളെ തിരിച്ചറിഞ്ഞ്, അംഗീകരിക്കേണ്ടതുണ്ട് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അങ്ങിനെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ത്രീകൾ ഒരു പ്രധാനപ്പെട്ട ഗ്രൂപ്പായി ഉയർന്നുവന്ന സാഹചര്യത്തിലാണ് പ്രധാനമായും സംവരണം ഒരു ആവശ്യമായി അനുഭവപ്പെട്ടതും അംഗീകരിക്കേണ്ടി വന്നതും.

73, 74-ാം ഭരണഘടന ഭേദഗതിയിലൂടെ ഇന്ത്യയൊട്ടാകെ ലക്ഷക്കണക്കിന് സ്ത്രീകൾ ഭരണരംഗത്ത് എത്തിയിട്ടുണ്ട്. ആദ്യകാലത്തുണ്ടായിരുന്ന

> സ്ത്രീസംവരണം ഒരു രാഷ്ട്രീയ അനിവാര്യത ആയതു കൊണ്ട് മാത്രം അതിന് വഴങ്ങുന്നു എന്നല്ലാതെ സമീപനങ്ങളിലും ചിന്താരീതികളിലും സ്ത്രീസമത്വത്തെ അംഗീകരിക്കാൻ രാഷ്ട്രീയ അധികാര നേതൃത്വത്തിലുള്ള പുരുഷന്മാർക്ക് കഴിയുന്നില്ല. സംവരണത്തെപ്പറ്റി സംസാരിക്കുമ്പോഴും തങ്ങളുടെ പാർട്ടികൾക്കുള്ളിൽ 50% പോകട്ടെ, 33% എങ്കിലും സംവരണം കൊണ്ടുവരാൻ ഇവരാരും തയ്യാറാകാത്തത് ഇതുകൊണ്ടല്ലേ?

ആശങ്കകളും, ഭർത്താക്കന്മാർ പകരം ഭരണം ഏറ്റെടുക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അവസ്ഥയിൽ നിന്നുമൊക്കെ മാറി സ്ത്രീകൾ അസാമാന്യമായ ഇച്ഛാശക്തിയും ഭരണപാടവും പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം 2008–ൽ ദേശീയതലത്തിൽ വനിത ജനപ്രതിനിധികളെക്കുറിച്ച് നടത്തിയ ഒരു പഠനം, ഈ കാര്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നു. (Study of elected women representatives in Panchayat Raj institutions-Based on a nation wide survey by AC Nielson ORG-MARG : Ministry of Panchayati Raj, GOI 2008)

പ്രാദേശിക ഭരണരംഗത്ത് ലഭിച്ച ഈ അവസരം രാഷ്ട്രീയ രംഗത്ത് മുന്നേറാനുള്ള ഒരു പഠനകളരിയായി മാറുന്നു എന്ന് ഈ പഠനം വ്യക്തമാക്കുന്നു. സ്ത്രീകളെപ്പറ്റി നിലനിന്നിരുന്ന ഒട്ടേറെ മുൻവിധികളും അബദ്ധ ധാരണകളും തെറ്റാണ് എന്ന് കഴിഞ്ഞ 10–13 വർഷത്തെ അനുഭവങ്ങൾ തെളിയിച്ചു. മറ്റേതു രംഗത്തേയും പോലെ അവസരങ്ങൾ ലഭിച്ചാൽ തങ്ങൾക്ക് വളരെ ഭംഗിയായി തന്നെ കാര്യങ്ങൾ നടത്താനാകുമെന്ന് വനിത ജനപ്രതിനിധികൾ തെളിയിച്ചുകൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ഥിതി വിഭിന്നവും താരതമ്യേന മെച്ചപ്പെട്ടതുമാണ്. ത്രിതല പഞ്ചായത്ത് തല ജനപ്രതിനിധികളെക്കുറിച്ച് മുൻ സൂചിപ്പിച്ച പഠനമുൾപ്പെടെ പല പഠനങ്ങളും കാണിക്കുന്നത്, പുരുഷന്മാരേക്കാളും ശരാശരി വിദ്യാഭ്യാസം സ്ത്രീകൾക്കാണ് കൂടുതലെന്നാണ്. 30 നും 50 നും ഇടയ്ക്ക് പ്രായമുള്ളവരാണ് ഇവരിൽ ഭൂരിപക്ഷവും. കേരളത്തിൽ, 30 വയസ്സാകുമ്പോഴേയ്ക്കും, പ്രത്യുല്പാദന ഉത്തരവാദിത്വങ്ങൾ കഴിഞ്ഞിരിക്കും. എന്നാൽ പാർട്ടിതലങ്ങളിൽ പ്രവർത്തിച്ചുള്ള പരിചയം, എല്ലായിടത്തുമെന്ന പോലെ കേരളത്തിലും കുറവാണ്. സംവരണം വന്നതിന്റെ പേരിൽ, പൊതുരംഗത്ത് വരാൻ നിർബന്ധിതരാകുന്നവരാണ് ഏറിയ പങ്കും.

അധികാര വികേന്ദ്രീകരണവും അതോടനുബന്ധിച്ച് ലഭിച്ച പണം, ചുമതലകൾ, ഉദ്യോഗസ്ഥർ, സമഗ്ര വികസന പദ്ധതികളുടെ സാധ്യതകൾ, പരിശീലന പരിപാടികൾ ഇവയെല്ലാം കേരളത്തിലെ ജനപ്രതിനിധികളുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജനപ്രതിനിധിയാവുക എന്നത് ഒരു മുഴുവൻ സമയ ജോലിയാണ്.

ഇത് സ്ത്രീ ജനപ്രതിനിധികൾക്ക് ഒട്ടേറെ പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. പുരുഷാധിപത്യ വ്യവസ്ഥ ശക്തമായി നിലനില്ക്കുന്ന ഒരു സംസ്ഥാനത്ത്, കുടുംബപരമായ എല്ലാ ചുമതലകളും സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാണ് എന്ന് കരുതിവരുന്നു. പുറത്ത് ജോലിക്ക് പോയാലും രാഷ്ട്രീയ ഉത്തരവാദിത്വങ്ങൾ ഉണ്ടെങ്കിലും ഈ പരമ്പരാഗത സങ്കല്പങ്ങളിൽ മാറ്റമുണ്ടാകുന്നില്ല. തന്മൂലം കുടുംബത്തിൽ മറ്റ് സ്ത്രീകൾ സഹായത്തിനില്ലെങ്കിൽ, അല്ലെങ്കിൽ കുടുംബജോലികളുടെ ഉത്തരവാദിത്വങ്ങൾ ഭർത്താവും കുട്ടികളും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾ പങ്കിടാൻ തയ്യാറായില്ലെങ്കിൽ ഒരു വനിത ജനപ്രതിനിധിക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയില്ല. 50% സംവരണത്തെപ്പറ്റി തീരുമാനമാകുമ്പോൾ, സമൂഹത്തിൽ സജീവ ചർച്ചാവിഷയമാകേണ്ട ഒരു സമസ്യയാണ് വീട്ടുജോലിയുടെയും പരിചരണ ഉത്തരവാദിത്വങ്ങളുടെയും (care responsibilities) പങ്കുവയ്ക്കലും പിന്തുണാ സംവിധാനങ്ങളും.

രണ്ടാമത്തെ പ്രശ്നം രാഷ്ട്രീയ പാർട്ടികൾക്കകത്തെ പുരുഷാധിപത്യ സ്വഭാവമാണ്. സ്ത്രീസംവരണം ഒരു രാഷ്ട്രീയ അനിവാര്യത ആയതുകൊണ്ട് മാത്രം അതിന് വഴങ്ങുന്നു എന്നല്ലാതെ സമീപനങ്ങളിലും ചിന്താരീതികളിലും സ്ത്രീസമത്വത്തെ അംഗീകരിക്കാൻ രാഷ്ട്രീയ അധികാര നേതൃത്വത്തിലുള്ള പുരുഷന്മാർക്ക് കഴിയുന്നില്ല. സംവരണത്തെപ്പറ്റി സംസാരിക്കുമ്പോഴും തങ്ങളുടെ പാർട്ടികൾക്കുള്ളിൽ 50% പോകട്ടെ, 33% എങ്കിലും സംവരണം കൊണ്ടുവരാൻ ഇവരാരും തയ്യാറാകാത്തത് ഇതുകൊണ്ടല്ലേ? ഇന്ന് രാഷ്ട്രീയ നേതൃത്വത്തിലുള്ള മിക്കവർക്കും അത്തരത്തിലൊരു പദവിയിലെത്താൻ കഴിഞ്ഞത്, നിശബ്ദരായി അവരുടെ കുടുംബത്തിലെ എല്ലാ ചുമതലകളും ഇവരുടെ ജീവിത പങ്കാളികൾ നിർവ്വഹിക്കുന്നതുകൊണ്ടാണ്. പല പ്രമുഖരാഷ്ട്രീയ നേതാക്കന്മാരുടേയും ഭാര്യമാർ ഇത് തുറന്നു പറഞ്ഞിട്ടുമുണ്ട്. രാജ്യത്തിനും കുടുംബത്തിനും വേണ്ടി തങ്ങൾ ത്യാഗം ചെയ്യേണ്ടവരാണ് എന്ന മനോഭാവം സ്ത്രീകളിൽ സൃഷ്ടിച്ചെടുക്കാൻ സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെ സാധിച്ചിട്ടുണ്ട്. ഈ അവസ്ഥ മാറേണ്ടതുണ്ട്. രാഷ്ട്രീയരംഗത്ത് സ്ത്രീകൾക്ക് പ്രവർത്തിക്കാനുള്ള അവസരങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കണം. യോഗസമയം, അജണ്ട നിർണ്ണയം തുടങ്ങി ഒട്ടേറെ തലങ്ങളിൽ ഇതിനനുസൃതമായ മാറ്റം ഉണ്ടാകണം. യോഗങ്ങൾ വൈകിയാൽ യാത്രാസൗകര്യം ക്രമീകരിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ പരിചിന്തിക്കേണ്ടതുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനരീതികളിലും ശൈലികളിലും സ്ത്രീയോന്മുഖ സമീപനങ്ങൾ ദൃശ്യമാകണം.

പരിശീലനം ആണ് മറ്റൊരു മുഖ്യ പ്രശ്നം. കുടുംബിനികളായി മാറാൻ മാത്രം പരുവപ്പെടുത്തപ്പെട്ട സ്ത്രീകൾക്ക് രാഷ്ട്രീയ അധികാരരംഗം തീർത്തും പരിചിതമല്ല. തദ്ദേശഭരണസ്ഥാപനങ്ങളിൽ 50% സ്ത്രീകൾ എത്തുകയെന്ന് പറയുമ്പോൾ, അതിനുള്ള തയ്യാറെടുപ്പുകൾ ഇപ്പോഴെ തുടങ്ങണം. കുടുംബശ്രീപോലുള്ള സംവിധാനങ്ങളിലൂടെ ആയിരക്കണക്കിന് സ്ത്രീകൾ തങ്ങളുടെ നേതൃത്വകഴിവുകൾ പ്രകടിപ്പിക്കുന്നുണ്ട്. ഇവരിൽ നിന്നും, പാർട്ടി വനിതാ ഘടകങ്ങളിൽ നിന്നും അനുയോജ്യരായവരെ കണ്ടെത്തി വളരെ വികേന്ദ്രീകൃതമായ രീതിയിൽ പരിപാടികൾ സംഘടിപ്പിച്ച് തെരഞ്ഞെടുപ്പിന് മുമ്പുള്ള ഈ ഒരു വർഷം അവരെ സജ്ജരാക്കുക എന്നത് രാഷ്ട്രീയ പാർട്ടികളുടെ മുഖ്യ അജണ്ടയായി മാറണം.

പരിശീലനം എന്ന് പറയുമ്പോൾ, ചിട്ടപ്പെടുത്തിയ ക്ലാസ്സുകളും ചർച്ചകളും മാത്രമല്ല; മുഖ്യധാരാ പാർട്ടി പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും, പാർട്ടിയുടെ തീരുമാനമെടുക്കുന്ന സമിതികളിൽ ഉൾപ്പെടാനും ഒക്കെയുള്ള അവസരം കൂടിയാണ്. അനുഭവത്തിലൂടെയാണ് ഏറ്റവുമധികം പഠിക്കാൻ കഴിയുക. ഇന്ന് നമുക്ക് കാണാൻ കഴിയുന്ന ഖേദകരമായ ഒരു കാര്യം, സംവരണത്തിലൂടെ അധികാരത്തിൽ വന്ന ധാരാളം സ്ത്രീകൾ ആ ഘട്ടം കഴിയുമ്പോൾ, തിരിച്ചു വീടിന്റെ നാലുചുവരുകൾക്കുള്ളിലേയ്ക്ക് ഒതുങ്ങികൂടുന്നതാണ്. ഇരട്ട ജോലിഭാരം, മനം മടുപ്പിക്കുന്ന അപവാദ പ്രചരണങ്ങൾ, ഭർത്താക്കന്മാരുടെ 'ഈഗോ' പ്രശ്നങ്ങൾ, പാർട്ടികളിലെയും സമൂഹത്തിലെയും പുരുഷാധിപത്യ പ്രവണതകൾ ഇവയെല്ലാം ഇതിന് കാരണമാകുന്നുണ്ട്. ഈ അവസ്ഥ തീർച്ചയായും മാറണം. അഞ്ചോ പത്തോ വർഷം രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ച് ഈ സ്ത്രീകൾ നേടുന്ന അനുഭവപരിചയം, അറിവ് തുടങ്ങിയവ സമൂഹത്തിനും പാർട്ടികൾക്കും തുടർന്നും ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഭരണരംഗത്ത് പ്രവേശിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനും അവർക്ക് വേണ്ട പിന്തുണ നല്കാനും പാർട്ടികളുടെ ജില്ലാ തലങ്ങളിൽ പ്രത്യേക സംവിധാനം അനിവാര്യമാണ്.

രാഷ്ട്രീയ പാർട്ടികളുടെ തീരുമാനമെടുക്കൽ പ്രക്രിയകളിൽ സ്ത്രീകൾക്ക് തുല്യപങ്കാളിത്തം നൽകാൻ പാർട്ടികൾ എപ്പോൾ തയ്യാറാകും എന്നത് ഇന്ന് ഒരു വലിയ ചോദ്യവും വെല്ലുവിളിയുമായി നിലനിൽക്കുന്നു.

*(ലേഖിക സഖി ഡയറക്ടറാണ്)*







**അഡ്വ. എം.കെ. ഹക്ക്**

# കായിക ഗ്രാമപഞ്ചായത്തായി അന്നമനട

കേരളത്തിലെ ആദ്യ കായിക ഗ്രാമപഞ്ചായത്തെന്ന നിലയിൽ അന്നമനട കേരളത്തിന്റെ കായിക ഭൂപടത്തിൽ സ്ഥാനം പിടിക്കുന്നു. സംസ്ഥാന വെറ്ററൻസ് മീറ്റിൽ, പങ്കെടുത്ത മൂന്നിനങ്ങളിലും വിജയം കൈവരിച്ച് ഒക്ടോബറിൽ സിംഗപ്പൂരിൽ നടക്കുന്ന ലോക വെറ്ററൻസ് മീറ്റിൽ പങ്കെടുക്കാൻ തയ്യാറെടുക്കുന്ന ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ബേബി പൗലോസും പഞ്ചായത്തും ഏറെ പ്രതീക്ഷയിലാണ്.

ബേബി പൗലോസിന്റെ നേതൃത്വത്തിൽ ഭരണസമിതി 2005 ൽ അധികാരമേൽക്കുമ്പോൾ തൊട്ടാവാടിക്കാടുകൾക്കിടയിൽ പൂർത്തിയാകാത്ത ഒരു സ്റ്റേഡിയവും എം.എൽ.എ, എം.പി.ഫണ്ടുകളുടെ പരിമിതികൾക്കുള്ളിൽ വീർപ്പുമുട്ടുന്ന അന്നമനടയിലെ കായികയുവതയുമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ആദ്യവർഷം തന്നെ സ്പോർട്സ് സ്കൂളുകളോട് കിടപിടിക്കുംവിധം ഒരു സ്പോർട്സ് അക്കാദമി രൂപം കൊള്ളാൻ തുടങ്ങി. വ്യത്യസ്ത കായികമേഖലകളിൽ തങ്ങളുടെ യുവത്വം നല്കിയശേഷം ബിസിനസ്സും കൈത്തൊഴിലും മറ്റുമായി ശിഷ്ട ജീവിതം തള്ളിനീക്കുന്ന നല്ലൊരു വിഭാഗം കായിക പ്രേമികൾ സഹായിക്കാൻ തയ്യാറായി വന്നു. ഗ്രാമദർശനം ദ്വൈമാസികയിലൂടെയും അച്യുതമാരാർ വാദ്യകലാകേന്ദ്രത്തിലൂടെയും മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. വി.വി. ജയരാമനും മറ്റു പഞ്ചായത്തംഗങ്ങളും ഒരുമിച്ചു ചേർന്നതോടെ നാടിന്റെ ഒരു സ്വപ്നം പൂവണിയുകയായിരുന്നു.

പഞ്ചായത്തിലെ 7 മുതൽ 16 വയസ്സുവരെ പ്രായമുള്ള കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് ഫുട്ബോൾ, വോളിബോൾ, അത്‌ലറ്റിക്സ് ഇനങ്ങളിൽ സംസ്ഥാന സ്പോർട്സ് കോച്ചുകളെ ഉപയോഗിച്ച് ശാസ്ത്രീയ സിലബസനുസരിച്ച് തയ്യാറാക്കിയ കായിക പദ്ധതിയിൽ പങ്കാളികളാവാൻ മാള, കഴൂർ, കൊരട്ടി, കാടുകുറ്റി തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നുപോലും കുട്ടികളെത്തി. ആന്റണി, ഗോപി, സേവ്യർ പൗലോസ് എന്നീ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോച്ചുമാരെ ഉപയോഗിച്ചുള്ള പഠനം പരിശീലനത്തെ കുറ്റമറ്റതാക്കി.

സ്ക്കൂൾ വെക്കേഷൻ സമയത്ത് ക്യാമ്പിന് തുടക്കം കുറിച്ചപ്പോൾ ഉദ്ഘാടനത്തിനെത്തിയ സ്പോർട്സ് യുവജനക്ഷേമ വകുപ്പ് മന്ത്രി എം. വിജയകുമാറാണ് കേരളത്തിലെ ആദ്യ കായിക ഗ്രാമപഞ്ചായത്തായി അന്നമനടയെ പ്രഖ്യാപിച്ചത്.

സ്പോർട്സ് അക്കാദമിയിൽ ആദ്യ വർഷം തന്നെ ഇരുന്നൂറോളം കുട്ടികൾ പരിശീലനത്തിനെത്തി. തെരഞ്ഞെടുക്കപ്പെട്ട നൂറോളം കുട്ടികൾ നിരന്തരമായി പരിശീലനത്തിനെത്തുന്നുണ്ട്. 4 പേർക്ക് സ്പോർട്സ് സ്ക്കൂളിൽ സെലക്ഷൻ കിട്ടിയതും ജില്ലാതല മത്സരങ്ങളിൽ സമ്മാനം നേടിയതും ചെറിയ നേട്ടങ്ങളല്ല. ജില്ലാ അമച്വർ മീറ്റിലും സ്പോർട്സ്



*തൃശ്ശൂരിൽ വച്ച് നടന്ന 2009 ലെ പഞ്ചായത്ത് ദിനാഘോഷചടങ്ങിൽ വച്ച് കായികരംഗത്ത് മികവ് തെളിയിച്ച അന്നമനട മുൻപ്രസിഡന്റ് ബേബി പൗലോസിനെ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉപഹാരം നൽകി ആദരിക്കുന്നു.*

അക്കാദമി സാന്നിദ്ധ്യമറിയിച്ചിരുന്നു.

സ്പോർട്സ് അക്കാദമി സജീവമായതോടെ ഉറങ്ങിക്കിടന്ന ഫുട്ബോൾ, വോളിബോൾ മേഖലയിലും ഉണർവുണ്ടായിട്ടുണ്ട്.രണ്ട് വർഷമായി മുടങ്ങിക്കിടന്ന അഖിലേന്ത്യാ ഫുട്ബോൾ ടൂർണമെന്റ് പുനരാരംഭിക്കാനുള്ള ശ്രമത്തിലാണ് പഞ്ചായത്തും ഫുട്ബോൾ പ്രേമികളും. കേരളോത്സവ വേദികളിൽ പഞ്ചായത്തിലെ യുവതാരങ്ങൾ സംസ്ഥാന തലത്തിലടക്കം ശ്രദ്ധേയമായ വിജയം കൈവരിക്കുന്നുണ്ട്.

പഞ്ചായത്ത് പ്രസിഡന്റായിരുന്ന ബേബിപൗലോസ് (ഇപ്പോൾ അംഗം) ഹരിയാനയിൽ നടന്ന 2008-09 ദേശീയ വെറ്ററൻസ് മീറ്റിൽ പങ്കെടുത്ത് 400 മീറ്ററിലും 4x100 മീറ്ററിലും മൂന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു. ഒരു രാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് അന്നാട്ടിലെ ജനങ്ങളുടെ ആരോഗ്യവും വിദ്യാഭ്യാസവുമാണ് എന്ന ആശയത്തിന്റെ വിജയരൂപമാണ് അന്നമനട. അതിനുള്ള അംഗീകാരമായി പഞ്ചായത്തിന് പത്ത് ലക്ഷം രൂപയുടെ പ്രത്യേക ബഹുമതി സർക്കാരിൽ നിന്നും ലഭിച്ചു. അഞ്ചുലക്ഷം രൂപയാണ് ആദ്യം പ്രഖ്യാപിച്ചിരുന്നതെങ്കിലും പഞ്ചായത്തിന്റെ സ്പോർട്സ് മേഖലയിലെ പ്രവർത്തനത്തിനും ശ്രമത്തിനും താല്പര്യത്തിനുമുള്ള അംഗീകാരമായാണ് പത്തുലക്ഷം രൂപയാക്കി തുക ഉയർത്തിയത്. അംഗീകാരമായി ലഭിച്ച പത്തുലക്ഷം രൂപ സ്റ്റേഡിയം വിപുലീകരിക്കുന്നതിനാണ് പഞ്ചായത്ത് ഉപയോഗിക്കുന്നത്. വിശാലമായ സ്റ്റേഡിയത്തിന് ചുറ്റും ഗാലറിയും പവലിയനും മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിന് എം.പി, എം.എൽ.എമാരുടെ ഫണ്ടും ഉപയോഗിച്ചിട്ടുണ്ട്.

വിദ്യാഭ്യാസമേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ക്രിയാത്മക ഇടപെടലായ വിജയഭേരി പദ്ധതിയിലൂടെ സംസ്ഥാന ശ്രദ്ധയാകർഷിച്ച പഞ്ചായത്ത് അക്ഷയ കമ്പ്യൂട്ടർ പദ്ധതിയിലൂടെ സമ്പൂർണ്ണ സാക്ഷരത നേടിയ ജില്ലയിലെ ആദ്യ പഞ്ചായത്തും കൂടിയാണ്. ഐ.എസ്. ആർ.ഒയുടെ വില്ലേജ് റിസോഴ്സ് സെന്ററാകുന്ന സംസ്ഥാനത്തെ ആദ്യ പഞ്ചായത്തെന്ന ബഹുമതിയും അന്നമനടയ്ക്ക് സ്വന്തം.

ഓർമകളിൽ മാത്രം പന്തുരുളുന്ന ഈ അതിവേഗലോകത്തിൽ കായികമേഖലയ്ക്ക് ഇനി ബാക്കിയുള്ള കാലാവധിക്കുള്ളിൽ എന്തു ചെയ്യാനാവുമെന്ന അന്വേഷണത്തിലാണ് പുതിയ പ്രസിഡന്റ് ഗീത ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിൽ ഭരണസമിതിയംഗങ്ങൾ. ■

*(ലേഖകൻ പഞ്ചായത്തിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ്)*





കെ. വിനോദ് കുമാർ

# ക്ഷീരശ്രീ

**പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പ്രത്യേക പദ്ധതിയാണ് ക്ഷീരശ്രീ.**

കണ്ണൂർ ജില്ലയുടെ കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന പ്രദേശമാണ് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്. പശ്ചിമഘട്ട മലനിരകളുടെ ചരിവുകളിലായാണ് ഇവിടുത്തെ പഞ്ചായത്തുകൾ സ്ഥിതിചെയ്യുന്നത്. ചെങ്കുത്തായ മലനിരകളിൽ നിന്ന് ഒഴുകി വരുന്ന അരുവികൾക്കൊപ്പം വളപട്ടണം പുഴയുടെ പ്രധാന പോഷക നദികളായ ആറളം പുഴ, ബാവലിപുഴ, കാഞ്ഞിരപ്പുഴ എന്നിവയും അഞ്ചരക്കണ്ടി പുഴയുടെ ഭാഗമായ പെരുവപുഴയും ഇടുമ്പ പുഴയും ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് കൂടി ഒഴുകുന്നു. വയനാടൻ മലയുടെ ചെരുവിൽ കിടക്കുന്നതിനാൽ ഉയർന്ന മലമ്പ്രദേശങ്ങൾ നിരവധി ഇവിടെയുണ്ട്. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതകൾ നിമിത്തം ബ്ലോക്ക് പഞ്ചായത്തിൽ കാർഷികമേഖലയ്ക്ക് വലിയതോതിൽ പ്രാധാന്യം കൈവന്നു.



റബ്ബർ, കശുവണ്ടി, തെങ്ങ്, കവുങ്ങ്, കുരുമുളക്, നെൽകൃഷി എന്നിവയാണ് പ്രധാന കാർഷിക വിളകൾ. രോഗബാധ, വിലക്കുറവ്, കുറഞ്ഞ ഉൽപാദനക്ഷമത എന്നിവ നിമിത്തം റബ്ബർ ഒഴികെയുള്ള കാർഷിക വിളകളെല്ലാം കർഷകർ കൈയൊഴിയുമ്പോഴും കർഷകർക്ക് ആശ്രയിക്കാവുന്ന ഒരു മേഖലയായി ക്ഷീരവികസനവും മൃഗപരിപാലനവും മാറിക്കൊണ്ടിരിക്കുന്നു.

പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ച പ്രത്യേക പദ്ധതിയാണ് ക്ഷീരശ്രീ. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിൽ നബാർഡ് നടപ്പിലാക്കുന്ന ഉദ്ഗ്രഥിത വികസനത്തിനുള്ള മാതൃക പദ്ധതി (PPID)യുടെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തിലും പങ്കാളിത്ത ഗ്രാമ വിശകലന പരിപാടി നടത്തിയിരുന്നു. ഇതുവഴി ബ്ലോക്ക് പഞ്ചായത്തിലെ കർഷകർ അവർക്ക് ഏറ്റവും സഹായകരമായ തൊഴിൽ മേഖലയായി തെരഞ്ഞെടുത്തത് ക്ഷീര വികസനമാണ്. ഇതു കണക്കിലെടുത്താണ് കഴിഞ്ഞ വർഷം ബ്ലോക്ക് പഞ്ചായത്ത് ക്ഷീരശ്രീ പദ്ധതി നടപ്പിലാക്കിയത്.

## ധനസഹായം

ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള 24 ക്ഷീര സംഘങ്ങളിൽ, 14 സംഘങ്ങളുടെ കീഴിലുള്ള വനിത ഗ്രൂപ്പുകൾക്ക് പശുവളർത്തലിന് ധനസഹായം അനുവദിച്ചു. ഇതുവഴി 14 ലക്ഷം രൂപയ്ക്ക് 140 പശുക്കൾ അധികമായി സംഘങ്ങൾക്ക് ലഭിച്ചു. ബാക്കി 10 യൂണിറ്റുകൾക്ക് ഈ വർഷം ധനസഹായം ലഭ്യമാക്കും. പദ്ധതി നടപ്പിലായതോടെ പോഷക സമ്പുഷ്ടമായ ആഹാരവും കാർഷികവൃത്തിക്കാവശ്യമായ ജൈവവളവും ലഭ്യമാകുന്നതിനൊപ്പം സ്ത്രീകൾക്ക് തൊഴിലും സ്ഥിരമായ വരുമാനവും ലഭിച്ചുവരുന്നു.

പ്രകൃതിയുടെ സന്തുലിതാവസ്ഥ പരിപാലിക്കുന്ന ഒരു മേഖലയാണ് മൃഗപരിപാലനം. കേരളത്തിന്റെ കാർഷിക സംസ്ക്കാരത്തിൽ കന്നുകാലി വളർത്തലിന് വലിയ പ്രാധാന്യമുണ്ടായിരുന്നു. ഈ മേഖലയിൽ കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നം നല്ലയിനം പശുക്കളുടെ ലഭ്യതക്കുറവാണ്. ഈ പ്രശ്നം ചെറുതായെങ്കിലും പരിഹരിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ക്ഷീരമേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവർക്കും പുതുതായി കടന്നുവരുന്നവർക്കും നല്ലൊരു പ്രോത്സാഹനമായി ഇത് മാറിയിട്ടുണ്ട്.

## പുൽകൃഷി

ക്ഷീര കർഷകർ അനുഭവിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം കാലിതീറ്റയുടെ വിലവർദ്ധനവും ഗുണനിലവാരക്കുറവുമാണ്. നാണ്യവിളകളുടെ വ്യാപനത്തോടുകൂടി മേച്ചിൽപുറങ്ങൾ ഇല്ലാതായതും ആവശ്യമുള്ള പച്ചപ്പുല്ലിന്റെ ലഭ്യതക്കുറവും കർഷകരെ പ്രയാസപ്പെടുത്തിയിരുന്നു. ഇതിന് പരിഹാരമായി കഴിയാവുന്നിടത്തെല്ലാം പുൽകൃഷി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 24 ഹെക്ടർ സ്ഥലത്ത് പുൽകൃഷി വളർത്തുന്നതിന് ഹെക്ടറിന് 7500 രൂപ നിരക്കിൽ പഞ്ചായത്ത് ധനസഹായം അനുവദിച്ചു.



കൂടാതെ 2 ഹെക്ടർ സ്ഥലത്ത് പുൽ നഴ്സറി തുടങ്ങാനും കഴിഞ്ഞു. നഴ്സറിയിൽ നിന്നും ഈ വർഷം ക്ഷീരകർഷകർക്ക് പുൽക്കടകൾ വിതരണം ചെയ്തു.

പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ 24 ക്ഷീര സംഘങ്ങൾ വഴിയായി 2007-08 വർഷം 4304183 ലിറ്റർ പാൽ ഉൽപാദിപ്പിച്ചു. 2008-09 ൽ 4742566 ലിറ്റർ ആയി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. ഇതുവഴി 15 കോടിയോളം രൂപയുടെ വാർഷിക വരുമാനം പാലിൽ നിന്നുമാത്രമായി ക്ഷീര കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 24 ക്ഷീരസംഘങ്ങൾ മുഖേന 480535 ലിറ്റർ പാൽ പ്രതിമാസം സംഭരിച്ച് വിപണനം ചെയ്യുന്നുണ്ട്. 2008 മാർച്ചിൽ 367911 ലിറ്റർ പാൽ എല്ലാ ക്ഷീര സംഘങ്ങളിലും കൂടി സംഭരിച്ചത് ഇന്ന് 480535 ആയി വർദ്ധിച്ചിട്ടുണ്ട്.

ക്ഷീരമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ക്ഷീരശ്രീ പദ്ധതി ഏറെ വിജയപ്രദമാണ്. പേരാവൂർ ബ്ലോക്ക് പഞ്ചായത്തിലെ കർഷകർ ഇഷ്ടപ്പെടുന്ന തൊഴിലാണ് പശുവളർത്തൽ. അനുകൂലമായ കാലാവസ്ഥയും തീറ്റപുൽ കൃഷിക്കുള്ള സാധ്യതയും ഈ മേഖലയിലുണ്ട്. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ വഴിയുള്ള വിപണന സൗകര്യങ്ങൾ, വർഷങ്ങളായി ചെയ്തുവരുന്ന തൊഴിൽ, വളത്തിന്റെ ആവശ്യം എന്നീ അനുകൂലസാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ക്ഷീര മേഖലയെ പ്രോത്സാഹിപ്പിക്കാൻ വരും വർഷങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കാനുള്ള ആലോചനയിലാണ് ബ്ലോക്ക് പഞ്ചായത്ത്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ ക്ഷീരോൽപാദന മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള കാഴ്ചപ്പാടുകൾ വളർത്തിയെടുത്ത് മാതൃകയാവുകയാണ് പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്. ■

*ലേഖകൻ പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനാണ്.*

# വിദ്യാലയ പ്രവർത്തനങ്ങളിൽ പഞ്ചായത്തുകളുടെ ഇടപെടൽ

വിദ്യാഭ്യാസ മേഖലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ ധാരാളം വിമർശനങ്ങൾക്കും വിവാദങ്ങൾക്കും വഴിയൊരുക്കിയിരുന്നു. എന്നാൽ കൈമാറികിട്ടിയ സ്ഥാപനങ്ങളിൽ ആരോഗ്യകരമായ ഇടപെടൽ നടത്തി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും ഭൗതിക സൗകര്യങ്ങളും ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ- സാമൂഹ്യ സംഘടനകളുടെയും അദ്ധ്യാപക രക്ഷകർതൃ സമിതിയുടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് പലയിടത്തും നടന്നുവരികയാണ്. അത്തരത്തിൽ രണ്ട് പഞ്ചായത്തുകളിൽ നടക്കുന്ന പ്രവർത്തനങ്ങളാണ് താഴെ ഉൾപ്പെടുത്തിയിരിക്കുന്നത്.



## മണ്ണഞ്ചേരിയിൽ ഒന്നാം ക്ലാസ്സുകൾ ഒന്നാം തരം

ആലപ്പുഴ ജില്ലയിലെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ "ഒന്നാം ക്ലാസ്സ് ഒന്നാം തരം" പദ്ധതി വിദ്യാഭ്യാസ മേഖലയ്ക്കാകെ മാതൃകയാകുകയാണ്. മണ്ണഞ്ചേരി പഞ്ചായത്തിലെ ഒന്നാംക്ലാസ്സുകളെല്ലാം ഒരുപോലെയാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിനാവശ്യമായ പണം റോഡിതര ഗ്രാന്റിൽ നിന്ന് പഞ്ചായത്ത് വകയിരുത്തി.

മണ്ണഞ്ചേരി പഞ്ചായത്തിലെ ഒന്നാം ക്ലാസ്സുകളിലേയ്ക്ക് പുതുതായി കടന്നുചെല്ലുന്ന കുട്ടികൾക്ക് പുതിയ ഒരു പഠനാനുഭവം ജനിപ്പിക്കുന്ന രീതിയിലാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ആദ്യഘട്ടത്തിൽ എല്ലാ ക്ലാസ്സുകളും ടൈൽസ് വിരിച്ച് ഭംഗിയുള്ളതാക്കി. ക്ലാസ്സുകളിലെ ചുവരുകൾ ഒരു പോലെയുള്ള പെയിന്റുകൾ ഉപയോഗിച്ച് ഭംഗിയാക്കി. ചുവരുകളിൽ വിദ്യാർത്ഥികൾക്ക് പഠന സഹായകമായ ചിത്രങ്ങൾ വരച്ചു. മഹാത്മരുടേയും, പണ്ഡിതന്മാരുടേയും മഹത് വചനങ്ങൾ ക്ലാസ്സിനകത്തും പുറത്തും എഴുതിച്ചേർത്തു. കൊച്ചുകുട്ടികൾക്ക് ഇരിക്കുവാൻ സൗകര്യപ്രദമായ ചാരുബഞ്ചുകൾ, ആവശ്യത്തിന് ഉയരമുള്ള ഡെസ്ക്കുകൾ എന്നിവ പുതുതായി നിർമ്മിച്ച് നൽകി. ആവശ്യത്തിന് ട്യൂബ്ലൈറ്റുകൾ സ്ഥാപിച്ച് വെളിച്ചക്കുറവ് പരിഹരിച്ചു. ഫാനുകൾ സ്ഥാപിച്ചു.

ക്ലാസ്സിലേയ്ക്ക് കടന്നുചെല്ലുന്ന കുട്ടിക്ക് ഇത് പുതിയ ഒരു പഠനാനുഭവമായി. പഠിക്കുന്നതിനുള്ള ഒരു ചുറ്റുപാട് ഈ പദ്ധതിയിലൂടെ ക്ലാസ്സുകളിൽ സംജാതമായി. മഹത് വചനങ്ങളും, ചിത്രങ്ങളും എല്ലാ ദിവസവും കണ്ടും -വായിച്ചും ക്ലാസ്സുകളിലെത്തുന്ന കൊച്ചുകുട്ടികളിൽ ഒരു പുതിയ ചിന്താധാര ഇതുവഴി രൂപപ്പെട്ടു.

ഈ പദ്ധതിക്കായി പഞ്ചായത്ത് 7,58,000 രൂപ ചെലവഴിച്ചു. ഇതിന് അനുബന്ധമായി 2009-10 വാർഷിക പദ്ധതിയിൽ "രണ്ടാം ക്ലാസ്സ് ഒന്നാം തരം" എന്ന പദ്ധതിയും ഏറ്റെടുത്ത് കഴിഞ്ഞു. ഒന്നാംക്ലാസ്സിലെ പുതിയ അനുഭവങ്ങളിൽ നിന്നും രണ്ടാംക്ലാസ്സിലെത്തുന്ന വിദ്യാർത്ഥികൾക്ക് അതേ അനുഭവങ്ങളും, ക്ലാസ്സ് റൂം നിലവാരവും നിലനിർത്തണമെന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഒന്നാം ക്ലാസ്സുകളിൽ നടപ്പിലാക്കിയത് പോലെ ഭൗതിക- പശ്ചാത്തല സൗകര്യങ്ങൾ രണ്ടാം ക്ലാസ്സിലും നടപ്പിലാക്കും. ഇതിനായി 5,90000 രൂപ വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്ത് നിയന്ത്രണത്തിലുള്ള മുഴുവൻ സ്കൂളിലേയും നാലായിരത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് വിജ്ഞാനദീപം എന്ന പേരിൽ മാസിക നൽകുന്ന പദ്ധതിക്കും അംഗീകാരം ലഭിച്ചു കഴിഞ്ഞു. ഇതിനായി ഒരു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും, മറ്റ് വിദഗ്ദ്ധരുടേയും ലേഖന പരമ്പരകൾ ഇതിലുണ്ടാകും.

നൂതനമായ വിവിധ പദ്ധതികളിലൂടെ വിദ്യാഭ്യാസ നിലവാരം ഉയർത്തി ഉത്തമ പൗരന്മാരെ സൃഷ്ടിക്കുവാനുള്ള പ്രവർത്തനമാണ് പഞ്ചായത്ത് ഭരണസമിതി നടത്തുന്നത്. മിക്കയിടത്തും വിദ്യാർത്ഥികളുടെ കുറവ് നിമിത്തം ഡിവിഷനുകൾ ഒഴിവാകുമ്പോൾ ഇവിടുത്തെ സ്കൂളുകളിൽ ഡിവിഷനുകൾ വർദ്ധിക്കുകയാണ് പതിവ്. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൃഷിയും നടത്തുന്നുണ്ട്. വിദ്യാർത്ഥി സഹവാസ കാര്യങ്ങളിലുള്ള കഴിവുകളും പ്രോത്സാഹിപ്പിക്കുന്നുണ്ട്. വികലാംഗർക്ക് ഒരു സ്പെഷ്യൽ സ്കൂളും ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ■

*തയ്യാറാക്കിയത്: ബി.എം. ബിയാസ്*
*ചെയർമാൻ,*
*വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി*
*മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത്*



## സർഗ്ഗരചനകൾ പരിപോഷിപ്പിച്ച് അലനല്ലൂർ

സർഗ്ഗരചനകൾ പരിപോഷിപ്പിച്ച് പഠനഗുണനിലവാരം മെച്ചപ്പെടുത്താനുതകുന്ന നിരവധി പ്രവർത്തനങ്ങളാണ് അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്. പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയെ (PEC) പേരിൽ മാത്രമൊതുക്കാതെ അതിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്താൻ പഞ്ചായത്ത് ഭരണസമിതിയും പി.ഇ.സി കോർക്കമ്മിറ്റിയും ഈ വിദ്യാലയ വർഷം തുടങ്ങുന്നതിനു മുമ്പുതന്നെ യോഗം ചേർന്ന് പദ്ധതികൾ ആവിഷ്ക്കരിച്ചു. മണ്ണാർക്കാട് ബി.ആർ.സി യുടെ ബ്ലോക്ക്തല പ്രവേശനോത്സവവും സൗജന്യ പാഠപുസ്തക വിതരണോദ്ഘാടനവും പഞ്ചായത്തിന്റെ ആതിഥേയത്വത്തിൽ നടത്തി. അതോടൊപ്പം പഞ്ചായത്തിലെ മറ്റു വിദ്യാലയങ്ങളിലും വർണാഭമായ രീതിയിൽ പ്രവേശനോത്സവങ്ങൾ സംഘടിപ്പിച്ചു.




അലനല്ലൂർ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സമിതി ഈ അധ്യയന വർഷത്തിൽ ആസൂത്രണം ചെയ്ത മറ്റു പദ്ധതികൾ ചുവടെ പറയുന്നവയാണ്.

- ലോകപരിസ്ഥിതി ദിനത്തിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും കൂടി 1000 വൃക്ഷത്തൈകൾ "സഹസ്ര

വൃക്ഷം" എന്ന പേരിൽ വെച്ചുപിടിപ്പിക്കൽ

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സ് റൂമിൽ ഉണ്ടാകുന്ന കുട്ടികളുടെ സർഗ്ഗ രചനകൾ ഉൾപ്പെടുത്തി പഞ്ചായത്തുതല മാസികയാക്കി പ്രസിദ്ധീകരിക്കൽ
- പുതിയ പാഠ്യപദ്ധതിയിൽ പി.ടി.എയുടെ പങ്ക്, CWSN (ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ്) കുട്ടികളുടെ വിദ്യാഭ്യാസം എന്നീ മേഖലകളിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണം
- പഠനോപകരണ നിർമ്മാണശിൽപശാല
- അംഗൻവാടികളിൽ നിന്നുവരുന്ന കുട്ടികൾക്ക് സ്ക്കൂളിലെ പുതിയ സമീപനത്തിനുതകുന്ന രീതിയിൽ പരിശീലനം നൽകാൻ അംഗൻവാടി വർക്കർമാർക്കുള്ള ട്രെയിനിംഗ്
- കലാകായിക പരിശീലനം, പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള അധിക പഠനം എന്നിവയ്ക്ക് പി.ഇ.സി., പി.ടി.എ. എന്നിവയുടെ സഹകരണത്തോടെ പരിചയസമ്പന്നരായ ട്രെയിനർമാരെ നിയമിക്കൽ
- പഞ്ചായത്തിലെ എൽ.പി.സ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിന് ഏകീകരിച്ച മൊഡ്യൂളും അദ്ധ്യാപകർക്കുള്ള ട്രെയിനിംഗും
- ചോക്ക്, കുട, നോട്ടുപുസ്തകം എന്നിവ നിർമ്മിക്കുന്നതിൽ കുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം

പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് എല്ലാ മാസവും പ്രധാനാദ്ധ്യാപകർ ഉൾപ്പെടെയുള്ള പി.ഇ.സി. കോർ കമ്മിറ്റി ചേരുകയും അതാതു മാസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനകം സഹസ്രവൃക്ഷം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി. സ്ക്കൂളുകൾക്കാവശ്യമായ തൈകൾ ഫോറസ്റ്റ് വകുപ്പിൽ നിന്ന് സൗജന്യമായി സ്ക്കൂളുകളിൽ എത്തിച്ചു. അവയുടെ സംരക്ഷണത്തിനാവശ്യമായ വളം, കൂട എന്നിവ വിതരണം ചെയ്യാൻ തയ്യാറായിരിക്കുന്നു. അതുപോലെ "തേന്മൊഴി" എന്ന പേരിൽ കുട്ടികളുടെ സർഗരചനകൾ ഉൾപ്പെടുത്തി ഇതിനകം രണ്ട് ലക്കം മാസിക പുറത്തിറങ്ങിക്കഴിഞ്ഞു. നേരത്തെ പ്രതീക്ഷിച്ചതിലുപരി മാസിക കുട്ടികൾക്കും പൊതുജനങ്ങൾക്കുമിടയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശാസ്ത്രവർഷം പ്രമാണിച്ച് ഓരോ ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ തുടങ്ങിയ സ്ഥിരം പംക്തികൾ "തേന്മൊഴി"യെ ഒന്നുകൂടി വൈവിധ്യമാക്കിയിട്ടുണ്ട്.■

*തയ്യാറാക്കിയത്: പുല്ലിക്കുന്നൻ യൂസുഫ്*
*പ്രസിഡന്റ്*
*അലനല്ലൂർ ഗ്രാമ പഞ്ചായത്ത്*







# നോവൽ ഇൻഫ്ളുവൻസ A H1N1 (Novel influenza A H1N1)

# പന്നിപ്പനി Swine flu H1N1 പനി

ഡോ. ജോസ്മോൻ ജോർജ്ജ്

ആഗസ്റ്റിന്റെ വർണ്ണാഭമായ പ്രകൃതിയെ തങ്കപ്പട്ടുകൊണ്ട് പരവതാനി വിരിക്കുന്ന ഉദയസൂര്യന്റെ തങ്കരശ്മികളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ടിരിക്കുകയായിരുന്നു ഞാൻ. സമ്പൽസമൃദ്ധിയുടെയും സാഹോദര്യത്തിന്റേയും സമഭാവനയുടേയും നന്മകളുടെയും ഓർമ്മയായ, സങ്കല്പമായ ഓണത്തെ, ഓണത്തപ്പനെ എതിരേല്ക്കുവാൻ പ്രകൃതി ചമയങ്ങളണിഞ്ഞ് ഒരുങ്ങുകയാണ്. കുളിര് പകരുന്ന മഞ്ഞുതുള്ളികളെ കിഴക്കെ ചക്രവാളത്തിൽ നിന്നുള്ള അരുണരശ്മികൾ തങ്കമുത്തുകളാക്കി മാറ്റു ന്നു. പെട്ടെന്നാനണ് ഗേറ്റിൽ നിന്നും "പേപ്പർ പേപ്പർ" എന്നുള്ള വിളികേട്ടത്. അലസമായി ഗേറ്റിന്റെ അടുക്കലേയ്ക്കു നീങ്ങുമ്പോൾ തളിരിലപോലെ മൃദുലമായ മന്ദമാരുതന്റെ തലോടൽ മെല്ലെ തഴുകുന്നുണ്ടായിരുന്നു. വർത്തമാനപത്രം എടുത്ത് തിടുക്കത്തോടെ വാർത്തകളിലേയ്ക്ക് കണ്ണോടിച്ചു. "ഡൽഹിയിൽ $H_1N_1$ പനി മൂലം 26 പേർ മരിച്ചു." അത് ഡൽഹിയാണല്ലോ എന്നുള്ള മലയാളിയുടെ സ്വതസിദ്ധമായ ആത്മവിശ്വാസത്തോടെ, നിസംഗതയോടെ വീടിന്റെ ഉമ്മറത്തേയ്ക്ക് നടന്നു.

പെട്ടെന്നാണ് അടുത്തവീട്ടിലെ രഘു, ഓടി എന്റെ അടുക്കലേയ്ക്കു വന്നത്. രഘുവിന്റെ മുഖത്താകെ ഒരു പരിഭ്രമം. എന്താ രഘു ഒരു പരിഭ്രമം? ഞാൻ ചോദിച്ചു.

ഏയ് ഒന്നുമില്ല..........വെറുതെ.

എന്തായാലും തുറന്നു പറയൂ രഘൂ. ഞാൻ പറഞ്ഞു.

അതേ....സാറെ. എന്റെ ഭാര്യയുടെ അനിയത്തിയും മറ്റു കുടുംബാംഗങ്ങളും കൂടി നാളെ കഴിഞ്ഞ് വീട്ടിലേയ്ക്കു വരുന്നുണ്ട്. അവർ ഡൽഹിയിലാണ് താമസിക്കുന്നത്. പുള്ളിക്കാരി AIIMS ലെ സ്റ്റാഫ് നഴ്സാണ്. അവിടെയൊക്കെ ആകെ പന്നിപ്പനി ബാധയല്ലെ. ഒത്തിരിപ്പേര് ഈ അസുഖം വന്ന് മരിക്കുന്നുണ്ട്. ഡോക്ടർമാരും നേഴ്സുമാരുമൊക്കെ മരിച്ചെന്നാണ് പത്രത്തിൽ നിന്നും വായിച്ചറിഞ്ഞത്. സാറെ, ഇത് കുഴപ്പമുള്ള അസുഖമാണോ? അസുഖം പിടിപെട്ടാൽ ഉറപ്പായും മരിച്ചുപോകുമോ?


ഓ! അപ്പോൾ ഇതാണ് രഘുവിന്റെ പരിഭ്രമത്തിനു കാരണം അല്ലേ? ഞാൻ ചോദിച്ചു.

"സാറെ എനിക്ക് ഈ പന്നിപ്പനിയെക്കുറിച്ച് ചിലകാര്യങ്ങൾ അറിയണമെന്നുണ്ട്. ചില കാര്യങ്ങൾ ചോദിച്ചോട്ടെ?"

"തീർച്ചയായും... എനിക്കറിയാവുന്ന കാര്യങ്ങൾ ഞാൻ പറഞ്ഞുതരാം..."

*രഘു: സാർ, എന്താണ് ഈ പന്നിപ്പനിയെന്നു പറയുന്നത്. എന്തുകൊണ്ടാണ് ഇതിനെ പന്നിപ്പനി എന്നുവിളിക്കുന്നത്?*

ഈ പനിയുടെ യഥാർത്ഥപേര് 'ഇൻഫ്ളുവൻസ A $H_1N_1$' എന്നാണ്. ഇത് ഇൻഫ്ളുവൻസ എന്ന ഒരുതരം വൈറസുകൊണ്ടുണ്ടാകുന്ന അസുഖമാണ്. ചിക്കൻപോക്സ്, ഹെപ്പറ്റൈറ്റിസ്, മുണ്ടിനീര്, പക്ഷിപ്പനി, സാർസ് എന്നിവയും വൈറസുകൊണ്ടുണ്ടാകുന്ന രോഗങ്ങളാണ്. ഈ അസുഖത്തെ Swine flu (പന്നിപ്പനി) എന്നു വിളിക്കുവാൻ പാടില്ല എന്നാണ് ലോകാരോഗ്യസംഘടന (WHO) നിർദ്ദേശിച്ചിരിക്കുന്നത്. മറിച്ച് Swine origin influenza A Virus infection എന്നാണ് WHO നൽകിയിരിക്കുന്ന പേര്.



ഇൻഫ്ളുവൻസ വൈറസുകൾ മനുഷ്യർ, പക്ഷികൾ, പന്നികൾ, കുതിരകൾ എന്നിവയിൽ സാധാരണയായി അസുഖം ഉണ്ടാക്കുന്നവയാണ്. മൂന്നു തരത്തിലുള്ള ഇൻഫ്ളുവൻസ വൈറസുകൾ ഉണ്ട്. ഇൻഫ്ളുവൻസ A,B,C എന്നിവയാണവ. ഇതിൽ ഇൻഫ്ളുവൻസ A വൈറസുകളാണ് ഏറ്റവും മാരകമായവ. ഇവ മനുഷ്യരിലും, പക്ഷികളിലും, മൃഗങ്ങളിലും മാരകമായ അസുഖങ്ങളും പകർച്ചവ്യാധികളും ഉണ്ടാക്കുവാൻ കഴിവുള്ളവയാണ്. ഇൻഫ്ളുവൻസ B വൈറസുകൾ അത്ര മാരകമല്ലാത്ത അസുഖങ്ങളും, പകർച്ചവ്യാധികളും ഉണ്ടാക്കുമ്പോൾ C വിഭാഗത്തിൽപെട്ട ഇൻഫ്ളുവൻസ വൈറസുകൾ നിസ്സാരമായ ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ മാത്രമേ ഉണ്ടാക്കാറുള്ളൂ.

പനി, ചുമ, തലവേദന, ശരീരവേദന, സന്ധിവേദന, തൊണ്ടവേദന, മൂക്കൊലിപ്പ്, മനംപുരട്ടൽ, ഛർദ്ദി, വയറിളക്കം എന്നിവയാണ് സാധാരണ കാണപ്പെടുന്ന രോഗലക്ഷണങ്ങൾ.

$H_1N_1$ വൈറസുകൾ സാധാരണയായി പക്ഷികളിൽ രോഗം (Swine flu) ഉണ്ടാക്കാറുണ്ട്. ഇപ്പോൾ മനുഷ്യരിൽ രോഗമുണ്ടാക്കുന്ന $H_1N_1$ വൈറസുകൾ ഇതുവരെ പ്രപഞ്ചത്തിൽ കാണപ്പെടാത്ത പുതിയതരം വൈറസുകളാണെങ്കിലും പന്നികളിൽ കാണപ്പെടുന്ന $H_1N_1$ വൈറസുകളുമായി ജനിതക സാദൃശ്യമുള്ളവയാണ്. അതുകൊണ്ടാണ് ഈ രോഗത്തെ 'പന്നിപ്പനി' (Swine flu) എന്നു വിളിക്കുന്നത്.

*രഘു: ഈ രോഗം ഇൻഡ്യയിൽ മാത്രമേ ഉള്ളോ ?*

അല്ല. ലോകത്തിൽ ഇപ്പോൾ ഏകദേശം എഴുപത്തഞ്ചോളം രാജ്യങ്ങളിൽ നോവൽ ഇൻഫ്ളുവൻസ A $H_1N_1$ പനി കാണപ്പെടുന്നുവെന്നാണ് ലോകാരോഗ്യ സംഘടന (WHO) യുടെ കണക്കുകൾ സൂചിപ്പിക്കുന്നത്.

*രഘു: ആദ്യമായിട്ടാണോ ഈ രോഗം ലോകത്തിൽ കാണപ്പെടുന്നത്?*

അല്ല. 1918–1919 കാലഘട്ടത്തിൽ $H_1N_1$ ഇൻഫ്ളുവൻസ വൈറസുകൾ പകർച്ചവ്യാധികൾ ഉണ്ടാക്കിയിട്ടുണ്ട്. $H_1N_1$ വൈറസുകളെ ആദ്യമായി വേർതിരിച്ചെടുത്തത് 1977 ലാണ്. ചൈനയിലും റഷ്യയിലും.

*രഘു: ഇൻഡ്യയിലാണോ ആദ്യമായി $H_1N_1$ പനി കണ്ടത്?*

അല്ല. ലോകത്തിലെ ആദ്യത്തെ നോവൽ ഇൻഫ്ളുവൻസ A $H_1N_1$ പനി റിപ്പോർട്ട് ചെയ്തത് 2009 മാർച്ച് മാസം 18–ാം തീയതി മെക്സിക്കോയിലാണ്. തുടർന്ന് ഈ രോഗം അയൽ രാജ്യങ്ങളായ അമേരിക്കയിലേയ്ക്കും, കാനഡയിലേയ്ക്കും പടർന്നു.

*രഘു: ഇപ്പോൾ ഏകദേശം എത്ര ആളുകളാണ് $H_1N_1$ രോഗബാധിതരായുള്ളത്?*

ലോകാരോഗ്യസംഘടനയുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ലോകത്താകമാനം 2,54,206 $H_1N_1$ കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഒപ്പം 2837 $H_1N_1$ മരണങ്ങളും. എന്നാൽ യഥാർത്ഥ സംഖ്യ ഇതിൽ നിന്നും



$H_1N_1$ രോഗമുള്ളയാൾ തുമ്മുകയോ, ചുമയ്ക്കുകയോ ചെയ്യുമ്പോൾ പുറപ്പെടുന്ന ജലകണികകളിൽ ധാരാളം രോഗാണുക്കൾ ഉണ്ടായിരിക്കും. ഈ ജലകണികകൾ രോഗിയുടെ കൈകളിലോ, മറ്റു പ്രതലങ്ങളിലോ വായുവിലോ തങ്ങിനില്ക്കും. ആരോഗ്യവാനായ ഒരാൾ രോഗിയുടെ കൈക്കുള്ളിൽ തൊടുമ്പോഴോ, രോഗാണുമുക്തമായ മറ്റു പ്രതലങ്ങളിൽ സ്പർശിക്കുമ്പോഴോ, വായു ശ്വസിക്കുമ്പോഴോ, ആ വ്യക്തിയുടെ ശരീരത്തിൽ പ്രവേശിക്കുന്നു.

വളരെ ഉയർന്നതായിരിക്കും. എല്ലാ $H_1N_1$ രോഗങ്ങളും WHO റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. ലോകാരോഗ്യസംഘടന ഈ രോഗത്തെ'Global Alert and Response' എന്ന നിരീക്ഷണ പഠന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രഘുവിനറിയാമോ ഈ $H_1N_1$ എന്താണെന്ന്?

*രഘു: ഇല്ല സാർ, അറിയില്ല.*

ഇൻഫ്ളുവൻസ A വൈറസുകളെ അതിന്റെ കോശാവരണത്തിലുള്ള രണ്ടു തരം ഗ്ലൈക്കോപ്രോട്ടീനുകളെ (Glyco-proteins) അടിസ്ഥാനമാക്കി അനേകം ഉപവിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഈ 2 തരത്തിലുള്ള ഗ്ലൈക്കോപ്രോട്ടീനുകൾ ഹീംഅഗ്ലൂട്ടിനിൻ ആന്റിജനുകളും (Haemagglutinin antigens (H), ന്യൂറാമിനിഡേസ് ആന്റിജനുകളും (Neuraminidase antigens (N) ആണ്. 16 തരത്തിലുള്ള Haemagglutinin antigen (H) (1 മുതൽ 16 വരെ), 9 തരത്തിലുള്ള Neuraminidase antigen (N) കളും (1 മുതൽ 9 വരെ) ഉണ്ട്. ഇതനുസരിച്ച് ഇൻഫ്ളുവൻസ വൈറസുകളിൽ വിവിധ തരത്തിലുള്ള 'H'ഉം 'N' ഉം ആന്റിജനുകളുടെ സങ്കലനം (combinations) കാണാം.

എല്ലാ 16 തരത്തിലുള്ള ഇൻഫ്ളുവൻസ വൈറസുകളും ഉപവിഭാഗങ്ങളും പക്ഷികളിൽ രോഗം ഉണ്ടാക്കുമ്പോൾ മനുഷ്യരിൽ $H_1$, $H_2$, $H_3$ ഹിംഅഗ്ലൂട്ടിനിൻ ആന്റിജനുകളും $N_1$,$N_2$ ന്യൂറാമിനിഡേസ് ആന്റിജനുകളും ഉള്ളവ മാത്രമേ രോഗം ഉണ്ടാക്കാറുള്ളൂ. $H_1N_1$, $H_2N_2$, $H_3N_2$ വിഭാഗങ്ങളിൽപ്പെട്ട ഇൻഫ്ളുവൻസ A വൈറസുകളാണ് ചരിത്രത്തിലെ പകർച്ചവ്യാധികളും, ആഗോളവ്യാപകമായി പടർന്നുപിടിച്ച രോഗങ്ങളും ഉണ്ടാക്കിയിട്ടുള്ളത്.

*ഈ രോഗത്തിന്റെ വ്യാപനശൈലി എങ്ങനെയാണ് ?*

ലോകാരോഗ്യസംഘടന ഔദ്യോഗികമായി $H_1N_1$ രോഗത്തെ അന്താരാഷ്ട്ര ശ്രദ്ധ വേണ്ട സാമൂഹിക ആരോഗ്യപ്രശ്നമായി സ്ഥിരീകരിച്ചിട്ടുണ്ട്. ഇപ്പോൾ $H_1N_1$ പനി, പകർച്ചവ്യാധി മുന്നറിയിപ്പ് ഘട്ടത്തിലെ (Pandemic alert phase) ആറാമത്തെ ഘട്ടത്തിലാണെന്നാണ് WHO യുടെ വിലയിരുത്തൽ. Phase 6 ൽ രോഗം മനുഷ്യരിൽ വ്യാപകമായി പടർന്നു പിടിക്കുന്നതായി കണക്കാക്കപ്പെടുന്നു.

*രഘു: സാർ, $H_1N_1$ രോഗം പന്നികളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുമോ?*

ഇല്ല. സാധാരണയായി പന്നികളിൽ കാണപ്പെടുന്ന $H_1N_1$ രോഗം മനുഷ്യനിലേയ്ക്ക് പകരാറില്ല. എന്നാൽ അപൂർവ്വമായി പന്നികളുമായി അടുത്തിടപഴകുന്ന വ്യക്തികളിലേയ്ക്ക് (പന്നി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയവയിൽ ജോലി ചെയ്യുന്നവർ) $H_1N_1$ രോഗം പന്നികളിൽ നിന്ന് പകരാറുണ്ട്.

എന്നാൽ ഇപ്പോൾ മനുഷ്യരിൽ കാണപ്പെടുന്ന $H_1N_1$ രോഗം ഉണ്ടാക്കുന്ന ഇൻഫ്ളുവൻസ വൈറസുകൾ പന്നികളിൽ രോഗം ഉണ്ടാക്കുന്ന $H_1N_1$ വൈറസുകളല്ല. മനുഷ്യരിൽ രോഗമുണ്ടാക്കുന്ന $H_1N_1$ വൈറസുകൾ മുമ്പുണ്ടായിരുന്ന ഇൻഫ്ളുവൻസ A വൈറസുകളിൽ ജനിതക വ്യതിയാനം സംഭവിച്ച് ഉണ്ടായവയാവാം. സാധാരണയായി വൈറസുകളിൽ ജനിതകവ്യതിയാനം വളരെവേഗത്തിലും, തുടർച്ചയായും സംഭവിക്കുന്നു. Antigenic shift antigenic drift, point mutation തുടങ്ങിയവയാണ് സാധാരണയായി ജനിതകവ്യതിയാനത്തിന് കാരണമാകുന്ന രാസപ്രവർത്തനങ്ങൾ. പുതിയ $H_1N_1$ വൈറസിന് നോർത്ത് അമേരിക്കൻ മെക്സിക്കൻ ഇൻഫ്ളുവൻസ, നോർത്ത് അമേരിക്കൻ ഏവിയൻ ഇൻഫ്ളുവൻസ, ഹ്യൂമൻ ഇൻഫ്ളുവൻസ, സൈ്വൻ ഇൻഫ്ളുവൻസ (Swine influenza) എന്നിങ്ങനെ 4 തരത്തിലുള്ള ഇൻഫ്ളുവൻസ വൈറസുകളുമായി ജനിതകസാമ്യമുണ്ട്.

*രഘു: $H_1N_1$ പനിയുടെ ലക്ഷണങ്ങൾ എന്തൊക്കെയാണ്?*

ഈ പനിയുടെ രോഗലക്ഷണങ്ങൾ സാധാരണ ഉണ്ടാവുന്ന ജലദോഷപനിയുടെ ലക്ഷണങ്ങൾ പോലെതന്നെയാണ്. പനി, ചുമ, തലവേദന, ശരീരവേദന, സന്ധിവേദന, തൊണ്ടവേദന, മൂക്കൊലിപ്പ്, മനംപുരട്ടൽ, ഛർദ്ദി, വയറിളക്കം എന്നിവയാണ് സാധാരണ കാണപ്പെടുന്ന രോഗലക്ഷണങ്ങൾ. മറ്റു രോഗമുള്ളവർക്ക് (ആസ്തമ, പ്രമേഹം, ഹൃദ്രോഗം തുടങ്ങിയവ) $H_1N_1$ പനി ഉണ്ടായാൽ നിലവിലുള്ള രോഗങ്ങൾ മൂർച്ഛിക്കുകയും സങ്കീർണ്ണമാവുകയും ചെയ്യാം. അപൂർവ്വമായി മാരകമായ ARDS (അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രസ്സ് സിൻഡ്രോം) എന്ന അവസ്ഥയും കാണാം.

*രഘു: എങ്ങനെയാണ് ഈ രോഗം ഒരാളിൽ നിന്നും മറ്റൊരാളിലേയ്ക്ക് പകരുന്നത്?*

$H_1N_1$ രോഗമുള്ളയാൾ തുമ്മുകയോ, ചുമയ്ക്കുകയോ ചെയ്യുമ്പോൾ പുറപ്പെടുന്ന ജലകണികകളിൽ ധാരാളം രോഗാണുക്കൾ ഉണ്ടായിരിക്കും. ഈ ജലകണികകൾ രോഗിയുടെ കൈകളിലോ, മറ്റു പ്രതലങ്ങളിലോ (മേശ, കസേര, കട്ടിൽ, പുസ്തകങ്ങൾ മുതലായവ) വായുവിലോ തങ്ങിനില്ക്കും. ആരോഗ്യവാനായ ഒരാൾ രോഗിയുടെ കൈക്കുള്ളിൽ തൊടുമ്പോഴോ, രോഗാണുമുക്തമായ മറ്റു പ്രതലങ്ങളിൽ സ്പർശിക്കുമ്പോഴോ, വായു ശ്വസിക്കുമ്പോഴോ, ആ വ്യക്തിയുടെ ശരീരത്തിൽ പ്രവേശിക്കുന്നു.

*രഘു: ഈ രോഗാണു അന്തരീക്ഷത്തിലും മറ്റും എത്ര സമയം ജീവനോടെ നിലനില്ക്കും?*

സാധാരണയായി അന്തരീക്ഷത്തിൽ വൈറസുകളുടെ ആയുസ്സ് 2 മുതൽ ഏതാനും മണിക്കൂറുകൾ മാത്രമാണ്. പ്ലാസ്റ്റിക്കുകൾ, ലോഹപ്രതലങ്ങൾ തുടങ്ങിയവയിൽ 2 ദിവസംവരെയും ഉണങ്ങിയ പ്രതലങ്ങളിൽ 15 മിനിറ്റും ത്വക്കിൽ 5 മിനിറ്റും മാത്രമാണ് $H_1N_1$ വൈറസുകളുടെ ആയുസ്സ്. $56^0$ സെൽഷ്യസിൽ വെള്ളം 1 മണിക്കൂർ ചൂടാക്കിയും, ആസിഡ് തുടങ്ങിയ രാസപദാർത്ഥങ്ങളുപയോഗിച്ചും ഈ രോഗാണുക്കളെ പൂർണ്ണമായും നശിപ്പിക്കാം.

(തുടരും........)

*(ലേഖകൻ കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ ലക്ചറർ (മെഡിസിൻ) ആണ്.*





ഡോ. പി.പി. ബാലൻ



# ദേശീയ തൊഴിലുറപ്പു പദ്ധതി അടുത്ത ചുവടുകൾ

ദേശീയ തൊഴിലുറപ്പുപദ്ധതി കൂടുതൽ ഫലപ്രദമായി നടത്തുന്നതിനുള്ള ചർച്ചകൾ സജീവമായിക്കഴിഞ്ഞു. കഴിഞ്ഞ ആഗസ്ത് 20 ന് ഡൽഹിയിൽ വെച്ചുനടന്ന ദേശീയശില്പശാല ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സന്നദ്ധ പ്രവർത്തകരുടേയും കൂട്ടായ്മയായി മാറിയതും ഈ ഒരു പശ്ചാത്തലത്തിലാണ്. ആദ്യഘട്ടത്തിൽ 200 ജില്ലകളിൽ തുടങ്ങി ഇന്ന് ഇന്ത്യയിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിച്ചിട്ടുള്ള പ്രസ്തുത പദ്ധതി, നടത്തിപ്പിലെ പോരായ്മകൾ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള കർമ്മ പരിപാടികൾക്ക് പ്രസ്തുത ശില്പശാല രൂപം നല്കി. ദേശീയ തൊഴിലുറപ്പുപദ്ധതിയെ വെറുമൊരു തൊഴിൽദായക പരിപാടിയായി കാണാതെ സുതാര്യതയും പ്രതിബദ്ധതയുമുള്ള പ്രാദേശിക സൽഭരണം ഉറപ്പാക്കുന്ന കാതലായ നിർദ്ദേശങ്ങളും ശില്പശാല മുന്നോട്ടുവച്ചു. ആത്യന്തികമായി ഇതു പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനാണ് വഴിയൊരുക്കുന്നത്.

തൊഴിലുറപ്പുപദ്ധതി ലക്ഷ്യമിടുന്ന പഞ്ചായത്തുകളിലൂടെയുള്ള പദ്ധതി ആസൂത്രണം, സാമൂഹ്യ ഓഡിറ്റിംഗ്, മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ, നൂറുദിവസത്തെ തൊഴിൽ ദിനങ്ങൾ, യന്ത്രസാമഗ്രികളുടെ കുറഞ്ഞ വിനിയോഗം, കോൺട്രാക്ടർ തിരസ്ക്കരണം എന്നിവയിൽ പല സംസ്ഥാനങ്ങൾക്കും കാര്യമായി പ്രവർത്തിക്കുവാനോ ഇടപെടാനോ കഴിഞ്ഞിട്ടില്ല. ദേശീയ ശരാശരിതന്നെ കാണിക്കുന്നത് 50 ശതമാനത്തിൽ താഴെ കുടുംബങ്ങൾക്ക് മാത്രമെ തൊഴിൽ നല്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നാണ്. വേതന വിതരണത്തിലെ കാലതാമസം, പ്രവൃത്തി ലിസ്റ്റിൽ (muster roll) ഉണ്ടായ പോരായ്മകൾ, ആസ്തി നിർമ്മാണമില്ലായ്മ, സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ അഭാവം തുടങ്ങിയ കാര്യങ്ങൾ വലിയ പോരായ്മയായി നിലനിൽക്കുന്നു. തൊഴിലുറപ്പു പദ്ധതിയുടെ അടിസ്ഥാന തത്വമായ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതെ, ഇതിനനുപൂരകമായി മുന്നോട്ടുവെച്ചിട്ടുള്ള പല പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കാൻ സാധിക്കുമെന്ന് ശില്പശാല വിലയിരുത്തി. ഭൂവികസനം,



ജലസേചനം, ജലസ്രോതസ്സുകളുടെ നവീകരണം, ഗ്രാമീണ റോഡുവികസനം, ജല-മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, വനവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഈ ഘട്ടത്തിൽ ഊന്നൽ നൽകുന്നത്. നീർതടവികസന പരിപാടികളും ധാരാളമായി ഏറ്റെടുത്തു നടപ്പിലാക്കേണ്ടതായുണ്ട്. പ്രസ്തുത ശില്പശാല കഴിഞ്ഞകാല പോരായ്മകൾ കണ്ടെത്തുന്നതിനോടൊപ്പം അവ പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള ബൃഹത്തായ കർമ്മപരിപാടികൾക്ക് രൂപം നല്കി.

**ശ്രദ്ധേയമായ നേട്ടങ്ങൾ**

രാജ്യത്താകെ 2008-09 കാലയളവിൽ 4.5 കോടി കുടുംബങ്ങൾക്ക് 50 ദിവസത്തോളം തൊഴിൽ നല്കാൻ കഴിഞ്ഞത് ചെറിയ കാര്യമല്ല. ഇതിന്റെ പ്രാധാന്യം കുടികൊള്ളുന്നത് സ്ത്രീകളേയും പട്ടികജാതിപട്ടികവർഗ്ഗ വിഭാഗങ്ങളേയും പങ്കാളികളാക്കുന്ന കാര്യത്തിലാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ 48% വനിതകൾ ജോലിക്കെത്തിയപ്പോൾ പട്ടികജാതിക്കാരുടെ പങ്കാളിത്തം ഒരു പടിമുന്നിലാണ്. അതായത് 56%. ഈ ഘട്ടത്തിൽ 27000 കോടിരൂപ ചെലവായപ്പോൾ കൂലി ഇനങ്ങളിൽ മാത്രം ഇതിന്റെ 67% മാണ് നല്കിയത്. 26.7 ലക്ഷം പ്രവൃത്തികൾ രാജ്യത്താകമാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ശ്രദ്ധേയമായിട്ടുള്ളത്. മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന ലഭിച്ചു എന്നതിലാണ് (70%). നാടിന്റെ പുരോഗതിക്കായി പല നല്ല പ്രവൃത്തികൾക്കും തുടക്കമിടാൻ കഴിഞ്ഞതും അത്തരത്തിൽ ജനങ്ങളിൽ അവബോധം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞതും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ചൂഷണത്തിന് ഏറെ വിധേയരായ കർഷകത്തൊഴിലാളികൾക്ക് കൂടുതൽ കൂലി ലഭിച്ചു എന്നതിനപ്പുറം ചെയ്യുന്ന ജോലിക്ക് അർഹിക്കുന്ന കൂലി ലഭിക്കുക എന്ന അവകാശബോധം അവരിൽ രൂഢമൂലമായതും പ്രാധാന്യമർഹിക്കുന്നു. കുടിയേറ്റത്തിൽ ഉണ്ടായിട്ടുള്ള ഗണ്യമായ കുറവ് ഏറെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. ഇതു വിദ്യാലയങ്ങളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറച്ചതും എടുത്തുപറയേണ്ടുന്ന നേട്ടമായി കാണാം. സാധാരണക്കാരുടെ ഇടയിൽ വികസന സങ്കൽപത്തെക്കുറിച്ചുതന്നെ മാറ്റമുണ്ടായിട്ടുണ്ട്. വികസനമെന്നാൽ റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയല്ല മറിച്ച് പരിസ്ഥിതിക്ക് ഊന്നൽ നല്കികൊണ്ടുള്ള മണ്ണ് ജലസംരക്ഷണമാണെന്ന ചിന്താഗതിയും വ്യാപകമായി. ദേശീയ സുരക്ഷയെ ബാധിക്കുന്ന തീവ്രവാദത്തിൽ വന്ന അയവ്, വർഗ്ഗീയ വിഭാഗീയ ചിന്താഗതികളിലുള്ള കുറവും ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ പരോക്ഷ നേട്ടങ്ങളായി കാണാം. തൊഴിലാളികളിൽ സമ്പാദ്യശീലം വർദ്ധിച്ചതും ദുർവ്യയം കുറഞ്ഞതും പദ്ധതിയുടെ മേന്മ തന്നെ.

**പാളിച്ചകളും പോരായ്മകളും**

പദ്ധതിയുടെ ഉദ്ദേശശുദ്ധിക്കനുസൃതമായ അവബോധം സാധാരണ ജനങ്ങളിൽ എത്തിക്കാൻ കഴിയാത്തത് വലിയ പോരായ്മയായി കാണാം. തൊഴിലപേക്ഷ നല്കുന്നതുതന്നെ നിർബന്ധത്തിന്റെ പേരിലാണ്. കൂലി വിതരണത്തിലെ കാലതാമസവും ബാങ്ക് സൗകര്യങ്ങളുടെ അഭാവവും പ്രവൃത്തിയെ കാര്യമായി ബാധിച്ചു. നിരക്ഷരരായ ഗ്രാമീണരിൽ ഇടനിലക്കാരും കോൺട്രാക്ടർമാരും പല രൂപത്തിൽ ഇടപെടുന്നുണ്ട്. പഞ്ചായത്തുകളെ മാറ്റി നിർത്തി ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ രീതിയിൽ പദ്ധതി ആസൂത്രണം നടത്തുന്നതും മറ്റൊരു പോരായ്മയാണ്. സാമൂഹ്യ ഓഡിറ്റിങ് പല സംസ്ഥാനങ്ങളിലും നടക്കുന്നത് ചടങ്ങായിട്ടുമാത്രം. ശക്തമായ മോണിറ്ററിങ്ങിന്റെ അഭാവം, ഫണ്ട് വകമാറ്റം, കൃത്രിമമായ മസ്റ്റർ റോൾ, വർദ്ധിത എസ്റ്റിമേറ്റുകൾ തുടങ്ങി പദ്ധതിയെ പ്രതികൂലമായി ബാധിച്ച കാര്യങ്ങളും നിരവധിയാണ്.

**തുടർപ്രവർത്തനങ്ങൾ**

തൊഴിലുറപ്പു പദ്ധതിയുടെ രണ്ടാം ഘട്ടമെന്ന നിലയിൽ ഏഴു സുപ്രധാന മേഖലകൾക്കാണ് ഊന്നൽ നല്കിയിട്ടുള്ളത്. ഇതു വിവിധ പദ്ധതികളുടെ ഏകോപന (convergence) ത്തിൽ നിന്നാരംഭിക്കുന്നു. നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുമായി തൊഴിലുറപ്പു പദ്ധതിയുടെ സംയോജനം ഉറപ്പുവരുത്തുകയാണ് പ്രധാനം. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ചർച്ച താഴെ തട്ടിൽ നിന്നാരംഭിക്കണം. എല്ലാ തൊഴിൽദാന പരിപാടികളും സംയോജിപ്പിക്കണമെന്നതിനെക്കുറിച്ച് രാഷ്ട്രപതി ജൂൺ 4ന് പാർലമെന്റിൽ ചെയ്ത പ്രസംഗം ഇവിടെ പ്രസക്തമാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ജലസേചനം, കൃഷി തുടങ്ങി അപൂർവ്വം ചില വകുപ്പുകളൊഴിച്ച് മറ്റൊരു ഡിപ്പാർട്ട്മെന്റും കാര്യമായി സംയോജനപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിട്ടില്ല.

ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുകയാണ് രണ്ടാമത്തെ ഇനം. ചെറുകിട നാമമാത്ര കൃഷിക്കാരുടെ കൃഷിസ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള അനുവാദം ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ സ്വകാര്യഭൂമിയിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് പരിമിതിയുണ്ട്. ഇത് മാറ്റി തൊഴിലുറപ്പു പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുകയാണ് ലക്ഷ്യം. വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന്, തൊഴിൽ സംഘാടനത്തിനായി ഓരോ ഗ്രാമത്തിലും ലോകസേവക് (lok sevak) മാരെ നിയമിക്കും. വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ള 246 ജില്ലകളിൽ വരൾച്ച തടയുന്നതിന് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കും. യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടുന്ന സ്ഥലങ്ങളിൽ ലോകസേവക്മാരുടെ സേവനം ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷ. സ്വയംസഹായ സംഘങ്ങളെ തൊഴിൽ സംഘടനകളാക്കി കൂടുതൽ പ്രവർത്തനം നടത്താനുള്ള നിർദ്ദേശമുണ്ട്.




സ്ഥായിയായ ആസ്തിനിർമ്മാണം തൊഴിലുറപ്പു പദ്ധതിയുടെ പ്രധാന ലക്ഷ്യമാണല്ലോ. സുസ്ഥിര വികസനത്തിന് സഹായകമാകുന്ന രീതിയിൽ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ഏറ്റെടുക്കുന്ന ഓരോ പ്രവൃത്തിയിലൂടെയും സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തണം. ഇത് ഒരു താൽക്കാലിക സംവിധാനമെന്ന നിലയിൽ കാണരുത്. ചെലവിടുന്ന തുകയ്ക്ക് സമാനമായ ആസ്തികൾ സൃഷ്ടിക്കപ്പെടണം. ജില്ലാവികസന പരിപ്രേഷ്യത്തിനനുപൂരകമായി വേണം പ്രവർത്തനങ്ങൾ കണ്ടെത്തേണ്ടത്.

സോഷ്യൽ ഓഡിറ്റിങ്ങ് ഇപ്പോഴും ഫലപ്രദമായല്ല പല സംസ്ഥാനങ്ങളിലും നടക്കുന്നത്. ഇതിന് വേണ്ടി പ്രത്യേകമായി 6% ഫണ്ട് നീക്കിവെയ്ക്കാൻ നിർദ്ദേശമുണ്ട്. സോഷ്യൽ ഓഡിറ്റ് ടീം പഞ്ചായത്തുകളിൽ ഒരു സ്ഥിരം സംവിധാനമായി മാറണം. രണ്ടുതരം സോഷ്യൽ ഓഡിറ്റിങ്ങ് ആവാം. പുറമെ നിന്നുള്ള ഏജൻസി നടത്തുന്ന രാജസ്ഥാൻ മോഡലും, ഗവണ്മെന്റ് നേരിട്ടു പ്രത്യേക പരിശീലനം നല്കിയ സന്നദ്ധപ്രവർത്തകർ നടത്തുന്ന ആന്ധ്രമോഡലും. കേരളത്തിലേതുപോലെ ഗ്രാമസഭ നേരിട്ടു നടത്തുന്ന സോഷ്യൽ ഓഡിറ്റും ഫലപ്രദമാണ്. ഏതു രീതിയായാലും കാര്യക്ഷമമായ ജനകീയ ഓഡിറ്റിങ്ങ് തന്നെയാണോ നടത്തുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയണം.

> സുസ്ഥിര വികസന ലക്ഷ്യത്തിലൂടെ പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്താനും, പരിസ്ഥിതി സംരക്ഷണത്തിലൂടെ സ്ഥായിയായ വികസനം ഉറപ്പുവരുത്താനും കേരളത്തിനു കഴിയണം. സോഷ്യൽ ഓഡിറ്റ്, പദ്ധതികളുടെ ഏകോപനം, മോണിറ്ററിംങ് എന്നിവ കേരളം കൂടുതൽ ശ്രദ്ധ പതിയേണ്ടുന്ന മേഖലകളാണ്.

സാങ്കേതികവിദ്യയുടെ വർദ്ധിത ഉപയോഗത്തിലൂടെ സുതാര്യതയും കാര്യക്ഷമതയും പദ്ധതി പ്രവർത്തനങ്ങളിൽ ഉണ്ടാവണം. പഞ്ചായത്തുകളിൽ കമ്പ്യൂട്ടർ സംവിധാനം നിർബന്ധമാക്കുന്നുണ്ട്. ബയോമെട്രിക് (Biometric) ടച്ച് സ്ക്രീൻ (Touch screen) തുടങ്ങിയവ ഏർപ്പെടുത്താൻ നിർദ്ദേശമുണ്ട്. Biometric സംവിധാനത്തിലൂടെ ഒരാൾക്ക് ഒരു identity card മാത്രം എന്ന സംവിധാനം കൊണ്ടുവരുന്നു. ഇതു തൊഴിൽ കാർഡായും വോട്ടർ കാർഡായും ബാങ്കിംഗ് ആവശ്യത്തിനും ഉപയോഗിക്കാം. ആൾമാറാട്ടം തടയുന്നതിന് biometric രീതി സഹായകമാകും. കൂടാതെ മൊബൈൽ (mobile) ടെക്നോളജിയുടെ പ്രയോഗവും ഈ ഘട്ടം ഊന്നൽ നല്കുന്നു. ഗ്രാമസഭാ യോഗസന്ദേശങ്ങൾ SMS ലൂടെ അറിയിക്കുന്നതുൾപ്പെടെ വിവിധ പ്രവർത്തനങ്ങളിൽ ഈ സംവിധാനം ഉപയോഗിക്കാൻ കഴിയും.

വേതന നിർണ്ണയത്തിലെ ഏകോപനമാണ് മറ്റൊരു ഊഴം. സംസ്ഥാനങ്ങൾ തമ്മിൽ ഇതിൽ വലിയ അന്തരമുണ്ട്. 70 രൂപ മാത്രം ലഭിക്കുന്ന ജമ്മുകാശ്മീരും. 140 രൂപ കൂലി നല്കുന്ന കേരളവും ഈ അന്തരം കാണിക്കുന്നു. ഇതു സംസ്ഥാനങ്ങളിലെ സാമൂഹ്യ സാമ്പത്തിക പ്രശ്നവുമായി ബന്ധപ്പെട്ട കാര്യമാണെന്നിരിക്കെ ഇതിൽ ഏകീകൃത നയം സാദ്ധ്യമല്ല. എന്നാൽ കുറഞ്ഞകൂലി 100 രൂപയായി ഉയർത്താനുള്ള നിർദ്ദേശം അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.

സന്നദ്ധസംഘടനകളുടെ ഇടപെടൽ തൊഴിലുറപ്പു പദ്ധതിയുടെ വിജയത്തിനുതകും എന്നാണ് വിലയിരുത്തപ്പെടുന്നത്. ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഓഡിറ്റിങ്ങിനും ഇതു സഹായകരമാണ്. ഇവരുടെ സഹായത്തോടെ തൊഴിൽ കേന്ദ്രങ്ങളിൽ സാക്ഷരത ക്ലാസ്സുകൾ ആരംഭിക്കാനും നിർദ്ദേശമുണ്ട്. എല്ലാ പഞ്ചായത്തുകളിലും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാരതനിർമ്മാൺ രാജീവ് ഗാന്ധി സേവാകേന്ദ്രങ്ങൾ (BNRGSK) ആരംഭിക്കും. ദേശീയ തൊഴിലുറപ്പു പദ്ധതിക്കുവേണ്ടിയുള്ള പ്രത്യേക കെട്ടിട സംവിധാനമാണിത്. പഞ്ചായത്താഫീസിനോട് ചേർന്നോ വേറിട്ടോ കെട്ടിടം നിർമ്മിക്കാം. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും സ്വന്തം കെട്ടിടമില്ലാത്ത പഞ്ചായത്തുകളുമുണ്ട്. അവയ്ക്ക് ഇത് ഏറെ സഹായകമാകും. ഉദ്യോഗസ്ഥ പുനർവിന്യാസമാണ് മറ്റൊരിനം ഉദ്യോഗസ്ഥന്മാരുടെ അഭാവം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശമുണ്ട്. ഓരോ ജില്ലയിലും നന്നായി പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തുക ൾക്കു കൂടി അവാർഡു നല്കുന്ന കാര്യം പരിഗണനയിലുണ്ട്. പഞ്ചായത്തുകൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരം ഇതിലൂടെ ഉദ്ദേശിക്കുന്നു. പ്രശ്ന പരിഹാരത്തിനായി ഓരോ ജില്ലകളിലും ഓംബുഡ്സ്മാൻ (Ombudsman) രൂപീകരിക്കാനും നിർദ്ദേശമുണ്ട്. ഒരു മിഷൻ (mission) പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് ദേശീയ തലത്തിലും സംസ്ഥാനതലത്തിലും പ്രത്യേക മിഷൻ രൂപീകരണവും ഈ ഘട്ടം ലക്ഷ്യമിടുന്നു. പഞ്ചായത്തുകളെ കൂടുതൽ ശക്തിപ്പെടുത്തി അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിൽ വരുത്താനും ഇതിലൂടെ ഉദ്ദേശിക്കുന്നു.

പുതിയ നിർദ്ദേശങ്ങളിൽ പലതും കേരളത്തിന് പുത്തരിയല്ല. അധികാരവികേന്ദ്രീകരണത്തിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമെന്ന നിലയിൽ പദ്ധതി ആസൂത്രണ നിർവഹണ കാര്യങ്ങളിൽ തൊഴിലുറപ്പു പദ്ധതി യഥാവിധി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ സുസ്ഥിര വികസന ലക്ഷ്യത്തിലൂടെ പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്താനും, പരിസ്ഥിതി സംരക്ഷണത്തിലൂടെ സ്ഥായിയായ വികസനം ഉറപ്പുവരുത്താനും കേരളത്തിനു കഴിയണം. സോഷ്യൽ ഓഡിറ്റ്, പദ്ധതികളുടെ ഏകോപനം, മോണിറ്ററിംങ് എന്നിവ കേരളം കൂടുതൽ ശ്രദ്ധ പതിയേണ്ടുന്ന മേഖലകളാണ്. ■

*ലേഖകൻ ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡെവലപ്മെന്റിന്റെ ഡയറക്ടറാണ്*

പി.കെ. രാജഗോപാൽ അഷ്ടമുടി



# ഗ്രാമങ്ങളും പ്രാദേശിക ചരിത്രരചനയും

പ്രകൃതി മനോഹരമായ ഗ്രാമങ്ങളാൽ സമ്പന്നമാണ് കേരളം. നദികളും പുഴകളും പാടങ്ങളും കുന്നുകളും മലകളും കാടുകളും അരുവികളുമൊക്കെ ഗ്രാമീണഭംഗി വർദ്ധിപ്പിക്കുന്നു. കേരളത്തിന്റെ ഗ്രാമീണ സൗന്ദര്യം പല സന്ദേശകാവ്യങ്ങളിലും വിദേശ സഞ്ചാരികളുടെ യാത്രാവിവരണങ്ങളിലും പുരാണ ഇതിഹാസങ്ങളിലുമൊക്കെ പരാമർശിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങളുടെ ജീവിതരീതി, ആചാരങ്ങൾ, വിശ്വാസങ്ങൾ, കാർഷികരീതി തുടങ്ങിയവയൊക്കെ പഠനവിധേയമായതാണ്. കേരളത്തിലെ പല പ്രദേശങ്ങളും ചരിത്രത്തിന്റെ ഏടുകളിൽ ഇതിനകം ഇടം തേടിയിട്ടുണ്ട്. ചിലത് ആരാധനാലയങ്ങളുടെ പ്രശസ്തിയാലും മറ്റു ചിലത് സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളുടെ ഈറ്റില്ലമായും അറിയപ്പെടുന്നു. നദികളാലും കായലുകളാലും അറിയപ്പെടുന്ന പ്രദേശങ്ങൾ വേറെയും. ആദിമജനതയുടെ ജീവിതവുമായി വയനാടും അട്ടപ്പാടിയും പ്രശസ്തമാകുമ്പോൾ കൊല്ലം, ആലപ്പുഴ ജില്ലകൾ ബുദ്ധമത സ്വാധീനത്താൽ പ്രശസ്തമാണ്. മാവേലിക്കര, കുന്നത്തൂർ, പള്ളിക്കൽ, ശാസ്താംകോട്ട, കരുനാഗപ്പള്ളി പ്രദേശങ്ങളിൽ നിന്നും ബുദ്ധന്റെ പ്രതിമകൾ കണ്ടെത്തിയിട്ടുണ്ട്. ചൈനക്കാരുമായുള്ള വാണിജ്യബന്ധമാകാം കൊല്ലത്ത് ബുദ്ധമത സ്വാധീനം ഉണ്ടാക്കിയതെന്നും ചരിത്രകാരന്മാർ പറയുന്നു. ചൈനീസ് സ്വാധീനം വിളിച്ചോതുന്ന അനശ്വര സ്മരണകളായി ചിന്നക്കടയും ചീനവലകളും നിലകൊള്ളുന്നു. ചൈനയുടെ പടക്കപ്പൽ നങ്കൂരമിട്ട പ്രദേശത്തെ പടപ്പക്കരയെന്നും, സാമ്പ്രാണിക്കപ്പൽ വന്ന പ്രദേശത്തെ സാമ്പ്രാണിക്കോടിയെന്നുമറിയപ്പെടുന്നു. വേണാട് രാജാക്കന്മാർ പള്ളിയാടിയിരുന്ന പള്ളിയാംതുരുത്തും മൺറോ സായിപ്പിന്റെ പേരിലറിയപ്പെടുന്ന മൺട്രോതുരുത്തും വേലുത്തമ്പിയുടെ വിളംബരത്താൽ പ്രസിദ്ധമായ കുണ്ടറയുമൊക്കെ കൊല്ലത്തിന്റെ ചരിത്രസ്മാരകങ്ങളാണ്. ഇതുപോലെ ഓരോ പ്രദേശത്തിനും അതിന്റേതായ ചരിത്രപാരമ്പര്യമുണ്ട്. ഇവയെ കണ്ടെത്താൻ ഗ്രാമീണ ചരിത്ര രചനയ്ക്കു സാധിക്കും. കേരള ചരിത്രത്തിൽ ഇടംപിടിക്കാതെപോയ സംഭവങ്ങളുണ്ട്. ഇവ അന്വേഷിച്ച് കണ്ടുപിടിക്കാൻ പ്രാദേശിക ചരിത്രകാരന്മാരുടെ കൂട്ടായ്മയ്ക്കു മാത്രമേ സാധിക്കുകയുള്ളൂ. ഇവിടെയാണ് പ്രാദേശിക ചരിത്രരചനയുടെ പ്രസക്തി വ്യക്തമാകുന്നത്.

### പ്രാദേശിക ചരിത്ര നിർമ്മാണത്തിന്റെ പ്രസക്തി

ചരിത്രപ്രസിദ്ധമായ നിരവധി സംഭവങ്ങൾക്ക് സാക്ഷിയാകേണ്ടി വന്ന കേരളത്തിലെ ഗ്രാമങ്ങൾ അവയുടെ ചരിത്രം വരും തലമുറകളിലേയ്ക്ക് പകർത്തിയെഴുതാനുള്ള ശ്രമമായിട്ടാണ് പ്രാദേശിക ചരിത്ര രചനയ്ക്ക് തുടക്കംകുറിക്കുന്നത്. ഓരോ പ്രദേശങ്ങളിലേയും ഗ്രാമീണവാസികളുടെ ജീവിതരീതികളും ആചാരങ്ങളും സംസ്കാരവുമൊക്കെ പഠന വിധേയമാക്കിക്കൊണ്ടുള്ള ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും കൂട്ടായ്മയിലൂടെയും ചരിത്രരചന സാദ്ധ്യമാക്കാം. ലഭ്യമാകുന്ന വിവരങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്ന ചരിത്രത്തിന് ശാസ്ത്രീയമായ അടിത്തറ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇതിനായി ചരിത്രരചനാ നിർമ്മാതക്കൾക്ക് വിദഗ്ദ്ധ പരിശീലനം ആവശ്യമുണ്ട്. സമൂഹത്തിൽ നിലനിന്നിരുന്ന വായ്മൊഴികൾ, പഴമൊഴികൾ, നാട്ടാചാരങ്ങൾ, നാട്ടറിവുകൾ, നാടൻ ശീലുകൾ, നാടൻ കലാരൂപങ്ങൾ, വാദ്യങ്ങൾ എന്നിവയൊക്കെ ചരിത്രരചനയെ കൂടുതൽ സമ്പുഷ്ടമാക്കാൻ സഹായിക്കുന്നു.

ഒരു ചെറിയ പ്രദേശത്തിന്റെ നാൽവരമ്പുകൾക്കുള്ളിൽ നിന്നു നടത്തുന്ന ഒന്നല്ല ചരിത്ര രചന. ചരിത്രവിദ്യാർത്ഥികളുടേയും ചരിത്രാന്വേഷികളുടേയും അദ്ധ്യാപകരുടേയും സാമൂഹ്യപ്രവർത്തകരുടേയും, കാരണവന്മാരുടേയും കൂട്ടായ്മ ഇതിനാവശ്യമാണ്. ചരിത്രബോധമുള്ളവരുടെ കൂട്ടായ്മ പ്രാദേശിക ചരിത്ര രചനയ്ക്കത്യന്താപേക്ഷിതമാണ്. നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ അടുത്തറിയാനും വരും തലമുറയ്ക്കായി അവ പകർത്തിയെഴുതുവാനുമുള്ള ചരിത്രകാരന്മാരുടെ ശ്രമങ്ങൾ മാതൃകാപരമാണ്. നടന്നുപോയ വഴികളിലൂടെയുള്ള തിരിച്ചുവരവ്, പാദമുദ്രകൾ തേടിയുള്ള യാത്ര, ചരിത്ര പ്രാധാന്യമുള്ള ലിപികളും ശാസനങ്ങളും ചുവർ ചിത്രങ്ങളും കണ്ടെത്തി മനസ്സിലാക്കാനുള്ള ശ്രമം ഇതൊക്കെ ചരിത്രരചനയ്ക്കാവശ്യമാണ്. കാരണവക്കൂട്ടങ്ങൾ ചേർന്നുള്ള അനുഭവങ്ങൾ പങ്കുവയ്ക്കലും ചരിത്രരചനയ്ക്കാവശ്യമാണ്. നാടിന്റെ പ്രാദേശികവും ദേശീയവുമായ പ്രാധാന്യങ്ങൾക്കൊപ്പം വിദേശബന്ധങ്ങളും പഠനവിധേയമാക്കണം. നാടിന്റെ വിദ്യാഭ്യാസ, സാംസ്കാരിക പുരോഗതിക്ക് വഴിതെളിച്ച പ്രസ്ഥാനങ്ങളുടേയും സംഭവങ്ങളുടേയും ചരിത്രം നാം അന്വേഷിച്ച് കണ്ടെത്തണം. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, കാർഷികരീതി, പരമ്പരാഗത തൊഴിൽ മേഖലകൾ, വിദ്യാഭ്യാസ പുരോഗതി, സാമൂഹ്യബന്ധങ്ങൾ, നവോത്ഥാന പ്രസ്ഥാനങ്ങൾ, മതങ്ങളുടെ വളർച്ച, സംഭാവനകൾ എന്നിവയൊക്കെ ചർച്ചയ്ക്ക് വിധേയമാക്കാം.

രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെ, അവരുടെ സംഭാവനകളെ വരും തലമുറകൾക്കായി നമുക്ക് പരിചയപ്പെടുത്താം. നാട്ടറിവുകൾ, വിശ്വാസങ്ങൾ, ഐതിഹ്യങ്ങൾ, ഗാർഹിക ജീവിതം, പാരിസ്ഥിതിക വിവേകം, പരസ്പര ബന്ധങ്ങൾ, വിവേചനങ്ങൾ, ഭാഷാശൈലി, നാടൻ കലകൾ എന്നീ വിഷയങ്ങൾ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണം. ഓരോ നാടിനും അതിന്റേതായ പ്രത്യേകതകളുമുണ്ട്. ഗ്രാമീണജനതയുടെ വിദ്യാഭ്യാസ നിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, പ്രതിമാസ വരുമാനം, കൈവശഭൂമിയുടെ അളവ്, കാർഷിക രീതി എന്നിവയ്ക്ക് പുറമേ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ, നാടിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തന ചരിത്രം എന്നിവയൊക്കെ ചരിത്രരചനയുടെ ഭാഗമാക്കാം. നാട്ടിലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കൂട്ടായ്മയിലൂടെ ബസ്സുകൾ വാങ്ങി സർവ്വീസ് നടത്തി മാതൃക കാട്ടിയ ഗ്രാമങ്ങൾ നമ്മുടെ നാട്ടിലുണ്ട്. ജാതി മത ലിംഗ വ്യത്യാസങ്ങളില്ലാതെയുള്ള കൂട്ടായ്മ ചരിത്രരചനയിലും അനിവാര്യമാണ്.

ഇന്ന് കേരളത്തിലെ പല പ്രദേശങ്ങളും ചരിത്രരചനയ്ക്ക് തുടക്കം കുറിച്ചു കഴിഞ്ഞു. യുവജനപ്രസ്ഥാനങ്ങൾ, സന്നദ്ധസംഘടനകൾ, ഗ്രാമീണ ലൈബ്രറികൾ, ഗ്രാമപഞ്ചായത്ത് തുടങ്ങിയവയുടെ നേതൃത്വത്തിലാണ് ചരിത്രരചനയ്ക്ക് തുടക്കം കുറിക്കുന്നത്. കേരള ചരിത്ര ഗവേഷണ കൗൺസിലും ആവശ്യമായ സഹായങ്ങൾ പ്രാദേശിക ചരിത്ര രചനയ്ക്ക് ചെയ്യുന്നുണ്ട്. ചരിത്രബോധമുള്ള ആൾക്കാരുടെ കൂട്ടായ്മയുടെ ഫലമായി പല ചരിത്രരചനകളും പുസ്തകരൂപത്തിൽ പുറത്ത് വന്നുകഴിഞ്ഞു. പല പഞ്ചായത്തുകളിലും ചരിത്രരചനയ്ക്കായുള്ള വിവര ശേഖരണത്തിലാണ് നാട്ടുകാർ. ചരിത്രബോധം ജനങ്ങളിൽ വളർത്താൻ ചരിത്രരചന ഏറെ സഹായിക്കും.

ഒരു നാടിന്റെ ചരിത്രം ജനതയുടെ സംസ്ക്കാരത്തിന്റെ കണ്ണാടിയാണ്. പ്രാദേശിക ചരിത്രരചനയിലൂടെ ഉറങ്ങിക്കിടക്കുന്ന ചരിത്രവസ്തുതകളും യാഥാർത്ഥ്യങ്ങളും വരും തലമുറയിലേയ്ക്ക് പകർന്ന് നല്കാൻ സഹായകമാകുന്നു.

വാണിയംകുളവും മയ്യനാടുംപ്രാദേശിക ചരിത്ര രചനയ്ക്കായി സൃഷ്ടിച്ച കൂട്ടായ്മ മാതൃകാപരം തന്നെ. കേരളത്തിലെ ഗ്രാമവികസന ചരിത്രത്തിൽ ഒരു സുപ്രധാന ചുവട്‌വയ്പായി പ്രാദേശിക ചരിത്ര രചനയെ കണക്കാക്കാം. ചരിത്രബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ പ്രാദേശിക ചരിത്ര രചന സഹായകരമാകും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ■

*(ലേഖകൻ നെന്മാറ എൻ.എസ്.എസ്. കോളേജിൽ അദ്ധ്യാപകനാണ്.)*

## വാണിയംകുളവും മയ്യനാടും മാതൃക

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പഞ്ചായത്ത് വിജ്ഞാനീയം കേരളചരിത്രഗവേഷണ കൗൺസിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. നാടിന്റെ സ്പന്ദനത്തെ തൊട്ടുണർത്തിയ ആ ചരിത്രരചന വിജ്ഞാനപ്രദവും മികവുറ്റതുമായിരുന്നു. കൊല്ലം ജില്ലയിലെ തെക്കൻ കടലോര ഗ്രാമമായ മയ്യനാടിന്റെ ചരിത്രം 'പ്രബുദ്ധതയുടെ ഇതിഹാസം' എന്ന പേരിൽ പുസ്തകമായി ഇറങ്ങിക്കഴിഞ്ഞു. മയ്യനാട് ലിറ്റററി റിക്രിയേഷൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ജനകീയ ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും കൂട്ടായ്മയിലൂടെയും ചരിത്രരചന പൂർത്തിയാക്കി പ്രസിദ്ധീകരിക്കുകയാണുണ്ടായത്. അഭിനന്ദനാർഹവും സ്വാഗതാർഹവും പ്രോത്സാഹജനകവുമായിരുന്നു ഇവരുടെ ചരിത്രരചനയ്ക്ക് പിന്നിലുള്ള അന്വേഷണശ്രമങ്ങൾ. 488 പേജുകളിലായി 16 അദ്ധ്യായങ്ങളായിട്ടാണ് ചരിത്രരചന പുസ്തകമായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. നിരവധി ചരിത്രകാരന്മാരുടെ ചരിത്രപുസ്തകങ്ങളുടെ സഹായത്തോടെ നടത്തിയ ചരിത്രരചന ആധികാരികവും വസ്തുനിഷ്ഠവുമാണെന്ന കാര്യത്തിൽ സംശയമില്ല. ഇളംകുളം കുഞ്ഞൻപിള്ള, കെ. ദാമോദരൻ, വേലായുധൻ പണിക്കശ്ശേരി, ഉള്ളൂർ പരമേശ്വര അയ്യർ എന്നിങ്ങനെ നീളുന്ന ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങൾ ഇവരുടെ പഠനത്തെ സ്വാധീനിച്ചിട്ടുണ്ട്.

ഗ്രാമത്തിന്റെ ഉത്ഭവവും വളർച്ചയും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും, വിശ്വാസങ്ങളും, ആചാരങ്ങളും, സമുദായങ്ങളും, ആരാധനാലയങ്ങളും, വിദ്യാഭ്യാസ മുന്നേറ്റവും, തൊഴിലും വ്യവസായവും, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും സാമൂഹ്യമുന്നേറ്റവും സ്ത്രീ സമൂഹത്തിന്റെ വളർച്ച, വിദേശബന്ധം തുടങ്ങിയ പ്രധാന വിഷയങ്ങളിലൂന്നിയായിരുന്നു മയ്യനാടിന്റെ ചരിത്രരചന. കേരള രാഷ്ട്രീയ, സാഹിത്യ, സാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധിപേർ മയ്യനാടിന്റെ സംഭാവനയാണ്. സി.വി. കുഞ്ഞിരാമൻ, സി. കേശവൻ, കെ. ദാമോദരൻ, സി.പി. കേശവൻ വൈദ്യർ എന്നിങ്ങനെ നീളുന്നു പ്രഗത്ഭരായ മയ്യനാട്ടുകാരുടെ പട്ടിക. 60 വർഷങ്ങൾക്ക് മുൻപ് മയ്യനാട്, നെയ്ത്തുകാരുടേയും കർഷകരുടേയും തൊണ്ട് തല്ലുകാരുടേയും കയർപിരിപ്പുകാരുടേയും ചെറുകിട കച്ചവടക്കാരുടേയും, മത്സ്യത്തൊഴിലാളികളുടേയും ആവാസകേന്ദ്രമായിരുന്നു. പ്രകൃതി മനോഹരമായ മയ്യനാട്ടിൽ ബുദ്ധമത സ്വാധീനവും ശക്തമായിരുന്നു. മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളാണ് മയ്യനാട് പ്രദേശത്തെ ആരാധനാലയങ്ങൾ. നാട്ടിൽ നിലനിന്നിരുന്ന മത ആചാരങ്ങളും മരണാനന്തര ചടങ്ങുകളും വിവാഹ ആചാരങ്ങളുമൊക്കെ ചരിത്രഗ്രന്ഥത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മയ്യനാട്ടെ ജനസംഖ്യ, ഭൂഘടന, കൃഷിസ്ഥലങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സ്ഥലനാമ ചരിത്രം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചരിത്രം, സാംസ്ക്കാരിക സംഘടനകളുടെ ചരിത്രം, കാർഷിക പുരോഗതി, വ്യവസായ സ്ഥാപനങ്ങൾ, പരമ്പരാഗത തൊഴിലുകൾ, ആതുരാലയങ്ങൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ചരിത്രം, സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനം, ഉന്നത ബിരുദധാരികൾ, ഉന്നത ഉദ്യോഗസ്ഥർ, കലകളുടെ പ്രോത്സാഹനം, വിദേശബന്ധം എന്നിവയ്ക്കുപുറമേ പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ ചരിത്രവും പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കേരള ചരിത്രത്തിൽ സുവർണ്ണലിപികളാൽ മയ്യനാടിന്റെ ചരിത്രം എഴുതിച്ചേർക്കാൻ സഹായകരമാണീ ചരിത്രരചന.

*റിപ്പോർട്ട്*

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

# ഫ്രണ്ട് ഓഫീസ് സംവിധാനം : ജില്ലാതല പ്രഖ്യാപനങ്ങൾ

നേരത്തെ പ്രഖ്യാപിച്ചിരുന്ന പോലെ കേരളത്തിലെ ജനങ്ങൾക്കുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്വാതന്ത്ര്യദിന സമ്മാനമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും സേവനാവകാശം ഉറപ്പ് വരുത്തുന്ന ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നു. ഇത് സംബ ന്ധിച്ച ജില്ലാതല പ്രഖ്യാപനങ്ങൾ ഒരു ജില്ലയിൽ ജൂൺ മാസത്തിലും നാല് ജില്ലകളിൽ ജൂലൈ മാസത്തിലും നടന്നിരുന്നു. ബാക്കി എട്ട് ജില്ലകളിലെ പ്രഖ്യാപനം ആഗസ്റ്റ് മാസത്തിൽ നടന്നു.

**കാസറഗോഡ്, കണ്ണൂർ**

കാസറഗോഡ് ജില്ലയിലെ പ്രഖ്യാപനം 2009 ആഗസ്റ്റ് 1 ന് രാവിലെ 10.30 ന് ഉദുമയിൽ വെച്ചും, കണ്ണൂരിന്റേത് അന്നു തന്നെ വൈകീട്ട് 3.30 ന് കല്യാശ്ശേരിയിൽ വെച്ചും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി നിർവഹിച്ചു. കെ.വി കുഞ്ഞിരാമൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.വി ബാലകൃഷ്ണൻ, വിവിധ തലത്തിലെ ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ കാസറഗോഡും, എം.പ്രകാശൻ എം.എൽ.എ, സി.കെ.പി പത്മനാഭൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ നാരായണൻ, വിവിധ ജനപ്രതിനിധികൾ എന്നിവർ കണ്ണൂരിലും പങ്കെടുത്തു. കില ഡയറക്ടർ പ്രൊഫ. എൻ. രമാകാന്തൻ രണ്ടിടങ്ങളിലും വിഷയാവതരണം നടത്തി. കില ഡെപ്യൂട്ടി ഡയറക്ടർ കെ. ദാമോദരൻ, അസിസ്റ്റന്റ് ഡയറക്ടർ കെ. വിനോദ് കുമാർ, ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ തുടങ്ങിയവരും പങ്കെടുത്തു.

**കോഴിക്കോട്**

കോഴിക്കോട് ജില്ലാതല പ്രഖ്യാപനം 2009 ആഗസ്റ്റ് 1 ന് രാവിലെ 10.30 ന് എലത്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ വെച്ച് എ. പ്രദീപ്കുമാർ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ വ്യവസായ വകുപ്പ് മന്ത്രി എളമരം കരീം നിർവഹിച്ചു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**എറണാകുളം**

മഴുവഞ്ചേരി ഗ്രാമപഞ്ചായത്ത് അങ്കണത്തിൽ വെച്ച് 2009 ആഗസ്റ്റ് 4-ാം തീയതി ഉച്ചയ്ക്ക് 3 മണിക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി, എം.എം.മോനായി എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ നിർവഹിച്ചു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു.

**മലപ്പുറം**

മലപ്പുറം ജില്ലാതല പ്രഖ്യാപനം 2009 ആഗസ്റ്റ് 8-ാം തീയതി രാവിലെ 11 മണിക്ക് എടരിക്കോട് വെച്ച് തദ്ദേശ



*ഫ്രണ്ട് ഓഫീസ് : മലപ്പുറം ജില്ലാതലപ്രഖ്യാപനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു.*



*ഫ്രണ്ട് ഓഫീസ് : കോഴിക്കോട് ജില്ലാതലപ്രഖ്യാപനം വ്യവസായവകുപ്പ് മന്ത്രി എളമരം കരീം നിർവ്വഹിക്കുന്നു.*



*എറണാകുളം ജില്ല പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ പൗരാവകാശ രേഖയുടെ പ്രകാശനം തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവ്വഹിക്കുന്നു.*



*പാലക്കാട് ജില്ല പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ ഓഫീസിന്റെ പൗരാവകാശ രേഖയുടെ പ്രകാശനം പഞ്ചായത്ത് ഡയറക്ടർ ഡോ.വി.എം. ഗോപാലമേനോൻ നിർവ്വഹിക്കുന്നു. തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി , പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക് തുടങ്ങിയവർ സമീപം.*

സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിച്ചു. പ്രഖ്യാപനത്തിന് മുമ്പ് സദ്ഭരണം എന്ന വിഷയത്തിൽ നടന്ന സെമിനാർ, തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പി.കെ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുകയും വിഷയാവതരണം നടത്തുകയും ചെയ്തു.

**തിരുവനന്തപുരം**

2009 ആഗസ്റ്റ് 12ന് അരുവിക്കര സ്ക്കൂൾ ജംഗ്ഷനിൽ വെച്ച് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി, മാങ്കോട്ട് രാധാകൃഷ്ണൻ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ പ്രഖ്യാപനം നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ, വിവിധ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കില ഡയറക്ടർ പ്രൊഫ.എൻ.രമാകാന്തൻ സുസ്ഥിരമായ ഫ്രണ്ട് ഓഫീസ് സംവിധാനം സംബന്ധിച്ച് വിഷയാവതരണം നടത്തി.

**ആലപ്പുഴ**

ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ആർ. നാസറിന്റെ അദ്ധ്യക്ഷതയിൽ പി. തിലോത്തമൻ എം.എൽ.എ ആലപ്പുഴ ജില്ലാതല പ്രഖ്യാപനം 2009 ആഗസ്ററ് 13ന് പാതിരപ്പിള്ളിയിൽ വെച്ച് നിർവഹിച്ചു. വിവിധ തലങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. കില അസിസ്റ്റന്റ് ഡയറക്ടർ കെ. വിനോദ്കുമാർ സുസ്ഥിരമായ ഫ്രണ്ട് ഓഫീസ് എന്നത് സംബന്ധിച്ച വിഷയാവതരണം നടത്തി.

**പാലക്കാട്**

പാലക്കാട് ജില്ലാതല പ്രഖ്യാപനം 2009 ആഗസ്റ്റ് 14-ാം തീയതി രാവിലെ 11 മണിക്ക് വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്കിന്റെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിച്ചു. പ്രഖ്യാപനത്തിനു മുമ്പ് നടന്ന സദ്ഭരണം വിഷയത്തിലുള്ള സെമിനാർ പഞ്ചായത്ത് ഡയറക്ടർ ഡോ.വി.എം ഗോപാലമേനോൻ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. കില അസിസ്റ്റന്റ് ഡയറക്ടർ കെ. വിനോദ് കുമാർ വിഷയാവതരണം നടത്തി.

എല്ലാ ജില്ലകളിലേയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളുടെ പൗരാവകാശ രേഖ, ജില്ലാതല പ്രഖ്യാപനങ്ങളുടെ വേദികളിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു എന്നത് ജനപക്ഷപരമായ ഭരണ നിർവഹണത്തിലേയ്ക്കുള്ള വലിയൊരു കാൽവെപ്പാണ്. ഇതോടെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിൽ വന്നതായി ഔദ്യോഗിക പ്രഖ്യാപനമുണ്ടായിരിക്കുകയാണ്. ■



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **തെക്കനേഷ്യയിലെ പ്രാദേശികഭരണകൂടങ്ങളുടെ പ്രവർത്തനങ്ങളും പരിപാടികളും**

ഇന്ത്യയിലും തെക്കനേഷ്യയിലും അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ധാരാളം സംഘടനകളും പരിപാടികളും നടന്നു വരുന്നു. ഇത്തരത്തിലുള്ള പരിപാടികൾ സംബന്ധിച്ച വിശദാംശങ്ങൾ ഉദാഹരണസഹിതം വിശദമാക്കുന്നു.

### പ്രാദേശിക സർക്കാരുകളുടെ കാര്യശേഷിവികസനം:

പ്രാദേശികസർക്കാരുകളുടെ കാര്യശേഷിവികസനം സംബന്ധിച്ച ചർച്ചയിൽ ഇന്ത്യയിലേയും ആഗോളതലത്തിലേയും പ്രവർത്തനങ്ങൾ ചർച്ചയുടെ ഭാഗമായി. ഉദാഹരണത്തിന് ഹിമാചൽപ്രദേശിലുള്ള 'സൂത്ര' പഞ്ചായത്തുമായി സഹകരിച്ച് വിവരവിനിമയത്തിനും മറ്റുമായി നേപ്പാളിലുള്ള ICIMODയുമായി സഹകരിക്കുന്നു. ഇപ്പോൾ 'സൂത്ര' പഞ്ചായത്തുകളുടെ ശാക്തീകരണത്തിനും, സ്വയംഭരണ ന്യായപഞ്ചായത്തിനു വേണ്ടിയും പ്രവർത്തിച്ച് വരുന്നു. ഇന്ത്യയിലെ ഒട്ടനവധി സംസ്ഥാനങ്ങളിൽ യുണിസെഫ് പഞ്ചായത്തുകളുടെ ശാക്തീകരണത്തിനും, മനുഷ്യവിഭവശേഷി വികസനത്തിനും വേണ്ടി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതു പോലെ തന്നെ ആഗോളതലത്തിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളും പഞ്ചായത്ത് ശാക്തീകരണത്തിനും, ഇത് സംബന്ധിച്ച പഠനങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിനും, മീറ്റിംഗുകളും ചർച്ചകളും സംഘടിപ്പിക്കുന്നതിനും സഹായങ്ങൾ നൽകിവരുന്നു.

സെന്റർ ഫോർ വേൾഡ് സോളിഡാരിറ്റി എന്ന സംഘടനയും പഞ്ചായത്ത് ശാക്തീകരണത്തിനായി അവരുമായി സഹകരിക്കുന്ന സർക്കാർ ഇതരസംഘടനകളുടെ പ്രവർത്തന ശൃംഖലയുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നു.

കേരളത്തിലാകട്ടെ "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനാണ്" പഞ്ചായത്തുകളുടെ കാര്യശേഷി വികസനത്തിന് വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ചുമതല. ഇതിലേയ്ക്കായി നല്ല പ്രവർത്തനങ്ങളുടെ മാതൃകകൾ റിപ്പോർട്ടുകളാക്കുകയും, സ്ത്രീ പദവി പഠനം തുടങ്ങിയവ നടത്തുകയും ചെയ്തിട്ടുണ്ട്.

അഫ്ഗാനിസ്ഥാനിലും മറ്റ് തെക്കനേഷ്യൻ രാജ്യങ്ങളിലും "ആഗാഘാൻ ഡെവലപ്പ്മെന്റ് നെറ്റ്വർക്ക്" പഞ്ചായത്ത് ശാക്തീകരണത്തിനായി പ്രവർത്തിച്ചു വരുന്നു. അത് പോലെ തന്നെ ബംഗ്ലാദേശ് സർക്കാർ അതിന്റെ പ്രാദേശിക സർക്കാർ വിഭാഗവുമായി സഹകരിച്ച് ഇതേ പ്രവർത്തനം നടത്തി വരുന്നു. ആഗോളതലത്തിൽ സിവിക്കസ് (CIVICUS) ഇതേ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

### പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനശൃംഖല

പ്രാദേശികസർക്കാരുകളുടെ വിവരവിനിമയശൃംഖല രൂപീകരണത്തിനായി ധാരാളം സംഘടനകൾ പ്രവർത്തിച്ചു വരുന്നു. ഉദാഹരണത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ 'അസ്സോസിയേഷൻ ഓഫ് ലോക്കൽ ഗവൺമെന്റ് ഇൻ ഇന്ത്യ' (ALGI) പ്രവർത്തിച്ചുവരുന്നു. ധൻ ഫൗണ്ടേഷനും ഇതേ രംഗത്ത് തന്നെ പ്രവർത്തിക്കുന്നു. 'സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ ആന്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ്' (CRRID) ഇന്ത്യ, പാക്കിസ്ഥാൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഇതേ ലക്ഷ്യത്തോടെ പ്രവർത്തിച്ച് വരുന്നു. ആഗോളതലത്തിൽ 'ലോഗോലിങ്കും' തെക്കനേഷ്യയിൽ 'സൊസൈറ്റി ഫോർ പാർട്ടിസിപ്പേറ്ററി റിസർച്ച് ഇൻ ഏഷ്യ'(PRIA) ഇതിലേയ്ക്കായി പ്രവർത്തിക്കുന്നു.

### വനിത ജനപ്രതിനിധികളുടെ ശൃംഖല

വനിത ജനപ്രതിനിധികളുടെ ശൃംഖല രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഒട്ടനവധി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. 'സിഗമ്മ ശ്രീനിവാസൻ ഫൗണ്ടേഷൻ' കർണ്ണാടകയിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയാണ്. അത് പോലെതന്നെ തമിഴ്നാട്ടിൽ 'രാജീവ്ഗാന്ധി ചെയർ ഫോർ പഞ്ചായത്തിരാജ് സ്റ്റഡീസ്', ഉത്തർപ്രദേശിൽ 'സബാഗി ശിക്ഷൻകേന്ദ്ര' എന്നിവയും ഇതേ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളാണ്. ഗുജറാത്തിലെ 'മഹിളാ സ്വരാജ്' അഭിയാൻ വനിതാ ജനപ്രതിനിധികളുടെ നേതൃത്വപരിശീലനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

### പ്രാദേശികഭരണവും നഗരങ്ങളും

തെക്കനേഷ്യയിൽ നഗര പ്രാദേശികഭരണവുമായി ബന്ധപ്പെട്ട് 'അർബൻ മാനേജ്മെന്റ് സെന്റർ ആന്റ് (ICMA) സൗത്ത് ഏഷ്യ' പ്രവർത്തിച്ച് വരുന്നു. ഇന്ത്യയിൽ സിറ്റി മാനേജേഴ്സ്, ശ്രീലങ്കയിൽ ഗുഡ് ഗവർണൺസ് റിസോഴ്സ് സെന്റർ എന്നിവയും പ്രവർത്തിച്ചുവരുന്നു.

ആഗോളതലത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾ താഴെപ്പറയുന്നു.

- സിറ്റീസ് അലൈൻസ്
- വേൾഡ് സൗത്ത് ഏഷ്യ
- ആസ്ട്രേലിയൻ ഡവലപ്പ്മെന്റ് ഗേറ്റ് വേ
- കനേഡിയൻ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് ഏജൻസി
- ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റ്
- യു എസ് എയ്ഡ്സ് ഓഫീസ് ഫോർ ഡമോക്രസി ആന്റ് ഗവർണൻസ്

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*■

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്റ്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*

*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*





**പുസ്തകപരിചയം**

# മാഞ്ഞുപോകുന്ന കാഴ്ചയെക്കുറിച്ച്

**പത്തിയൂർ ശ്രീകുമാർ**

മീനം 26-ാം തീയതി രാത്രി മഴ പെയ്യും; 27 നു വിത്തിടും. 28,29 തീയതികളിൽ വയലിൽ ഒരു പണിയുമുണ്ടാകില്ല. അന്നു ഭൂമിദേവി പുറത്താണ് (രജസ്വല). മണ്ണിൽ വെട്ടിയാൽ ചോരവരും. പിന്നെ മേടം ഒന്നിനാണ്. നന്നായി കോണുതേഞ്ഞ 'കലപ്പ'യാണു വിത്തിടുന്നതിനുപയോഗിക്കുന്നത്. മണ്ണ് അധികം ഉണങ്ങുന്നതിനു മുൻപ് 'മെതിയടി' ഉപയോഗിച്ചു 'പൊഴി' മൂടുന്നു. നന്നായി ഇടകിളച്ചു കളപറിച്ചു വളം ചെയ്താൽ മിഥുനത്തിൽ 'കുടം' വരും. 'ഈന്നുനിരന്നു' കർക്കടകമാകുമ്പോഴേയ്ക്കും 'കാവഴങ്ങി' നിൽക്കും സ്വർണ്ണനിറമുള്ള സുന്ദരിക്കതിർക്കുലകൾ.

കർക്കടകം ഒന്നാം തീയതി രാവിലെ ഒരു പിടി കതിർക്കുലകൾ പൂമുഖത്ത് കൊണ്ടുവന്നു തൂക്കുന്നു. അന്നാണു 'ചങ്കിരാന്തി' (സംക്രാന്തി). പഴയ മുറം, കുട്ട, ചൂല് എന്നിവ ഉൾപ്പടെ അടുക്കള തൂത്ത് ദൂരെ തെങ്ങിൻ ചുവട്ടിൽ കൊണ്ടു ചെന്നു 'പഞ്ഞം' കളയുന്നു. 'ശീപോതി' യെ-ശ്രീഭഗവതി-അകത്തേയ്ക്കെഴുന്നള്ളിക്കുന്നു. പിന്നീടു കൊയ്ത്തായി. മെതിയും, പതവും, കച്ചിയുണക്കും, തുറുവിടലും. വീട്ടുകാരുടേയും ജോലിക്കാരുടേയും ദേഹത്ത് പുന്നെല്ലിന്റെ കച്ചിയുടെ 'ചൂരു'ണ്ടാകും. 'കാളത്തിണ്ണ' യുടെ മുകളിൽ ഭദ്രമായി തെറുത്തുകെട്ടി വെച്ചിരുന്ന 'ചിക്കുപായ' കൊയ്ത്താകുമ്പോഴേയ്ക്കും പോന്നുപോരാഴിക മാറ്റി, വൃത്തിയാക്കി വെച്ചിരിക്കും. 'പൊലി'യുമുണക്കണം പുഴുക്കനെല്ലുമുണക്കണം. 'ഇടവപ്പാതി' യുടെ ബാക്കി ഇടയ്ക്കിടെ പെയ്തിറങ്ങുന്നതിനാൽ മാനത്തേയ്ക്കു നോക്കി വേണം കച്ചിയും നെല്ലുമുണക്കാൻ.

പൂട്ടി ഒരുക്കാൻ, അടുത്ത കൃഷിക്കു വയൽ ഒരുക്കാൻ കാളയും കലപ്പയും കൂടിയേ തീരൂ. ഉഴുതുമറിച്ചിട്ട വയലിൽ തിങ്ങി നിറഞ്ഞു കിടക്കുന്ന വെള്ളം ചവിട്ടിപ്പറ്റിക്കണം. 'ചക്രവും അറയും' വേണം. പാതിരാത്രിയിൽ ചക്രം ചവിട്ടാൻ തുടങ്ങിയാലേ രാവിലെ വെള്ളം വറ്റിക്കിട്ടുകയുള്ളൂ. ഞാറു നടാൻ കഴിയുകയുള്ളൂ. രാത്രിയിൽ ജന്മി കുടിയാനു കാവലിരിക്കുന്നു. രാവിലെ എല്ലാവരും ചേറ്റിലിറങ്ങുന്നു. നട്ടുകേറുമ്പോൾ വൈകുന്നേരമാകും. ആ സമയത്തു മാത്രമേ ഭക്ഷണം കഴിക്കുകയുള്ളൂ. 'പൊങ്ങ്യാറു' കുത്തിക്കഴിഞ്ഞാൽ (പിഴുതുപൊങ്ങിക്കിടക്കുന്ന ഞാറ്) കർക്കടകത്തിലെ ജോലി തീർന്നു. ചിങ്ങമായി ഓണം. എല്ലാവരുടേയും അറനിറഞ്ഞു അകവും നിറഞ്ഞു. ഒരു നാടിന്റെ മുഴുവൻ സംതൃപ്തിയുടെ ചിഹ്നമായി മാറുന്നു മഹാബലിയും തിരുവോണവും ആഘോഷങ്ങളും.

മുരളീധരൻ തഴക്കര എഴുതിയ 'ഓർമ്മയിലെ കൃഷിക്കാഴ്ചകൾ' എന്ന പുസ്തകം വായിച്ചു കഴിഞ്ഞതിനുശേഷം നടത്തിയ ആത്മ പരിശോധനയാണ് മുകളിൽ കുറിച്ചത്. ആരുടേയോ 'രഹസ്യ അജണ്ട' യുടെ പേരിൽ നെൽകൃഷി-എല്ലാ കൃഷികളും-നഷ്ടമാണെന്നു വരുത്തിത്തീർക്കുകയും നെൽകൃഷി ഉപേക്ഷിച്ചതിനു പുറകേ എല്ലാ കൃഷിയും വേണ്ടെന്നു വെയ്ക്കുകയും പാരമ്പര്യമായി നമുക്കു ലഭിച്ച നൻമയുടെ കുടിയിരുപ്പുകൾ മുഴുവൻ കാലക്രമേണ ഇല്ലാതാവുകയും ചെയ്ത ഒരു ക്രൂരമായ ദശാസന്ധിയിലാണു ഓരോ മലയാളിയും ഇന്നെത്തിനിൽക്കുന്നത്. ഒരേ സമയത്ത് ദുഃഖവും സ്വയം പുച്ഛവും തോന്നുന്ന ഒരവസ്ഥ.

'പത്തായം' കിട്ടിയ വിലയ്ക്കു വിറ്റു. വാങ്ങിയവർ അതു വെട്ടിപ്പൊളിച്ചു കൊണ്ടു പോകുന്നതു നിസ്സംഗതയോടെ നോക്കിനിന്നു. തൊഴുത്തു ഇടിച്ചിളക്കി അവിടെ പട്ടിക്കൂടു പണിഞ്ഞു. പട്ടിക്കു കൊടുക്കാൻ ഇറച്ചിക്ക് 'ക്യൂ' നിന്നു, ഒരു ഉളുപ്പുമില്ലാതെ നെല്ലും തേങ്ങയും വിറ്റു ഫീസുകൊടുത്ത് ഉന്നത വിദ്യാഭ്യാസം തേടി പട്ടണത്തിൽ സ്ഥിരതാമസമാക്കി സഞ്ചി അരിയും തേങ്ങയും കൊണ്ടുവരുന്ന വാഹനം താമസിച്ചെത്തിയതിനെക്കുറിച്ച് ആത്മരോഷം കൊണ്ട് സമ്പൂർണ്ണ സാക്ഷരനായ മലയാളി.

ഇതൊക്കെ ഓർമ്മിപ്പിക്കുന്ന 'ഓർമ്മയിലെ കൃഷിക്കാഴ്ചകൾ' ഓരോ മലയാളിക്കും സ്വന്തമായ ഒരിടം ഏതെങ്കിലും മേഖലയിലുണ്ടോ എന്ന ചോദ്യം വരികൾക്കിടയിൽ ഒളിപ്പിച്ചു വെച്ചിരിക്കുകയും ചെയ്യുന്നു ഈ കൃതി.

ഇരുന്നൂറ്റിപ്പതിനഞ്ചു പുറങ്ങളുള്ള ഈ കൃതിക്കു അഞ്ചുഭാഗങ്ങളുണ്ട്. പാടം, പറമ്പ്, തൊടി, വീട്, നാട് എന്നി

ങ്ങനെ അവയെ തിരിച്ചിരിക്കുന്നു. 'പാടം'–'കാളയും കലപ്പ'യും മുതൽ 'ഓണാട്ടുകരത്തൂമ്പ'വരെയും; 'പറമ്പ്'– 'തളപ്പും ചുമ്മാടും' മുതൽ 'വയണയിലയുടെ സുഗന്ധസ്മൃതി' വരെയും; 'തൊടി'–തുള സിയും തുളസിത്തറ'യും മുതൽ 'പുനർജ്ജ നിക്കുന്ന പടിപ്പുര' വരെയും; വീട്–'അരിപ്പെ ട്ടിയും കാൽപ്പെട്ടി'യും മുതൽ 'അരങ്ങൊ ഴിഞ്ഞ വാൽക്കിണ്ടി'വരെയും; 'നാട്'–'കാള വണ്ടി' മുതൽ 'മാടക്കട' വരെയും എന്താ ണെന്നു പറഞ്ഞുതരുന്നു–വ്യക്തമായ ചിത്രങ്ങളോടെ.

വർത്തമാനകാല സാമൂഹ്യ വ്യവസ്ഥ യിൽ എന്തിനാണു 'വൈക്കോൽ തുറു' ('ചുവട്ടുകച്ചി'ക്കും 'കതിരുകച്ചി'ക്കും പ്രത്യേകം തുറുവുണ്ടായിരുന്നു പറ മ്പിൽ–ഒരു കാലത്ത്) തെങ്ങില്ലാത്ത ഫ്ളാറ്റുവാസിക്ക് എന്തിനാണു 'തേങ്ങാ പ്പാര'. മാർക്കറ്റിൽ പായ്ക്കറ്റുപ്പു കിട്ടു മ്പോൾ 'ഉപ്പുമരവി' വീട്ടിലാവശ്യമേയില്ല. തമിഴ്നാട്ടുകാരൻ ചിക്കനും കോഴിമു ട്ടയും എത്തിക്കുമെങ്കിൽ 'കോഴിക്കൂടി' ന്റെ സ്ഥലം 'വെയ്സ്റ്റാ'ണ്. പായ്ക്കറ്റു തൈരുണ്ടെങ്കിൽ അടുക്കളയിൽ 'മത്ത്' ഒരു വേണ്ടാത്ത ഉപകരണമാണ്. ടൈലു പാകിയ പുരയ്ക്കകം 'ചൂലു'പയോഗിച്ചു വൃത്തികേടാക്കാൻ ആധുനിക വീട്ടമ്മ തയ്യാറല്ല. 'കുട്ട'യും 'വട്ടി'യും 'പുട്ട'ലും ഇന്നത്തെ എസ്സ്എംഎസ്സ് ഇന്റർനെറ്റ് സംസ്ക്കാരത്തിൽ അധികപ്പറ്റാണ്. മാത്ര മല്ല ഇവയൊന്നും പ്ലാസ്റ്റിക് കാരിബാ ഗിനു പകരവുമാവില്ല. (പ്ലാസ്റ്റിക് നമ്മെ വിഴുങ്ങിയ കഥ വേറെ) എന്നാൽ ചെമ്പി ലും കുട്ടകത്തിലും നെല്ലുപുഴുങ്ങി അതു 'ചിക്കുപായ'യിൽ ഉണക്കി കുട്ടയിലും ചാക്കിലും വാരി നിറച്ചു മില്ലിൽ കൊണ്ടു പോയി കുത്തിച്ചുകൊണ്ടുവന്നു ചോറു ണ്ടിരുന്ന ഒരു തലമുറ ഇവിടുണ്ടായി രുന്നു എന്നു ഇന്നത്തെ 'അൺ എയ് ഡഡ് ബേബി'കൾക്ക് ഓർക്കാൻ ഈ പുസ്തകം കൂടിയേ തീരൂ.

വട്ടിയും മാക്കൊട്ടയും മാടക്കടയും ഉറിയും ഊഞ്ഞാലും ഉമിക്കരിക്കുടു ക്കയും തുടങ്ങി അറുപതിൽപരം വിവ രങ്ങളാണു ലേഖകൻ ആകർഷകമായി അവതരിപ്പിച്ചിരിക്കുന്നത്. ഈ ശേഖരണം ക്ഷിപ്രസാധ്യമായ ഒന്നല്ല. എപ്പോൾ വേണമെങ്കിലും വിരസതയിലേയ്ക്കു വഴുതിവീഴാവുന്ന, കേവലം വസ്തു സ്ഥിതി കഥനം മാത്രമായിപ്പോകാവുന്ന വിഷയങ്ങളാണ്. നമ്മിലേയ്ക്കുതന്നെ നോക്കാൻ പര്യാപ്തമായ വിധത്തിൽ പറഞ്ഞുതരുന്നത്. പാരായണക്ഷമമായ ആ രചനാതന്ത്രം മുരളീധരൻ തഴക്കര– യ്ക്കുമാത്രം അവകാശപ്പെട്ടതാണ്.

ഇത്രയധികം രോഗങ്ങൾ നമുക്കെ ങ്ങനെ പിടിപെട്ടു എന്നന്വേഷിക്കു മ്പോൾ നമ്മൾ വീട്ടിൽ നിന്നും വയലിൽ നിന്നും നാട്ടിൽ നിന്നും അകന്നതു കൊണ്ടാണെന്നു പറയുമ്പോൾ അതൊ രു പഴഞ്ചന്റെ പ്രസ്താവന ആക്കി തള്ളി




*ഓർമ്മയിലെ കൃഷിക്കാഴ്ചകൾ*
*മുരളീധരൻ തഴക്കര*
*വില 100 രൂപ*
*ഡിസി ബുക്സ്*

വട്ടിയും മാക്കൊട്ടയും മാടക്കടയും ഉറിയും ഊഞ്ഞാലും ഉമിക്കരിക്കുടുക്കയും തുടങ്ങി അറുപതിൽപരം വിവരങ്ങളാണു ലേഖകൻ ആകർഷകമായി അവതരിപ്പിച്ചിരിക്കുന്നത്. ഈ ശേഖരണം ക്ഷിപ്രസാധ്യമായ ഒന്നല്ല. എപ്പോൾ വേണമെങ്കിലും വിരസതയിലേയ്ക്കു വഴുതിവീഴാവുന്ന, കേവലം വസ്തുസ്ഥിതി കഥനം മാത്രമായിപ്പോകാവുന്ന വിഷയങ്ങളാണ്. നമ്മിലേയ്ക്കുതന്നെ നോക്കാൻ പര്യാപ്തമായ വിധത്തിൽ പറഞ്ഞുതരുന്നത്. പാരായണക്ഷമമായ ആ രചനാതന്ത്രം മുരളീധരൻ തഴക്കര-യ്ക്കുമാത്രം അവകാശപ്പെട്ടതാണ്.

ക്കളയരുത്.

പത്രങ്ങളിലെ ചരമക്കോളത്തിലെ പ്രധാന ഇനമാണല്ലോ മുങ്ങിമരണം. ആറു കണ്ടാൽ നീന്താൻ ചാടുന്നവർ ജീവിതത്തിൽ ഒരു കുളം പോലും കാണാ ത്തവരും, ഒരു കുളത്തിലിറങ്ങി കുളിക്കാ ത്തവരുമാണ്. (വീടിന്റെ നാലു ചുവരു കൾക്കുള്ളിൽ കുളിച്ചുശീലിച്ചവരാണെ ന്നോർക്കണം ആറ്റിൽ നീന്താനിറങ്ങു ന്നത്!) ഇത്തരം കാര്യങ്ങൾ ഓർക്കാനും 'കൃഷിക്കാഴ്ച'യിൽ ഇടമുണ്ട്.

ഏഴാച്ചേരി രാമചന്ദ്രന്റെ അവതാ രിക, കാവാലം നാരായണപ്പണിക്കരുടെ പഠനം എന്നിവ അപൂർവ്വമായ ഈ കൃതിക്ക് സവിശേഷമായ ചാരുതയേ കുന്നു. ആവർത്തിക്കട്ടെ; കൃഷിയെക്കു റിച്ചു പഠിക്കുന്നവരും, കൃഷിയെക്കുറി ച്ചോർക്കുന്നവരും കൃഷി ചെയ്തിരുന്ന വരും മാത്രം വായിക്കേണ്ട ഒരു കൃതി യല്ല; അതൊരു വലിയ സംസ്ക്കാര ത്തിനു നേരേ പിടിച്ച കണ്ണാടിയാണ്. ■

# നെടുമങ്ങാട് നഗരസഭയിലെ ജനകീയ കുടിവെള്ള പദ്ധതി

**ജി. പത്മകുമാർ**

കേരളത്തിന്റെ തലസ്ഥാന നഗര മായ തിരുവനന്തപുരം കോർപ്പറേഷ നിൽനിന്നും 18 കി.മീ. അകലെ സ്ഥിതി ചെയ്യുന്ന ഇടത്തരം പട്ടണമാണ് നെടു മങ്ങാട്. 1978 ഏപ്രിൽ ഒന്നാം തീയതി യാണ് നഗരസഭ നിലവിൽ വന്നത്. പൊ ൻമുടി റിസോർട്ട് ഈ പട്ടണത്തിൽനിന്നും 32 കി.മീറ്റർ അകലെയും ആയുർവ്വേദ സസ്യങ്ങളുടെ ഈറ്റില്ലമായ അഗ സ്ത്യാർകൂടം ഈ നഗരത്തിൽ നിന്നും 50 കി.മീ അകലെയുമാണ്. ഐ. എസ്. ആർ.ഒയുടെ PSLV പ്രോജക്ട് സ്റ്റേഷൻ നഗരസഭാ അതിർത്തിയുള്ള വലിയമല യിലാണ് സ്ഥിതിചെയ്യുന്നത്. കൂടാതെ ISROയുടെ കീഴിലുള്ള ഇൻഡ്യൻ ഇൻ സ്റ്റിറ്റ്യൂട്ട് ഓഫ് സ്പെയിസ് ടെക്നോളജി (IIST) ഇപ്പോൾ ഈ നഗരത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്. സ്വകാര്യമേഖലയി ലുള്ള ഒരു മെഡിക്കൽകോളേജും ഈ നഗരത്തിൽ പ്രവ ർത്തിക്കുന്നു. യൂറോ പ്യൻ യൂണിയൻ സഹായത്തോടെ പ്രവ ർത്തിക്കുന്ന അന്താരാഷ്ട്ര അഗ്രിക്കൾച്ച റൽ ഹോൾസെയിൽ മാർക്കറ്റും നഗര ത്തിൽ പ്രവർത്തിക്കുന്നു. 2001,2002,2003 വർഷങ്ങളിൽ മികച്ചപ്രവർത്തനങ്ങൾക്ക് നഗരസഭകൾക്ക് ഏർപ്പെടുത്തിയിരുന്ന അവാർഡുകൾ നെടുമങ്ങാട് നഗരസഭ കരസ്ഥമാക്കിയിട്ടുണ്ട്.

കുന്നുകളും താഴ്വാരങ്ങളും കൊണ്ട് നിറഞ്ഞതാണ് ഈ പട്ടണം. പ്രധാന മായും കാർഷിക വൃത്തിയും പരമ്പരാ ഗത കൈത്തൊഴിലുകളുമായി ജീവി ക്കുന്ന ജനവിഭാഗങ്ങളാണ് കൂടുതലും. കുന്നുകളും താഴ്വാരവുമായി കിടക്കുന്ന പ്രദേശങ്ങളാകയാൽ കുന്നുംപ്രദേശങ്ങ







ളിൽ കുടിവെള്ളക്ഷാമം വേനൽകാലങ്ങ ളിൽ രൂക്ഷമാകാറുണ്ട്. ആയതിന് ഒരു പരിധിവരെ സഹായിക്കുക എന്ന ലക്ഷ്യ ത്തോടെയാണ് 2006–07 വാർഷിക പദ്ധ തിയിൽ കമ്മ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീം എന്ന പദ്ധതി നെടുമങ്ങാട് നഗ രസഭ നടപ്പാക്കിയത്.

## കരിങ്ങയിൻ വാട്ടർ സപ്ലൈ സ്കീം

നെടുമങ്ങാട് നഗരസഭയുടെ 17,10 വാർഡിൽ സ്ഥിതിചെയ്യുന്ന കോളനി യാണ് കരിങ്ങയിൻ. ആകെ 27.6 ഏക്കർ വിസ്തീർണ്ണം ഉണ്ട്. 220 കുടുംബങ്ങൾ ഈ കോളനിയിൽ അധിവസിക്കുന്നു. പട്ടികജാതി വിഭാഗക്കാർ ഏറെയുള്ള കോളനിയാണിത്. 2006 ലെ നഗരസഭാ സർവ്വേപ്രകാരം 819 പേർ ഈ കോളനി നിവാസികളായിട്ടുണ്ട്. ഈ കോളനി യിലെ 19 വീട്ടുകാർ സ്വന്തമായി കിണർ കുഴിച്ചിട്ടുണ്ട്. കുന്നിൻ മുകളിൽ ഉള്ള ഈ കോളനിയിൽ വേനൽകാലത്ത് ജല ദൗർലഭ്യത അനുഭവപ്പെട്ടിരുന്നു.

കുന്നിന്റെ താഴ്വാരത്തുള്ള പൊതു കിണറാണ് കമ്മ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീമിന്റെ ജല സ്രോതസ്സ്. താഴ്ന്ന പ്രദേശത്തുള്ള കിണറാകയാൽ വെള്ള ത്തിന് അധികക്ഷാമം നേരിടുന്നില്ല. നില വിലുണ്ടായിരുന്ന കിണർ വൃത്തിയാക്കി വലകളിട്ട് സമീപത്ത് പമ്പ്ഹൗസ് സ്ഥാപിച്ചു. 7 HP പമ്പ് ഉപയോഗിച്ച് കരിങ്ങകോളനിയിലെ ഉയർന്നഭാഗത്ത് 22 അടി ഉയരത്തിൽ പ്ലാറ്റ്ഫോം 5000 ലിറ്റർ ശേഷിയുള്ള ടാങ്കിൽ കിണ റിൽനിന്നും ജലം പമ്പ് ചെയ്തു കയറ്റി. കുന്നിൻമുകളിൽ 7 പൊതുടാപ്പുകൾ സ്ഥാപിച്ചാണ് ജലവിതരണം നടത്തു ന്നത്.

ഏകദേശം 70 കുടുംബങ്ങൾക്ക് ഈ ടാപ്പിൽനിന്നും ജലം ലഭിക്കുന്നു ഗുണ ഭോക്തൃ സമിതിയാണ് ജല വിതരണ ത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. റിപ്പ യറിംഗ് – പമ്പിംഗ് ജോലികൾ ഗുണ ഭോക്തൃ സമിതി ഏറ്റെടുത്തിരിക്കുന്നു. ഗുണഭോക്തൃസമിതിക്കും ബാങ്ക് അക്കൗണ്ട് ഉണ്ട്. രണ്ടു മാസത്തിൽ ഒരി ക്കൽ 10 രൂപ ഗുണഭോക്താക്കളിൽ നിന്നും സ്വരൂപിക്കുന്നു. 4500 രൂപ ഇപ്പോൾ ബാങ്ക് അക്കൗണ്ടിൽ ഉണ്ട്. ടാപ്പ് മാറ്റൽ, റിപ്പ യറിംഗ് ജോലികൾ നഗരസഭ തന്നെ നിർവ്വഹിക്കുന്നു.

ദിവസത്തിൽ ഒരു നിശ്ചിതസമയം രാവിലെയും വൈകിട്ടും 3 മണിക്കൂർ വീതം വെള്ളം ലഭ്യമാകത്തക്കരീതിയി ലാണ് പമ്പിംങ് നടത്തി വാൽവ് തുറന്നു കൊടുക്കുന്നത്. ഏകദേശം 400 രൂപ ഇലക്ട്രിസിറ്റി ചാർജ്ജ് വരുന്നുണ്ട്. ഈ സ്കീം നടപ്പിലാക്കുന്നതിനു മുമ്പ് ലോ റിയിലായിരുന്നു വേനൽകാലത്ത് കുടി വെള്ളം എത്തിച്ചിരുന്നത്. ഗുണഭോക്തൃ സമിതി ഏറ്റെടുത്തു നടത്തുന്നതിനാൽ ജനങ്ങൾ കൂടുതൽ ഉത്തരവാദിത്വം ഇക്കാര്യത്തിൽ കാണിക്കുന്നുണ്ട്. ജനോ പകാരപ്രദമായ ഈ സംരംഭം മറ്റ് നഗര സഭകൾക്കും മാതൃകയാക്കാവുന്നതാണ്. പദ്ധതി വിജയകരമായതോടെ IHSDP പദ്ധതിയിൽ പുതിയ ഒരു കുടിവെള്ള പദ്ധതിക്കുകൂടി നഗരസഭ രൂപം നൽകി യിട്ടുണ്ട്. ■

*ലേഖകൻ*
*നഗരസഭ സെക്രട്ടറിയാണ്*



READY FOR SALE...

SWAMY LAW SERIES

THE KERALA MUNICIPALITY BUILDING RULES, 1999

14th Edition 2009

EDITED BY
N. SUGATHAN
S. PRASANTH
Advocates, Ernakulam.

466 PAGES

PRICE RS. 250/-

CONTENTS OF THIS EDITION.....

*The KeralaMunicipality Building Rules, 1999 *Kerala Municipality Building Rules, 1999 - Extended to all Village Panchayats *Circular regarding application of K.M.B.Rules, 1999 to all Village Panchayats *കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണ സംവിധാനത്തിന്റെ വിശദീകരണകുറിപ്പും മാർഗ്ഗനിർദ്ദേശങ്ങളും *Floor Area Ratio [F.A.R.] *Important Circulars *Construction of Residential Building in Corporation of Kochi - Clarification - Order [Cancelled] *The Kerala Bldg. (Regularisation of Unauthorised Construction & Land Devlpt) Rules, 1999 *Exemption Orders issued before 7-11-2005 direction to Stop Works *Important Orders & Circulars of Ministry of Environment & Forests on Coastal Regulation Zone *UIDSM - Nodal Agency Designated *JNNURM Projects - Share of Local Self Govt. *UIDSSMT Scheme - State Level Sanctioning Committee *NUIS - State Level Co-ordination Committee *The Town Planning Act *The Kerala Municipality Act, 1994 (Extract from) *The Kerala Panchayat Raj Act, 1994 (Extract from) *General Town Planning Scheme for Trivandrum *The Structure Plan (General Town Planning Scheme) for Central City of Kochi *General Town Planning Scheme for Calicut Urban Area *Development Plan for Kottayam Town *Development Plan (Master Plan) for Quilon Town *The Environment (Protection) Act, 1986 *Land Utilization Order, 1967 *2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റ് *The Kerala Conservation of Paddy Land and Wetland Act, 2008 *2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ *സർക്കുലർ

LAW OF REGISTRATION OF BIRTHS, DEATHS & MARRIAGES

3RD EDITION 2009

378 PAGES

PRICE RS. 250/-

Edited by
S. SANTHOSH KUMAR
ADVOCATE, ERNAKULAM.

CORRECTION OF DATE OF BIRTHS | CHANGE OF NAME, RELIGION AND COMMUNITY | ISSUE OF NON-CREAMY LAYER & COMMUNITY CERTIFICATES

CONTENTS OF THE BOOK

**REGISTRATION OF BIRTHS & DEATHS** : *THE REGISTRATION OF BIRTHS AND DEATHS ACT, 1969 & KERALA RULES *ALL NOTIFICATIONS & CIRCULARS **REGISTRATION OF MARRIAGES :** *KERALA REGISTRATION OF MARRIAGES (COMMON) RULES, 2008 [ENG. & MALA.] *DEPARTMENT CIRCULARS *SPECIAL MARRIAGE ACT [Relevant Provisions] & KERALA RULES *HINDU MARRIAGE ACT [Relevant Provisions] *KERALA HINDU MARRIAGE REGISTRATION RULES *INDIAN CHRISTIAN MARRIAGE ACT *COCHIN CHRISTIAN CIVIL MARRIAGE ACT *BIRTHS, DEATHS & MARRIAGES REGISTRATION ACT **CORRECTION OF DATE OF BIRTH IN SERVICE BOOKS & SCHOOL RECORDS // CHANGE OF NAME, RELIGION AND COMMUNITY ISSUE OF NON-CREAMY LAYER & COMMUNITY CERTIFICATES** *GUIDELINES TO IDENTIFY THE CREAMY LAYER AMONG THE BACKWARD CLASSES IN KERALA *AMENDMENTS TO CREAMY LAYER GUIDELINES *REVISION OF INCOME CRITERIA FOR CREAMY LAYER BY CENTRAL GOVT. *CASTE STATUS OF CHILDREN OF INTER CASTE MARRIED COUPLES *VALIDITY PERIOD OF CERTIFICATES AND APPLICATION FORMS *THE KERALA (SC&ST) REGULATION OF ISSUE OF COMMUNITY CERTIFICATES ACT & RULES *ALL NOTIFICATIONS & CIRCULARS *NOTES *SUBJECT INDEX

SO AS TO GET THE BOOK: PLEASE SEND BOOK PRICE ONLY BY M.O. OR DD IN FAVOUR OF 'SWAMY LAW HOUSE, ERNAKULAM'. BOOK WILL BE DESPATCH BY COURIER. PLEASE MENTION YOUR ADDRESS WITH TELE. NO. FOR COURIER PURPOSE. ALSO, WE SEND BOOKS BY VPP. (POSTAGE CHARGE FREE)

DISTRIBUTORS

SWAMY LAW HOUSE
LAW BOOK SELLERS AND PUBLISHERS
Email : swamylawhouse@asianetindia.com
swamylawpublishers@asianetindia.com

Doraiswamy Iyer Road, (Opp. Raymonds, M.G. Road) ERNAKULAM - 35 Phone : 2361341, 2366285.
Fax : 2366285. Mob : 94460 46285.
Branch : Ist Floor, Carmel Centre, Banerjee Road, ERNAKULAM - 18. Ph : 2398104. Mob : 94460 61341.



# കണ്ണൂരിന്റെ നെല്ലറയെ വീണ്ടെടുത്ത കാട്ടാമ്പള്ളി കൂട്ടായ്മ

എ.വി. പ്രകാശൻ നടുവിൽ

> കാളയും കലപ്പയും കർഷകനും ഇല്ലാതായാൽ ഭൂമി മരുഭൂമിയാവുമെന്ന തിരിച്ചറിവാണ് കാട്ടാമ്പള്ളി പ്രദേശത്തെ കൃഷിക്കാരെയും ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരെയും, സാമൂഹ്യപ്രവർത്തകരെയും കാട്ടാമ്പള്ളി കാർഷിക കൂട്ടായ്മയ്ക്ക് പ്രേരിപ്പിച്ചത്. ഉൽസവച്ഛായയിൽ കർഷകരും, കർഷകത്തൊഴിലാളികളും അധ്വാനത്തിന്റെ പുത്തൻഗാഥ രചിച്ചപ്പോൾ, മണ്ണിനെയും, പ്രകൃതിയെയും, കൃഷിയെയും സ്നേഹിക്കുന്ന ആബാലവൃദ്ധം ജനങ്ങളും ഉത്സവലഹരിയിലായി.

നാൽപ്പത്തിമൂന്നുവർഷം വന്ധ്യതയിലാണ്ടുപോയ കാട്ടാമ്പള്ളി കൈപ്പാട്ടുനിലങ്ങളിൽ ആയിരക്കണക്കിനു നെൻമണി വിത്തുകൾ മുളപ്പൊട്ടി തളിരോലകൾ വീശുമ്പോൾ അതു കാർഷിക നന്മയുടെ പുതിയ തുടക്കമാവുകയാണ്. വളപട്ടണം പുഴയുടെ തീര പ്രദേശങ്ങളായ പുഴാതി, കുറ്റ്യാട്ടൂർ, നാറാത്ത്, കൊളച്ചേരി, ചേലോറ, മുണ്ടേരി, എളിയാവൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന മൂവായിരം ഏക്കർവരുന്ന കൈപ്പാടുനിലങ്ങൾ കഴിഞ്ഞ നാൽപത്തിമൂന്നു വർഷമായി തരിശായി കിടക്കുകയായിരുന്നു. ഉപ്പുവെള്ളം കയറുന്നതു തടയുന്നതിനായി നാൽപത്തിമൂന്നുവർഷത്തിനു മുമ്പേ കാട്ടാമ്പള്ളി പദ്ധതിയുടെ ഷട്ടറുകൾ വീണതോടെയാണ് കണ്ണൂരിന്റെ നെല്ലറയായിരുന്ന കാട്ടാമ്പള്ളി കൈപ്പാടു നിലങ്ങളിൽ നെൽകൃഷി അന്യമായത്.

അറയ്ക്കൽ, ചിറയ്ക്കൽ, മുഴുപ്പിലങ്ങാട് ദേവസ്വം കുടിയാന്മാരാണ് അരനൂറ്റാണ്ട് മുമ്പ് ഇവിടെ കൃഷിയിറക്കിയിരുന്നത്. പുതുമഴ പെയ്താൽ ഓർക്കയമയും, കുതിരും, വൈത്തിലയും ചൊവ്വേരിയനും (കൈപ്പാടു നിലത്തിനു അനുയോജ്യമായ നാടൻ നെൽവിത്തുകൾ) കൈപ്പാടുനിലങ്ങളിൽ വിതയ്ക്കും. മുണ്ടകൻ വിത്തും ചിലർ കൃഷിചെയ്തിരുന്നു. കർക്കടകം പതിനാറിനു ശേഷം ഞാറു പിഴുതെടുത്തു നാട്ടി നടും.

കാളയും കലപ്പയും കർഷകനും ഇല്ലാതായാൽ ഭൂമി മരുഭൂമിയാവുമെന്ന തിരിച്ചറിവാണ് കാട്ടാമ്പള്ളി പ്രദേശത്തെ കൃഷിക്കാരെയും ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരെയും, സാമൂഹ്യപ്രവർത്തകരെയും കാട്ടാമ്പള്ളി കാർഷിക കൂട്ടായ്മയ്ക്ക് പ്രേരിപ്പിച്ചത്. ഉൽസവച്ഛായയിൽ കർഷകരും, കർഷകത്തൊഴിലാളികളും അധ്വാനത്തിന്റെ പുത്തൻഗാഥ രചിച്ചപ്പോൾ, മണ്ണിനെയും, പ്രകൃതിയെയും, കൃഷിയെയും സ്നേഹിക്കുന്ന ആബാലവൃദ്ധം ജനങ്ങളും ഉത്സവലഹരിയിലായി. കണ്ണൂർ ജില്ലാപഞ്ചായത്ത്, പുഴാതി, നാറാത്ത്, കൊളച്ചേരി, കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തുകളും, കൃഷിവ





കുപ്പും സർവ്വപിന്തുണയുമായി രംഗ ത്തുണ്ട്. പുഴാതി ഗ്രാമ പഞ്ചായത്തിലെ ഞാറുനടീൽ ഉത്സവത്തോടനുബന്ധിച്ച് പാൽ പ്പായസം വിതരണം ചെയ്തു. നാറാത്ത് 200 ഏക്കറും, കുറ്റ്യാട്ടൂർ 20 ഏക്കറും, ഏളയാവൂരിൽ 15 ഏക്കറും കൃഷിയിടം ഉൾക്കൊള്ളുന്നതാണ്. ഇപ്പോ ഴത്തെ കാട്ടാമ്പള്ളി കൈപ്പാട് മൂവായിരം ഏക്കർ കൃഷിയിടം ഉണ്ടായിരുന്നത് ഇപ്പോൾ 600 ഏക്കറായി ചുരുങ്ങി.

> കാർഷികവൃത്തിയും, ഞാറ്റുപാട്ടിന്റെ ഈണവും മറന്നുപോയ നെൽച്ചെടിയും, നെൽക്കതിരും കാണാത്ത പുത്തൻ തലമുറ കാട്ടാമ്പള്ളി നെൽകൃഷി പുനർജ്ജീവനത്തിൽ ആവേശ പൂർവ്വം പങ്കെടുത്തത് പുതിയ തുടക്കത്തിന്റെ നാമ്പിടലാവുന്നു.

കർക്കിടകം പതിനാറാം നാളിൽ മഴ ക്കോള് പെയ്തിറങ്ങുമ്പോൾ കോലത്തു നാടിന്റെ പഴയ നെല്ലറയെ വീണ്ടെടുക്കു ന്നതിന് യത്നിക്കുന്ന പഴയ കർഷകനും തറവാട്ടുകാരണവരുമായ കെ. കുഞ്ഞി മാമു മാസ്റ്റർ തന്റെ കുടുംബാംഗങ്ങളെ ചേറിലിറക്കി കാർഷിക നന്മയുടെ പുത്തൻപാഠം പഠിപ്പിക്കുകയാണ്. നാൽ പ്പത്തിമൂന്നുവർഷമായി തരിശായി കിടന്ന കാട്ടാമ്പള്ളിയിലെ മൂവായിരം ഏക്കർ കൃഷിയോഗ്യമാക്കാനുള്ള പദ്ധതിക്കു വേണ്ടി നിരന്തരം യത്നിച്ച പരേതനായ മാടക്കണ്ടിമൂസയുടെ മകനായ കുഞ്ഞി മാമുമാസ്റ്റർ തന്റെ കുടുംബാംഗങ്ങളെ മുഴുവൻ പാടത്തിറക്കി കൃഷിചെയ്തത് ഒമ്പത് ഏക്കറിലാണ്. 30 അംഗങ്ങൾ അടങ്ങുന്ന തന്റെ കുടുംബത്തിലെ പേര ക്കുട്ടികളോടൊപ്പം മക്കളായ അഷറഫ് എന്നിവരും കാർഷിക യത്നത്തിൽ പങ്കെടുത്തു. കാട്ടാമ്പള്ളി പാടശേഖര കമ്മിറ്റി കൺവീനറായ എ.കെ. മാധ വൻ, റെയിൽവേയിൽ നിന്നും റിട്ടയർ ചെയ്തയാളാണ്. എക്സ് മിലിട്ടറിക്കാര നായ നളിനൻ, വ്യവസായവകുപ്പിൽ നിന്നും വിരമിച്ച മഹമൂദ് എന്നിവരെല്ലാം മണ്ണിനെയും, കൃഷിയെയും മറന്നുപോ വാതെ ഊർജ്ജ്വസ്വലരായി രംഗത്തുണ്ട്.

കാട്ടാമ്പള്ളി നെൽകൃഷി വികസന ത്തിനായി രൂപീകരിച്ച തൊഴിൽ സേന യിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക ളാണ് ഞാറു നടീലിനു രംഗത്തുള്ളത്. എല്ലാ തൊഴിലാളികൾക്കും പ്രത്യേകം യൂണിഫോം നൽകിയിരുന്നു. പുതിയ തലമുറയെ കൃഷിയിലേയ്ക്ക് ആകർ ഷി ക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് തൊഴിൽസേന. അരനൂറ്റാണ്ടിനു മുമ്പേ കർഷകതറവാടുകൾ നിറഞ്ഞിരുന്ന കാട്ടാമ്പള്ളി പുഴയോരത്തു പക്ഷേ ഇന്നു കർഷകരില്ല. കാർഷികവൃത്തിയും, ഞാറ്റു പാട്ടിന്റെ ഈണവും മറന്നുപോയ നെൽച്ചെടിയും, നെൽക്കതിരും കാണാ ത്ത പുത്തൻ തലമുറ കാട്ടാമ്പള്ളി നെൽകൃഷി പുനരുജ്ജീവനത്തിൽ ആവേ ശപൂർവ്വം പങ്കെടുത്തത് പുതിയ തുടക്ക ത്തിന്റെ നാമ്പിടലാവുന്നു. പുതിയ വിത്തുകൾ നൽകിയും, ആശ്വാസ പദ്ധ തികൾ പ്രഖ്യാപിച്ചും വിവിധ തദ്ദേശസ്വ യംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വന്നത് നാട്ടുകാരിൽ പ്രതീക്ഷയുണർ ത്തുന്നു. പുതിയ തലമുറയെ കാർഷിക നന്മയുടെ അനുഭവം ബോധ്യപ്പെടു ത്താൻ കഴിയുമെന്ന് പ്രത്യാശിക്കാം. ■

*ലേഖകൻ കണ്ണൂർ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിൽ ജൂനിയർ സൂപ്രണ്ടാണ്*







# കുടുംബശ്രീയുടെ ഹരിതശ്രീ

നഗരവാസികൾക്ക് കേരളത്തിന്റെ മണ്ണിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി ലഭ്യ മാക്കുക എന്ന ഉദ്ദേശത്തോടെ കുടും ബശ്രീ നടപ്പാക്കുന്ന ഹരിതശ്രീഫ്രഷ് പദ്ധതിക്ക് തിരുവനന്തപുരത്ത് തുടക്ക മായി. ഓണത്തിന് തലസ്ഥാനനഗരിയിൽ കുടുംബശ്രീ സംരംഭകർ ഹരിതശ്രീയുടെ പച്ചക്കറികൾ എത്തിച്ചു. ഓണക്കാലത്ത് 70000 രൂപയുടെ പച്ചക്കറിയാണ് ഹരിത ശ്രീ സംരംഭകർ വിറ്റത്.

നഗരത്തിനോടു ചേർന്നുകിടക്കുന്ന 46 പഞ്ചായത്തുകളിലെ കുടുംബശ്രീ വനിതകൾ ഉല്പാദിപ്പിക്കുന്ന നാടൻ പച്ചക്കറികൾ 'ഹരിതശ്രീ ഫ്രഷ്' എന്ന പേരിൽ നഗരത്തിന്റെ വിവിധ കേന്ദ്ര ങ്ങളിൽ ലോറികളിലെത്തിച്ചാണ് വില് പന നടത്തുന്നത്. യൂണിഫോമണിഞ്ഞ കുടുംബശ്രീ മാർക്കറ്റിംഗ് ഗ്രൂപ്പുകളാണ് പച്ചക്കറിയുമായി നഗരത്തിലെത്തു ന്നത്. 23 ഇനം പച്ചക്കറികൾ വിൽക്കു ന്നതിനായി സ്ഥിരം വില്പനകേന്ദ്രവും പട്ടം ജില്ലാപഞ്ചായത്ത് ഓഫീസിൽ തുടങ്ങി. രാസവളത്തിന്റെയും കീടനാ ശിനിയുടെയും ഭീഷണിയില്ലാത്ത ഹരിതശ്രീഫ്രഷിന് വൻ ഡിമാന്റാണ്.

ഹരിതശ്രീയുടെ വിപണന ഉദ്ഘാ ടനം ജില്ലാ പഞ്ചായത്ത് അങ്കണത്തിൽ ചിങ്ങം 1ന് (17-08-2009) ജില്ലാ പഞ്ചാ യത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ നിർവഹിച്ചു. കുടുംബശ്രീ മിഷൻ എക് സിക്യൂട്ടീവ് ഡയറക്ടർ ശാരദ മുരളീധരൻ ഐ എ എസ് ആണ് ആദ്യ വില്പന നടത്തിയത്. ഒരു ഗ്രൂപ്പിന് 1 ലക്ഷം രൂപ വീതം 8 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടമെന്ന നില യ്ക്ക് 15 പഞ്ചായത്തുകളിലായി 84 ഹെക്ടർ സ്ഥലത്ത് 411 ആക്ടിവിറ്റി ഗ്രൂപ്പുകൾ കൃഷി ആരംഭിച്ചു. എല്ലാ സീസണിലും നിത്യേന പച്ചക്കറി മാർ ക്കറ്റിലെത്തിക്കത്തക്ക രീതിയിലാണ് കൃഷി ക്രമീകരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതി ക്ക് മുതൽക്കൂട്ടായിക്കൊണ്ട് ദിവസേന 40 ടൺ പച്ചക്കറി നഗരത്തിലെത്തിക്കു കയാണ് ലക്ഷ്യം. പതിനായിരം സ്ത്രീ കൾ സംരംഭകരാകുന്ന പദ്ധതി പ്രകാരം 46 പഞ്ചായത്തുകളിലായി 360 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതോ ടെ നഗരത്തിലേയ്ക്കാവശ്യമായ പച്ച ക്കറിയുടെ 50% ഉല്പാദിപ്പിക്കാനാവു മെന്നാണ് കണക്കുകൂട്ടുന്നത്. റെസിഡ ൻസ് അസോസിയേഷനുകളുടെയും പ്രത്യേക പരിശീലനം നേടിയ സസ്യ സംരക്ഷണ സ്ക്വാഡിന്റെയും മേൽ നോട്ടത്തിലാണ് കൃഷിയും വിപണ നവും.

12 കോടിയുടെ വില്പന നടത്തിയ ഓണച്ചന്തകളിൽ 30% പച്ചക്കറി ഉല്പ ന്നങ്ങളായിരുന്നു. പച്ചക്കറിയുടെ വർധി ച്ചുവരുന്ന ഡിമാന്റ് കണക്കിലെടുത്ത് സംഘക്കൃഷി വ്യാപകമാക്കാനാണ് കുടുംബശ്രീ ഉദ്ദേശിക്കുന്നത്. കേരള ത്തിലെ നഗരവാസികൾ പച്ചക്കറിക്ക് പൂർണമായും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നവരാണ്. അതുകൊണ്ടു തന്നെ തീപിടിച്ച വില താങ്ങേണ്ടതായും വരുന്നു. ഈ സ്ഥിതിവിശേഷം മുന്നിൽ കണ്ടുകൊണ്ടാണ് ഹരിതശ്രീഫ്രഷ് എന്ന പരിപാടി തുടങ്ങിയിട്ടുള്ളത്. കേരള ഗവർണറും ഭാര്യയും മുൻകൈയ്യെടുത്ത് കുടുംബശ്രീ അംഗങ്ങളെക്കൊണ്ട് രാജ് ഭവൻ കോമ്പൗണ്ടിലെ 5 ഏക്കർ സ്ഥലത്ത് നടത്തിവരുന്ന പച്ചക്കറി ക്കൃഷിയും ഹരിതശ്രീ ഫ്രഷിനോടൊ പ്പം വില്പനയ് ക്കെത്തി ക്കുന്നുണ്ട്.

> നഗരത്തിനോടു ചേർന്നുകിടക്കുന്ന 46 പഞ്ചായത്തുകളിലെ കുടുംബശ്രീ വനിതകൾ ഉല്പാദിപ്പിക്കുന്ന നാടൻ പച്ചക്കറികൾ 'ഹരിതശ്രീ ഫ്രഷ്' എന്ന പേരിൽ നഗരത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ലോറികളിലെത്തിച്ചാണ് വില് പന നടത്തുന്നത്.

കേരളത്തിലെ എല്ലാ നഗരപ്രദേശ ങ്ങളിലും നടപ്പാക്കാവുന്നതും നടപ്പാ ക്കേണ്ടതുമായ ഒരു മാതൃകാ കാർഷിക പദ്ധതിയാണ് ഹരിതശ്രീഫ്രഷ്. തരിശു ഭൂമികൾ തളിരിടുന്ന ഈ കാർഷിക വിപ്ലവത്തിന് കുടുംബശ്രീ വനിതക ളുടെ ഉൽസാഹനിർഭരമായ പങ്കാളിത്തം കൂടിയാകുമ്പോൾ കേരളത്തിന്റെ പൊയ് പോയ കാർഷികസംസ്കാരത്തെ തിരി ച്ചുപിടിക്കാൻ ഇത്തരം പദ്ധതികൾ ക്കാവുമെന്നുറപ്പാണ്. ■



**ജെസി നാരായണൻ**

*ലേഖിക കുടുംബശ്രീ മിഷനിൽ അസിസ്റ്റന്റ് എഡിറ്ററാണ്*

# വാർത്തകളും വിശേഷങ്ങളും

## ഹോട്ടലുകളിൽ ടോയ്‌ലറ്റ് സൗകര്യം : മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

സംസ്ഥാനത്ത് ഇരുപതിലധികം ഇരിപ്പിടങ്ങളുള്ള എല്ലാ ഹോട്ടലുകളും റസ്റ്റോറന്റുകളും പൊതുജനങ്ങൾക്കായി ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചു. ഇതോടൊപ്പം ഇത് സംബന്ധിച്ച് നേരത്തെ പുറപ്പെടുവിച്ചിരുന്ന സർക്കുലറിലെ മാർഗ്ഗ നിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തരമായി നടപ്പാക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടു. പൊതുജനങ്ങൾ സാധാരണയായി ഉപയോഗിക്കുന്ന ഹോട്ടലുകൾ, ബസ്സ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ പലതിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ല. പൊതു കുളിമുറികളും ടോയ്‌ലറ്റുകളും വൃത്തിയായി സൂക്ഷിക്കാൻ നടപടിയെടുക്കുന്നില്ല. ഇവ സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഇത് സംബന്ധിച്ച് സർക്കാർ മുമ്പ് പുറപ്പെടുവിച്ച സർക്കുലറിൽ ഇരിപ്പിടങ്ങളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലാണ് പുതിയ മാർഗ്ഗ നിർദ്ദേശം. നിലവിലുള്ള കെട്ടിടങ്ങളിൽ ആവശ്യമായ ടോയ്‌ലറ്റ്, ബാത്ത്റൂം, യൂറിനൽ സംവിധാനം നൽകിയിട്ടുണ്ടോ എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനസെക്രട്ടറി ഉറപ്പു വരുത്തേണ്ടതും അല്ലാത്തപക്ഷം അവ മൂന്നു മാസത്തിനകം നിർമ്മിക്കാൻ നോട്ടീസ് നൽകണമെന്നും മുൻ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള സംവിധാനങ്ങൾ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനനടപടി സ്വീകരിക്കാനും നിലവിൽ ഉള്ള സംവിധാനങ്ങളിൽ വെള്ളം, വെളിച്ചം, ആവശ്യസാധനങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പ് വരുത്താനും നടപടി സ്വീകരിക്കണം. സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം മൂത്രപ്പുര, പൊതു ടോയ്‌ലറ്റിന്റെ സ്ഥാനം വ്യക്തമാക്കാൻ ബോർഡ്, വികലാംഗർക്ക് കൂടി ടോയ്‌ലറ്റ് ഉപയോഗിക്കാൻ സുഗമമായ വഴിയും ക്രമീകരണങ്ങളും തുടങ്ങി 14 നിർദ്ദേശങ്ങളാണ് മുമ്പ് പുറപ്പെടുവിച്ച സർക്കുലറിലുള്ളത്.

## വിമുക്തഭടന്മാരുടെ വീടിന് നികുതി ഒഴിവ് : മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

വിമുക്തഭടനോ ഭാര്യയോ താമസിക്കുന്ന സ്വന്തംപേരിലുള്ള ഒരു വീടിനെ തറവിസ്തീർണ്ണം കണക്കാക്കാതെ നികുതിയിൽനിന്നും ഒഴിവാക്കുമെന്ന് സർക്കാർ വിശദീകരണം പുറപ്പെടുവിച്ചു. 2000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകളെ നികുതി ഒഴിവിന് പരിഗണിക്കുന്നില്ല എന്ന പരാതി ലഭിച്ചതിനാലാണിത്. വീട് മറ്റാരുടെയെങ്കിലും ഉടമസ്ഥതയിലാണെങ്കിൽ നികുതി ഒഴിവ് ലഭിക്കില്ല. ഇതിനായി അപേക്ഷയോടൊപ്പം മറ്റൊരു കെട്ടിടത്തിനും ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്ന സത്യവാങ്മൂലവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കണം.

## പരിഷ്കരിച്ച വസ്തു നികുതി: അധികതുക അഡ്ജസ്റ്റ് ചെയ്യും

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിഷ്കരിച്ച വസ്തുനികുതി നിരക്കിൽ ഈടാക്കിയ അധികതുക (പഴയ നിരക്കിനേക്കാൾ അധികം ഈടാക്കിയത്) വരും വർഷത്തേയ്ക്ക് കൃത്യതയോടെയും തർക്കങ്ങൾ ഒഴിവാകത്തക്ക രീതിയിലും അഡ്ജസ്റ്റ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായി.


## ഭാരത രത്ന രാജീവ്ഗാന്ധി ബെസ്റ്റ് പഞ്ചായത്ത് പ്രസിഡന്റ് അവാർഡ് കെ. നാരായണന്




അക്കാദമി ഓഫ് ഗ്രാസ്റൂട്ട് സ്റ്റഡീസ് ആന്റ് റിസർച്ച് ഇന്ത്യ രാജീവ് റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷന്റെ ഭാരത രത്ന രാജീവ് ഗാന്ധി ബെസ്റ്റ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് -2009 അവാർഡ് കണ്ണൂർ കരിവെള്ളൂർ- പെരളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റുമായ കെ. നാരായണന് ലഭിച്ചു. തിരുപ്പതിയിൽ ആഗസ്റ്റ് 20 ന് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഐ.എസ്.ആർ.ഒ. ചെയർമാൻ പത്മവിഭൂഷൺ ഡോ. ജി മാധവൻ നായർ അവാർഡ് സമ്മാനിച്ചു. ആന്ധ്രപ്രദേശ് മുൻ നിയമസഭാസ്പീക്കർ ഡോ. അഗരാജ ഈശ്വർ റെഡ്ഡി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. ഡി. സുന്ദർറാം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

കഴിഞ്ഞ എട്ടര വർഷക്കാലമായി കരിവെള്ളൂർ-പെരളം പഞ്ചായത്തിന്റെ പ്രസിഡന്റായി നാരായണൻ പ്രവർത്തിച്ചു വരുന്നു. താരതമ്യേന വരുമാനം കുറഞ്ഞ പഞ്ചായത്ത് ആയിരുന്നിട്ടും മികച്ച ഭരണം കാഴ്ചവയ്ക്കുവാനും മാതൃകാപരമായ നിരവധി പദ്ധതികൾ നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വപഞ്ചായത്തിനുള്ള രാഷ്ട്രപതിയുടെ നിർമ്മൽഗ്രാം പുരസ്കാരം കരിവെള്ളൂരിന് ലഭിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നും അവാർഡിന് അർഹമായ ഗ്രാമപഞ്ചായത്തുകളെ ആകെ പ്രതിനിധീകരിച്ച് ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്നും നാരായണൻ പുരസ്കാരം ഏറ്റുവാങ്ങിയിട്ടുണ്ട്.

Edited and Published by Dr. V.M. Gopala Menon IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.




ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി




# പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**